# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2021 നവംബർ 11 | ദീപം 54 | നാളം 32 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org


# ഫ്രാൻസിസ് മാർപാപ്പായുടെ വരവ് സമാധാനത്തിനുള്ള സന്ദേശമാകും



**ജോർജ് കള്ളിവയലിൽ**



‘ഐ ലവ് ഇന്ത്യ. ഇന്ത്യയിലേക്കു വരാൻ ആഗ്രഹിക്കുന്നു. അതുണ്ടാകുമെന്നാണു പ്രതീക്ഷ. ദൈവത്തിന്റെ പദ്ധതിക്കനുസരിച്ച് ഇന്ത്യാസന്ദർശനം യാഥാർത്ഥ്യമാകട്ടെ' ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകളാണിത്. 2017 നവംബർ, ഡിസംബർ മാസങ്ങളിലായി നടത്തിയ ഒരാഴ്ച നീണ്ട മ്യാൻമർ, ബംഗ്ലാദേശ് പര്യടനത്തിനുശേഷം റോമിലേക്കു മടങ്ങുന്നതിനിടെ മാർപാപ്പയുടെ പ്രത്യേക പേപ്പൽ വിമാനത്തിൽ വച്ച് ഈ ലേഖകനോടു പറഞ്ഞതാണിത്.

ഇന്ത്യയിലും ബംഗ്ലാദേശിലും വരാനായിരുന്നു അന്ന് ആഗ്രഹിച്ചതെന്നു പാപ്പാ വിശദീകരിച്ചു. സാങ്കേതികമായ ചില കാരണങ്ങൾകൊണ്ട് ഇന്ത്യാസന്ദർശനം നീണ്ടു. അതിനാലാണ് മ്യാൻമർ തിരഞ്ഞെടുത്തത്. പക്ഷേ, ഇന്ത്യയിലേക്കു വരണമെന്നതു ദൈവഹിതമാണെന്നു തോന്നിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇറ്റലിയിൽനിന്നു മ്യാൻമറിലേക്കും ബംഗ്ലാദേശിലേക്കും പാപ്പാ നടത്തിയ ചരിത്രയാത്രയ്ക്കായി രണ്ടുതവണ ഇന്ത്യയ്ക്കു മുകളിലൂടെയായിരുന്നു വിമാനം പറന്നത്.

ബിബിസി, സിഎൻഎൻ, റോയിട്ടേഴ്സ്, ന്യൂയോർക്ക് ടൈംസ് അടക്കമുള്ള വിദേശമാധ്യമങ്ങളിലെ മുതിർന്ന പത്രപ്രവർത്തകർ അടക്കമുള്ള, മാർപാപ്പയെ അനുഗമിച്ച 75 അംഗ മാധ്യമസംഘത്തിൽ ദീപികയെ പ്രതിനിധീകരിക്കാൻ ലഭിച്ചത് അപൂർവഭാഗ്യമായിരുന്നു. സംഘത്തിലെ, ഇന്ത്യയിൽ നിന്നുള്ള ഏക അംഗമായിരുന്നു.

ഒരാഴ്ച ഒപ്പം സഞ്ചരിക്കുകയും പരിപാടികളിൽ പങ്കെടുക്കുകയും ചെയ്തപ്പോഴാണ് ഫ്രാൻസിസ് പാപ്പായിലെ കരുണയും സ്നേഹവുമുള്ള മനുഷ്യനെ അടുത്തറിഞ്ഞത്. ജെസ്യൂട്ട് വൈദികനായിരിക്കേ കിട്ടിയ പരിശീലനവും യഥാർത്ഥ ക്രൈസ്തവ ദർശനങ്ങളുമാണ് നന്മയ്ക്കും സമാധാനത്തിനുംവേണ്ടിയുള്ള പോരാട്ടങ്ങൾക്കു ഫ്രാൻസിസ് പാപ്പായെ ഒരുക്കിയത്. മാർപാപ്പായെ നേരിൽക്കാണാൻ ഇന്ത്യയിലെ കത്തോലിക്കാവിശ്വാസികളും ഇതരക്രൈസ്തവരും ഇതരമതസ്ഥരും വർഷങ്ങളോളം നടത്തിയ കാത്തിരിപ്പിനാണു പ്രതീക്ഷയുടെ ചിറകു മുളച്ചത്.

> **മതത്തിന്റെ പേരിലുള്ള വിവേചനങ്ങളും അക്രമങ്ങളും പരിപൂർണമായി ഇല്ലാതായാലേ രാജ്യത്തിനും ലോകത്തിനും പുരോഗതിയും സമാധാനവും കൈവരൂ. ആഗോളസമാധാനത്തിനും മനുഷ്യാവകാശങ്ങൾക്കും പാവങ്ങളുടെയും അശരണരുടെയും പരിചരണത്തിനുംവേണ്ടിയുള്ള പാപ്പായുടെ ഉറച്ച നിലപാടുകൾക്ക് ഇന്ത്യയിലും അംഗീകാരവും ആദരവും ലഭിക്കും.**

## മതസ്പർധ ഇല്ലാതാകട്ടെ

ഫ്രാൻസിസ് മാർപാപ്പയുടെ ഇന്ത്യാസന്ദർശനത്തിനു വലിയ പ്രാധാന്യവും സന്ദേശവുമുണ്ട്. മറ്റേതെങ്കിലും ആത്മീയ നേതാവിന്റെയോ, രാഷ്ട്രത്തലവന്റെയോ സന്ദർശനംപോലെയാകില്ലത്. എല്ലാ മതങ്ങളും പരസ്പരം ബഹുമാനിക്കാനും സഹകരിക്കാനും സഹായിക്കാനുംവേണ്ടിയാകണമെന്ന വലിയ സന്ദേശമാകും മുഖ്യം. മതസ്പർധ ഇല്ലാതാക്കാനുള്ള പാപ്പായുടെ ശ്രമങ്ങളും ഫലം കാണാതിരിക്കില്ല.

മതത്തിന്റെ പേരിലുള്ള വിവേചനങ്ങളും അക്രമങ്ങളും പരിപൂർണമായി ഇല്ലാതായാലേ രാജ്യത്തിനും ലോകത്തിനും പുരോഗതിയും സമാധാനവും കൈവരൂ. ആഗോളസമാധാനത്തിനും മനുഷ്യാവകാശങ്ങൾക്കും പാവങ്ങളുടെയും അശരണരുടെയും പരിചരണത്തിനുംവേണ്ടിയുള്ള പാപ്പായുടെ ഉറച്ച നിലപാടുകൾക്ക് ഇന്ത്യയിലും അംഗീകാരവും ആദരവും ലഭിക്കും.

▶ 5




# നമ്മുടെ പൊതുഭവനത്തിന്റെ സംരക്ഷണം

സെർജി ആന്റണി

**ലോ**കത്തിലെ പ്രബലരാജ്യങ്ങളുടെ ഭരണാധികാരികൾ പങ്കെടുത്ത ജി 20 ഉച്ചകോടിയും കാലാവസ്ഥാവ്യതിയാനം സംബന്ധിച്ച പ്രതിസന്ധികൾ ചർച്ച ചെയ്യുന്നതിനും പരിഹാരമാർഗങ്ങൾ കണ്ടെത്തുന്നതിനും ഇരുന്നൂറോളം രാഷ്ട്രനേതാക്കൾ പങ്കെടുത്ത ഗ്ലാസ്ഗോ കാലാവസ്ഥാ ഉച്ചകോടിയും ലോകത്തിനു പ്രത്യാശ പകരുന്നുവോ?

കാലാവസ്ഥാവ്യതിയാനം ലോകത്തിന്റെ നിലനില്പുതന്നെ അപകടത്തിലാക്കിയിട്ടുണ്ട്. അതിനൊരു പരിഹാരം കണ്ടെത്തേണ്ടത് നിലവിലെ രാഷ്ട്രനേതാക്കളുടെ കടമയാണ്. അതിനവർ ചില നല്ല ശ്രമങ്ങൾ നടത്തുന്നുണ്ട്. കാലാവസ്ഥാവ്യതിയാനംമൂലം കാർഷികമേഖലയിൽ നേരിടുന്ന കനത്ത വെല്ലുവിളികൾ പ്രധാനമന്ത്രി നരേന്ദ്രമോദി സ്കോട്ലൻഡിലെ ഗ്ലാസ്ഗോ ഉച്ചകോടിയിൽ ചൂണ്ടിക്കാട്ടി. മാനവരാശിയുടെ നിലനില്പ് ആഗ്രഹിക്കുന്നവർ കാലാവസ്ഥാവ്യതിയാനം മൂലമുള്ള പ്രതിസന്ധി നേരിടാൻ അടിയന്തരനടപടികൾക്കു തയാറാവണമെന്നായിരുന്നു അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡന്റെ ആഹ്വാനം. ഡോണൾഡ് ട്രംപ് യുഎസ് പ്രസിഡന്റായിരുന്ന കാലത്ത് പാരീസ് ഉടമ്പടിയിൽനിന്നു പിന്മാറിയതു തെറ്റായിപ്പോയെന്നും ബൈഡൻ സമ്മതിച്ചു. ഒരു പതിറ്റാണ്ടിനുള്ളിൽ ലോകത്തുണ്ടായ കാലാവസ്ഥാവ്യതിയാനം ജനസംഖ്യയുടെ പകുതിയിലേറെപ്പേരെ നേരിട്ടു ബാധിച്ചിട്ടുണ്ടെന്ന് ഐക്യരാഷ്ട്രസഭാ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് ചൂണ്ടിക്കാട്ടി. ആഗോളതാപനം കുറയ്ക്കുന്നതിനുള്ള പദ്ധതികളാണു ഗ്ലാസ്ഗോ സമ്മേളനം പ്രധാനമായും രൂപപ്പെടുത്തുന്നത്.

അന്തരീക്ഷമലിനീകരണം ഏറ്റവും കൂടുതൽ നടത്തുന്ന രാജ്യങ്ങളെന്ന് ആരോപിക്കപ്പെടുന്ന ചൈനയുടെയും റഷ്യയുടെയും ഭരണാധികാരികളുടെ അഭാവം ഗ്ലാസ്ഗോ ഉച്ചകോടിയിൽ ശ്രദ്ധേയമായി. രണ്ടാഴ്ചത്തെ സമ്മേളനം നടത്തുന്ന ചർച്ചകളും എടുക്കുന്ന തീരുമാനങ്ങളും കടലാസുരേഖകളായി മാത്രം അവശേഷിച്ചാൽ പോരാ. പ്രമുഖരാഷ്ട്രങ്ങൾ ഇതിനോടു പ്രതികരിക്കുന്നതെങ്ങനെയെന്നതാണു പ്രധാനം.

ജി 20 ഉച്ചകോടിയുടെ അന്തിമപ്രമേയം ഉദ്ദേശിച്ച ഫലമുണ്ടാക്കിയില്ലെന്നാണ് പരിസ്ഥിതിപ്രവർത്തകരും കാലാവസ്ഥാശാസ്ത്രജ്ഞരും അഭിപ്രായപ്പെടുന്നത്. ആഗോളതാപനം കുറയ്ക്കുന്നതിന് അർത്ഥപൂർണവും ഫലപ്രദവുമായ നടപടികൾ എടുക്കണമെന്നു പ്രഖ്യാപനത്തിൽ പറയുന്നുണ്ട്. പക്ഷേ, അത് എത്രമാത്രം അർത്ഥവത്താകുമെന്നാണ് അറിയേണ്ടത്. ജി 20 പ്രഖ്യാപനങ്ങളുടെ വെളിച്ചത്തിലാവും ഗ്ലാസ്ഗോ ഉച്ചകോടിയുടെ ചർച്ചകളും അതിന്റെ ഫലപ്രാപ്തിയും. ചൈനയും റഷ്യയും ഈ നീക്കങ്ങളോടു പുലർത്തുന്ന നിസ്സഹകരണത്തിലുള്ള അതൃപ്തി അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡൻ മാധ്യമപ്രവർത്തകരോടു തുറന്നു പറയുകയും ചെയ്തു. ആഗോളതാപനം 1.5 സെൽഷ്യസ് ആയി കുറയ്ക്കണമെന്ന കാലാവസ്ഥാശാസ്ത്രജ്ഞരുടെ മുന്നറിയിപ്പ് അംഗീകരിക്കാൻ ജി 20 നേതാക്കൾ സന്നദ്ധരായി എന്നതാണ് പ്രധാനമായൊരു തീരുമാനം. പക്ഷേ, ഇതിനായി സ്വീകരിക്കേണ്ട നടപടികളുടെ കാര്യത്തിൽ സമയബന്ധിതമായ ഉറച്ച ധാരണ ഉണ്ടായിട്ടില്ല.

കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട നടപടികൾ ഊർജിതമാക്കുന്നതിന് പതിനായിരം കോടി ഡോളറിന്റെ പദ്ധതിയും ഉച്ചകോടി അംഗീകരിച്ചു. കൊവിഡ് പ്രതിരോധത്തിനുള്ള വാക്സിൻ ലോകരാഷ്ട്രങ്ങൾക്കു ലഭ്യമാക്കാനും ഈ തുക വിനിയോഗിക്കും. കൽക്കരി അധിഷ്ഠിത ഊർജോത്പാദനത്തിനു പുതിയ പ്ലാന്റുകൾക്ക് അടുത്തവർഷംമുതൽ പൊതുധനസഹായം നൽകേണ്ടതില്ലെന്നു പ്രമുഖരാഷ്ട്രങ്ങൾ തീരുമാനിച്ചെങ്കിലും കൽക്കരി ഊർജോത്പാദനത്തിൽ ആഭ്യന്തരരംഗത്ത് എന്തു നിലപാടു സ്വീകരിക്കുമെന്നതിനെക്കുറിച്ചു വ്യക്തത ഉണ്ടായിട്ടില്ല.

കൽക്കരിപോലുള്ള ഊർജസ്രോതസുകൾ ഉപേക്ഷിക്കുന്ന കാര്യത്തിൽ ഇന്ത്യയ്ക്കു ചില പരിമിതികളുണ്ട്. അതേസമയം, ആഗോളതാപനം ലഘൂകരിക്കേണ്ടതിനെക്കുറിച്ചു രാജ്യത്തിനു വ്യക്തമായ ബോധ്യമുണ്ട്. വികസനരംഗത്ത് പിന്നാക്കംപോകുന്ന സാഹചര്യം ഇന്ത്യ കണക്കിലെടുക്കുന്നു. കാലാവസ്ഥാവ്യതിയാനം നേരിടുന്നതിന് അന്താരാഷ്ട്രതലത്തിൽ സ്വീകരിക്കുന്ന നടപടികൾ പാലിക്കുന്നതിൽ ഇന്ത്യ മുന്തിയ പരിഗണനയാണു നൽകിപ്പോരുന്നത്. കൂടുതൽ ഹരിതപദ്ധതികൾക്കായി പൊതു–സ്വകാര്യമൂലധന മുതൽമുടക്കിനും ജി 20 ഉച്ചകോടി തീരുമാനിച്ചിട്ടുണ്ട്.

ഗ്ലാസ്ഗോ ഉച്ചകോടിയിൽ യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറെസ് ആഗോളതാപനം 1.5 സെൽഷ്യസിൽ പരിമിതപ്പെടുത്താൻ ലോകരാഷ്ട്രങ്ങളോട് ആവർത്തിച്ച് അഭ്യർത്ഥിച്ചു. ഭൂമിയുടെ സംരക്ഷണം മനുഷ്യരാശിയുടെ രക്ഷയാണു ലക്ഷ്യമിടുന്നത്. വികസിതരാജ്യങ്ങൾ കഴിഞ്ഞ ഒന്നര നൂറ്റാണ്ടിനുള്ളിൽ നടത്തിയ അന്തരീക്ഷമലിനീകരണത്തിന്റെ ഉത്തരവാദിത്വത്തിൽനിന്ന് അവർക്കു ഒഴിഞ്ഞുമാറാനാവില്ല. മലിനീകരണം കുറയ്ക്കാനുള്ള നടപടികളിൽ അവർ വികസ്വരരാഷ്ട്രങ്ങളെ ഉപദേശിക്കുകയും നിർദേശങ്ങൾ നൽകുകയും ചെയ്യുന്നു. ചൈനയും ഇന്ത്യയും ഈ നിലപാടിനെ നിശിതമായി വിമർശിക്കുുണ്ട്. മഹാപ്രളയം, കൊടുംവരൾച്ച തുടങ്ങിയ കഠിനപ്രകൃതിദുരന്തങ്ങൾക്കു കാരണമാകുന്ന ആഗോളതാപനം അടിയന്തരമായി കുറയ്ക്കേണ്ടത് അനിവാര്യമായിരിക്കുന്നു.




ഈ നൂറ്റാണ്ടിന്റെ പകുതിയോടെ നെറ്റ് സീറോ എമിഷൻ എന്ന ലക്ഷ്യമാണ് വികസിതരാജ്യങ്ങൾ മുന്നോട്ടുവയ്ക്കുന്നത്. അന്തരീക്ഷതാപനില വർധിപ്പിക്കുന്നതിൽ ഏറ്റവും നിർണായകമായ കാർബൺ അന്തരീക്ഷത്തിലേക്കു പുറംതള്ളുന്നതിന്റെയും അന്തരീക്ഷത്തിൽനിന്ന് അത് ഒഴിവാക്കുന്നതിന്റെയും തോത് സമീകൃതമാക്കുക എന്നതാണ് നെറ്റ് സീറോ എന്നതുകൊണ്ടു ലക്ഷ്യമിടുന്നത്.

നെറ്റ് സീറോ എമിഷൻ എന്ന ലക്ഷ്യം 2070 ആകുമ്പോഴേ ഇന്ത്യ കൈവരിക്കൂ എന്നു പ്രധാനമന്ത്രി നരേന്ദ്രമോദി ഗ്ലാസ്ഗോയിൽ വ്യക്തമാക്കിയിരുന്നു. ഏറ്റവും കൂടുതൽ കാർബൺ ഡൈ ഓക്സൈഡ് പുറംതള്ളുന്ന ചൈന 2060 ൽ നെറ്റ് സീറോ എമിഷൻ ലക്ഷ്യത്തിലെത്താമെന്നാണു വാഗ്ദാനം ചെയ്യുന്നത്. 2050 എന്ന ലക്ഷ്യത്തോട് റഷ്യയും യോജിച്ചിട്ടില്ല.

ലോകരാജ്യങ്ങൾ നിലവിൽ നൽകിയ വാഗ്ദാനങ്ങൾ പാലിച്ചാൽപ്പോലും ലോകം 2.7 ഡിഗ്രി സെൽഷ്യസ് ആഗോള താപനിലയിലേക്കു കുതിക്കുകയാണെന്നാണ് യുഎൻ കാലാവസ്ഥാവിദഗ്ധരുടെ കണക്കുകൂട്ടൽ. ഈ സ്ഥിതി ലോകത്ത് അപ്രതീക്ഷിതമായ പല ദുരന്തങ്ങൾക്കും ഇടയാക്കുമെന്ന് അവർ മുന്നറിയിപ്പു നൽകുന്നു.

റോമിൽ നടന്ന ജി 20 രാഷ്ട്രനേതാക്കളുടെ സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിയും അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡനുമുൾപ്പെടെയുള്ള ലോകനേതാക്കൾ വത്തിക്കാനിൽ ഫ്രാൻസിസ് മാർപാപ്പയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. ഇരുപതു വർഷത്തിനുശേഷമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി മാർപാപ്പയുമായുമായി കൂടിക്കാഴ്ച നടത്തുന്നത്.

ഈ കൂടിക്കാഴ്ചയിലും കാലാവസ്ഥാവ്യതിയാനവും അനുബന്ധപ്രശ്നങ്ങളും സജീവചർച്ചാവിഷയമായി. പ്രകൃതിസംരക്ഷണത്തെക്കുറിച്ചും കാലാവസ്ഥാവ്യതിയാനത്തെക്കുറിച്ചുമൊക്കെ വ്യക്തമായ ബോധ്യങ്ങളുള്ള വ്യക്തിയാണ് ഫ്രാൻസിസ് മാർപാപ്പ. അതുകൊണ്ടുതന്നെ മാർപാപ്പയുമായുള്ള സംഭാഷണങ്ങൾ ലോകനേതാക്കൾക്ക് ഈ വിഷയത്തെക്കുറിച്ചു വ്യക്തമായ ചില ദർശനങ്ങൾ നൽകിയിട്ടുണ്ടാവും.

ആഗോളതാപനം വർധിക്കുന്നതിന്റെ ഗുരുതരമായ പ്രത്യാഘാതങ്ങളെക്കുറിച്ചു ഫ്രാൻസിസ് മാർപാപ്പ വളരെ നേരത്തേ മുന്നറിയിപ്പു നൽകിയിരുന്നു. ലോകത്തെ ദരിദ്രജനവിഭാഗങ്ങളെയാണ് ഇതു കൂടുതൽ ഗുരുതരമായി ബാധിക്കുന്നതെന്നും മാർപാപ്പ ചൂണ്ടിക്കാട്ടി. പരിസ്ഥിതി അടിയന്തരാവസ്ഥയോടു ഫലപ്രദമായി പ്രതികരിക്കാനും ഭാവി തലമുറയ്ക്ക് ഉറച്ച പ്രത്യാശ പ്രദാനം ചെയ്യാനും ഗ്ലാസ്ഗോയിൽ നടന്ന യുഎൻ കാലാവസ്ഥാ ഉച്ചകോടിക്കു സാധിക്കണമെന്ന് സമ്മേളനം ആരംഭിക്കുന്നതിന് ഏതാനും ദിവസംമുമ്പു മാർപാപ്പ ബിബിസിക്കു നല്കിയ പ്രത്യേക സന്ദേശത്തിൽ ആഹ്വാനം ചെയ്തിരുന്നു. നമ്മുടെ പൊതുഭവനത്തിന്റെ തകർച്ചയും കാലാവസ്ഥാവ്യതിയാനത്തിന്റെ അപ്രതീക്ഷിത ഭീഷണികളും നേരിടുന്നതിന് നാം ആരായിരുന്നാലും എവിടെയായിരുന്നാലും കൂട്ടായ ഉത്തരവാദിത്വത്തിന്റെ സ്വന്തം പങ്കു നിർവഹിക്കാനാവണമെന്നും മാർപാപ്പ ഉദ്ബോധിപ്പിച്ചു. ലോകത്തോടുള്ള ഉത്തരവാദിത്വം പങ്കുവയ്ക്കലാണത്.

സാധിക്കുന്ന അവസരങ്ങളിലെല്ലാം പരിസ്ഥിതിസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള പ്രായോഗികചിന്തകൾ മാർപാപ്പ പങ്കുവയ്ക്കാറുണ്ട്. 'ലൗദാത്തോ സി' എന്ന ചാക്രികലേഖനം പരിസ്ഥിതിസംരക്ഷണവുമായി ബന്ധപ്പെട്ട ചരിത്രരേഖയാണ്. ആഗോളതലത്തിൽ ഈ തിരുവെഴുത്തിന് വ്യാപക അംഗീകാരമാണു ലഭിച്ചത്. നമ്മുടെ പൊതുഭവനത്തിന്റെ സംരക്ഷണം എന്ന ആശയം അതിലൂടെയാണ് അദ്ദേഹം ലോകത്തിനു നൽകിയത്. 2015 ൽ പാരീസിൽ വിളിച്ചുചേർത്ത യുഎൻ കാലാവസ്ഥാ ഉച്ചകോടിക്കുമുമ്പായി പ്രകാശനം ചെയ്ത ഈ ചാക്രികലേഖനത്തിലെ ആശയങ്ങളും നിർദേശങ്ങളും ആ സമ്മേളത്തിന്റെ ചർച്ചകളെയും തീരുമാനങ്ങളെയും നിർണായകമായി സ്വാധീനിച്ചിരുന്നു. ആറു വർഷങ്ങൾക്കിപ്പുറം ഗ്ലാസ്ഗോ കാലാവസ്ഥാ ഉച്ചകോടിയിലും ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകളും ദർശനങ്ങളും അലയടിച്ചു.

# വിദ്യാലയങ്ങൾ വീണ്ടും തുറക്കുമ്പോൾ



ശ്രീദേവി പി.

**ലോ**കത്തെ അടിമുടി ഉലച്ചുകളഞ്ഞ കൊവിഡ് മഹാമാരി തീർത്ത ഒന്നരവർഷത്തെ അവധിക്കു വിരാമമിട്ടുകൊണ്ട്, നവംബർ ഒന്നിന് വിദ്യാലയങ്ങൾ തുറന്നു. കുട്ടികളിൽ രോഗപ്രതിരോധശേഷി കൂടുതലുള്ളതിനാൽ രോഗബാധയ്ക്കു സാധ്യത കുറവായിരിക്കുമെന്നാണ് വിദഗ്ധരുടെ കണ്ടെത്തൽ. ഒപ്പം തന്നെ മറ്റ് ആരോഗ്യപ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് ഓൺലൈൻ സൗകര്യം തുടരണമെന്നുമാണ് അഭിപ്രായം ഉയരുന്നത്.

**സർക്കാർ നടപ്പാക്കിയിരിക്കുന്നത്**

സ്കൂൾ തുറക്കുന്നതിന്റെ ഭാഗമായി എല്ലാ അധ്യാപകർക്കും വിദ്യാഭ്യാസവകുപ്പിന്റെ ആഭിമുഖ്യത്തിൽ പരിശീലനം നൽകുകയുണ്ടായി. അഞ്ചു സെക്ഷനായി നടന്ന ഈ പരിശീലനപരിപാടിയിൽ പ്രധാനമായും ഉരുത്തിരിഞ്ഞ സംഗതികൾ ഇവയാണ്. 1. ഓൺലൈൻ ക്ലാസുകളും ചാനൽ ക്ലാസുകളും എപ്രകാരം ഉപയോഗപ്പെടുത്തണമെന്നു കുട്ടികൾക്കു മനസ്സിലായി. സ്മാർട്ട് ഫോണുകൾ അവിഭാജ്യഘടകമായി. ഈ അവസ്ഥയുടെ ദോഷവശം എന്തെന്നാൽ, കുട്ടികളുടെ ദിനചര്യ അടിമുടി മാറി യെന്നതാണ്. വിഷാദം, മുൻകോപം, ഉറക്കക്കൂടുതൽ, ഉറക്കമില്ലായ്മ, ഇന്റർനെറ്റിനോടുള്ള അമിതമായ അടുപ്പം, ശ്രദ്ധയില്ലായ്മ തുടങ്ങി നിരവധി പ്രശ്നങ്ങളാണ് കുട്ടികൾ ഇപ്പോൾ അഭിമുഖീകരിക്കുന്നത്. ഇതോടൊപ്പം, ഒരു വിഭാഗം കുട്ടികളുടെ സർഗാത്മകത, സോഷ്യൽ മീഡിയകളിലൂടെ വെളിച്ചം കണ്ടതും വിസ്മരിച്ചുകൂടാ. ഈ പറഞ്ഞ കാര്യങ്ങളെയെല്ലാം ഉൾക്കൊണ്ടാവണം അധ്യാപകർ കുട്ടികളെ അഭിസംബോധന ചെയ്യേണ്ടത്.

സാങ്കേതികവിദ്യയെ കുട്ടികളുടെ മാനസികവികാസത്തിന് ഉപകരിക്കുന്ന രീതിയിൽ എങ്ങനെ മാറ്റിയെടുക്കാമെന്നു ചിന്തിക്കണം. പുസ്തകങ്ങളിൽനിന്നു മറ്റു പല വിഷയങ്ങളിലേക്കും കുട്ടിയുടെ മനസ്സ് മാറിയിട്ടുണ്ട്. ഓരോ കുട്ടിയുടെയും ഗ്രാഫ് ഓരോ രീതിയിലാണ്. ഇവയെയെല്ലാം സമന്വയിപ്പിച്ച് മികച്ച അന്തരീക്ഷം സൃഷ്ടിച്ചെടുക്കുക യെന്നത് അധ്യാപകരുടെ മുന്നിലെ വലിയ വെല്ലുവിളിതന്നെയാണ്. കഴിഞ്ഞുപോയ പാഠ്യപദ്ധതികളിൽനിന്നും രീതികളിൽനിന്നും അധ്യാപകർ ബഹുദൂരം മുന്നോട്ടു ചിന്തിക്കേണ്ടിയിരിക്കുന്നു. അവർക്കു കിട്ടിയിരിക്കുന്ന മാർഗനിർദേശങ്ങളും ഇപ്രകാരംതന്നെയായിരിക്കും.

**പൊതുമാർഗരേഖ**

സ്കൂളിലെത്തുന്ന കുട്ടികൾക്കു രക്ഷിതാവിന്റെ സമ്മതപത്രം നിർബന്ധമാണ്. അതായത്, കൊവിഡ് പ്രോട്ടോക്കോൾ അനുസരിച്ചുകൊണ്ട് തന്റെ കുട്ടിയെ സ്കൂളിൽ വിടാൻ സമ്മതമാണെന്ന്. കുട്ടികൾ നിർബന്ധമായും മാസ്ക് ധരിച്ചിരിക്കണം. ബെഞ്ചിൽ രണ്ടുപേർ മാത്രമേ പാടുള്ളൂ. ഉച്ചവരെ മാത്രമാണു ക്ലാസുകൾ. ക്ലാസ്, സമയം, ദിവസം, നിശ്ചിതദിവസങ്ങളിൽ വരേണ്ട കുട്ടികൾ എന്നീ കാര്യങ്ങൾ പ്രാദേശികസാഹചര്യങ്ങൾ കൂടി പരിഗണിച്ച് ആസൂത്രണം ചെയ്യണം. സാനിറ്റൈസർ, തെർമൽ സ്കാനിങ്, ആഹാരപാനീയങ്ങൾ പങ്കുവയ്ക്കാതിരിക്കൽ തുടങ്ങിയ ആരോഗ്യസംബന്ധമായ നടപടിക്രമങ്ങൾ പാലിക്കുക. സ്കൂൾ ആരോഗ്യസംരക്ഷണ സമിതിയുടെ രൂപീകരണം നിർബന്ധമായും നടത്തിയിരിക്കണം. അവരുടെ പ്രവർത്തനങ്ങൾ ഒരു രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും വേണം.

**അക്കാദമിക് മാർഗരേഖ**

അക്കാദമിക് മാർഗരേഖ കുട്ടികൾക്കും അധ്യാപകർക്കുമായുള്ളതാണ്.

1. പുതിയ സാഹചര്യത്തിൽ ആസൂത്രണത്തിന്റെ ആവശ്യകതയെപ്പറ്റി ബോധ്യമുണ്ടാവുക, കുട്ടികളെ വ്യക്തിപരമായി മനസ്സിലാക്കി പിന്തുണ നൽകുക എന്നീ കാര്യങ്ങൾക്കാണ് ഊന്നൽ.
2. കുട്ടികളുടെ സർഗാത്മകപ്രവർത്തനങ്ങളുമായി പാഠപ്രവർത്തനങ്ങളെ ബന്ധപ്പെടുത്തുക.
3. സാങ്കേതികതയുമായി ഇണക്കി മിശ്രണ പഠനരീതിയാണ് (ബ്ലെൻഡെഡ് ലേണിങ്) പിന്തുടരേണ്ടത്.
4. സ്കൂളിൽ വരാത്ത കുട്ടികൾക്കായി ഓൺലൈൻ പഠനരീതി തുടരേണ്ടതാണ്.
5. വിക്ടേഴ്സ് ചാനൽ ക്ലാസുകൾ കാണാനുള്ള അവസരം ഒരുക്കുകയും വേണ്ടതാണ്.
6. കൊവിഡ് അടച്ചിരിപ്പുകാലം കഴിഞ്ഞു വരുന്ന കുട്ടികളുടെ ആത്മവിശ്വാസം വർധിപ്പിക്കുന്ന രീതിയിൽ അവരെ അഭിനന്ദിച്ചുകൊണ്ടു വേണം അവരോട് ഇടപെടാൻ.
7. സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് കൂടി ഓരോ വിഷയത്തിനും പ്രത്യേകം അക്കാദമിക് ആസൂത്രണം ആവശ്യമാണ്.

**നിരന്തര മൂല്യനിർണയവും പ്രായോഗികപരീക്ഷാമൂല്യനിർണയവും**

പഠനപ്രക്രിയ വിലയിരുത്തൽ, പഠനോത്പന്നങ്ങളെ വിലയിരുത്തൽ, യൂണിറ്റുതല വിലയിരുത്തൽ എന്നിങ്ങനെ മൂന്നു ഘട്ടങ്ങളായി നടത്തുന്ന വിലയിരുത്തലുകളുടെ ശരാശരി സ്കോറാണ് നിരന്തരമൂല്യനിർണയത്തിനായി (CE) ഉപയോഗിച്ചുവരുന്നത്.

പഠനപ്രക്രിയ വിലയിരുത്തുമ്പോൾ പ്രക്രിയകളിൽ കുട്ടികൾ എങ്ങനെ പങ്കെടുത്തു, പാഠങ്ങളുടെ ആശയം ഗ്രഹിച്ചോ ഇല്ലയോ, ശേഷികൾ (ഭാഷയിൽ വായിക്കാനും എഴുതാനും അവതരിപ്പിക്കാനും ഒക്കെയുള്ള ശേഷികൾ) നേടാൻ കഴിഞ്ഞോ, പ്രകടനവും അവതരണവും എങ്ങനെ, പഠനവസ്തുക്കൾ രേഖപ്പെടുത്തി സൂക്ഷിച്ചുവയ്ക്കുന്നുണ്ടോ, ഒരു പ്രവർത്തനം ഏറ്റെടുത്തു കഴിഞ്ഞാൽ അതിനുവേണ്ടി തയ്യാറെടുക്കുന്നുണ്ടോ എന്നിങ്ങനെയുള്ള കാര്യങ്ങളെയാണ് വിലയിരുത്തൽ സൂചകമായി (ഇൻഡിക്കേറ്റേഴ്സ്) കണക്കാക്കിയിട്ടുള്ളത്.

പ്രവർത്തനങ്ങളെപ്പറ്റി എഴുതിവച്ച രേഖകളും പഠനവുമായി ബന്ധപ്പെട്ട രേഖകളും ചിത്രങ്ങളും രചനകളും സൃഷ്ടികളും പരീക്ഷാപ്പേപ്പറുകളും ചേർന്ന സംഗതിയെയാണ് പോർട്ട്ഫോളിയോ എന്നു പറയുന്നത്. അവ വിലയിരുത്തുന്നതാണ് പോർട്ട്ഫോളിയോ വിലയിരുത്തൽ.

യൂണിറ്റിനെ അടിസ്ഥാനമാക്കിയുള്ള വിലയിരുത്തൽ ക്ലാസ് ടെസ്റ്റുകൾ മാത്രമല്ല, വാചാപരീക്ഷയും ടെക്സ്റ്റ് തുറന്നുവച്ചുള്ള പരീക്ഷയും പഠിച്ചഭാഗത്തുനിന്നുള്ള ചോദ്യങ്ങളുമെല്ലാം വരും.

ഇവയ്ക്ക് ഇപ്പോഴും മാറ്റമൊന്നുമില്ല. മാറിയ സാഹചര്യത്തിൽ, കാൽക്കൊല്ലം, അരക്കൊല്ലം, വാർഷികം എന്നിങ്ങനെ മൂന്നു ഘട്ടമായി നടക്കുന്ന നിരന്തര വിലയിരുത്തൽപ്രക്രിയയ്ക്കു പകരം വർഷാന്ത്യമൂല്യനിർണയം മാത്രം നടത്തിയാൽ മതിയാകും എന്നതാണ് ഇപ്പോഴുള്ള വ്യത്യാസം. മിശ്രണരീതിയായതുകൊണ്ട് ഓൺലൈൻ ക്ലാസിലെ കുട്ടിയുടെ പ്രകടനത്തെയും മൂല്യനിർണയത്തിനായി പരിഗണിക്കാമെന്ന നിർദേശംകൂടിയുണ്ട്.

പ്രായോഗികപരീക്ഷയും പഴയതുപോലെതന്നെയാണ്. ലാബിൽ കുട്ടികളുടെ എണ്ണം കുറച്ച് അവരെ ചെറിയ ഗ്രൂപ്പുകളാക്കി മാറ്റണമെന്നുള്ളതും കുട്ടികൾ കൈകാര്യം ചെയ്യുന്ന പരീക്ഷണോപകരണങ്ങളുടെ ശുചിത്വം പരിപാലിക്കണമെന്നതുമാണ് പുതിയ നിർദേശം. അതോടൊപ്പം പരീക്ഷണശാലയിലെ പങ്കാളിത്തത്തെയും നിരന്തര മൂല്യനിർണയത്തിനായി ഉപയോഗിക്കാവുന്നതാണ്.

**രക്ഷിതാക്കൾ അറിയാൻ**

കൊവിഡ് സവിശേഷസാഹചര്യത്തിൽ രക്ഷിതാക്കൾക്കു വന്നുചേർന്നിരിക്കുന്ന അധിക ബാധ്യതകളെപ്പറ്റി അവബോധം ഉണ്ടാവുക എന്നതാണ് ഈ സെഷന്റെ ദൗത്യം.

അധ്യാപകരെക്കാൾ കൂടുതൽ കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിൽ ഇടപെടാനുള്ള അവസരം രക്ഷിതാക്കൾക്ക് കൈവന്നു. രക്ഷിതാക്കളുമായുള്ള അധ്യാപകരുടെ ബന്ധം മെച്ചപ്പെട്ടു. അതോടൊപ്പം സാമ്പത്തികമായി പ്രതിസന്ധിയിലായ പല രക്ഷിതാക്കളും ഉണ്ടെന്നും വീട്ടിലെ സാഹചര്യങ്ങളുടെ മാറ്റം കുട്ടികളുടെ പഠനശേഷിയെ ബാധിക്കുന്നുണ്ടെന്ന തിരിച്ചറിവും പ്രധാനമാണ്. കുട്ടികൾക്കു മൊബൈൽ ഉപയോഗവുമായി ബന്ധപ്പെട്ട് ആരോഗ്യപ്രശ്നങ്ങളും ഉണ്ട്. മൊബൈൽ ദുരുപയോഗംകൊണ്ട് കുട്ടികൾ ചതിക്കുഴിയിൽ വീഴാനുള്ള സാധ്യതയെ തടയാനുള്ള സഹായം രക്ഷിതാക്കൾക്ക് ആവശ്യമാണ്. പി ടി എ യുടെയും സ്കൂൾ കൗൺസിലറുടെയും സഹായത്തോടെ ഈ പ്രതിസന്ധികൾ മറികടക്കുക എന്ന നിർദേശമാണ് സെഷൻ മുന്നിൽ വയ്ക്കുന്നത്.

**സാധാരണക്കാരന്റെ ആശങ്കകൾ**

എല്ലാവിധ മുന്നൊരുക്കങ്ങളുമായി സ്കൂളുകൾ തുറക്കുമ്പോഴും സാധാരണക്കാരന്റെ ആശങ്കകൾ മാറുന്നില്ല. കൊവിഡ് പകർച്ചവ്യാധിക്കു മുമ്പുള്ള സാമ്പത്തികാവസ്ഥയല്ല ഒരു വിഭാഗം കുടുംബങ്ങൾക്ക്. പലവിധ പ്രശ്നങ്ങളിൽപ്പെട്ട് നട്ടം തിരിയുകയാണ് അവർ. തൊഴിലില്ലായ്മ, തുച്ഛമായ/ വെട്ടിച്ചുരുക്കിയ വേതനം, നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം എന്നിങ്ങനെ. സാധാരണജീവിതത്തെ തകിടം മറിക്കുന്ന കാരണങ്ങൾ നിരവധിയാണ്. ഇതിനിടയിൽ കുട്ടികളുടെ പഠനസംബന്ധമായ കാര്യങ്ങൾക്കും സാമ്പത്തികം കണ്ടെത്തേണ്ടതുണ്ട്. ഒപ്പം, സർക്കാർ പറഞ്ഞിരിക്കുന്ന ആരോഗ്യസംബന്ധമായ മാനദണ്ഡങ്ങൾ എല്ലാ സ്കൂളുകളും പാലിക്കുമോ എന്നതും കാത്തിരുന്നു കാണേണ്ടിയിരിക്കുന്നു.



---

കവിത — തെരേസ പീറ്റർ

## മഴയുടെ സംഗീതം

രാവിന്നീറൻ നിശ്ശബ്ദയാമങ്ങളിൽ മഴയുടെ
മൃദുഗീതം കേട്ടു മനം കുളിർത്തു!

വിശിഷ്ടമാം വരദാനം കാലം നമുക്കേകീടുന്നു
മധുമാരി സുധാരസധാരയല്ലയോ?

മഴത്താളമുൾത്താരിലായ് മധുസാന്ദ്രഗീതമായ്
ദിവ്യാനുഭൂതികൾ വന്നു ചിറകടിച്ചു.

ഒരു ഗന്ധർവൻ പാടുന്നു പുരമേലും പുഴയിലും
പുൽമേട്ടിലുമോരോ രാഗമൊഴുക്കീടുന്നു

ജീവകുലത്തിന്നുണർത്തുപാട്ടായ് ഈണത്തുടിപ്പായി
മഴമേഘമോരോ നാളിൽ വർഷിച്ചീടുന്നു

മഴഗീതമൊഴുകവേ മധുരോത്സവം മനസ്സിൽ
ഓർമകൾ തൻ പൂഞ്ചിറകിൽപ്പിന്നെയും തത്തി

കാടിൻരോദനങ്ങൾ കേട്ടു, “കാലക്കേടിലലയുന്നു
പച്ചക്കുളിരാട്ടമൊക്കെക്കിനാക്കളായി

സാനന്ദത്തോടുരിയാടാനൊന്നുമില്ല വിശേഷങ്ങൾ
വനദേവത വിഷാദം പൂണ്ടിരിക്കുന്നു

കരിങ്കാറു തിങ്ങിക്കൂടിപ്പെയ്തൊലിച്ച കാലമൊക്കെ
മാറിമറിയുന്നു കാടുതെളിക്കയല്ലീ?

കാലമിതു കലികാലം നൽമനങ്ങൾ കുറഞ്ഞുപോയ്
സ്വാർത്ഥമോഹം കാടുകേറി ഹനിച്ചിടുന്നു.”

കോരിത്തരിച്ചൊരീഹൃത്തിൽ കാടിൻ ദുഃഖഗാനംകേൾക്കെ
നിജസ്ഥിതികളുമോർത്തുള്ളലിഞ്ഞുപോയി

മഴയുടെ സംഗീതങ്ങൾ നിലയ്ക്കവേ ഭാവനതൻ
പൂഞ്ചിറകിൽ നിന്നെത്തി ഞാനെൻ കുടിയിങ്കൽ

അർച്ചന ഞാൻ, ചെയ്തീടുന്നു പൊറുക്കേണം പിഴവുകൾ
അമ്മ പ്രകൃതീ നീ കനിഞ്ഞനുഗ്രഹിക്കൂ.

വരദാനമാകും മധുമാരിയെന്നും പൊഴിക്കണേ
പ്രകൃതിതൻ ചിട്ടവട്ടം തെറ്റിച്ചിടാതെ.

# എന്റെ മലയാളം

പാപ്പച്ചൻ കടമക്കുടി

അമ്മമലയാളം എന്ന് ഓരോ മലയാളിയും സ്നേഹാദരവുകളോടെ വിളിക്കുന്ന കൈരളിയുടെ ആദ്യത്തെപ്പേര് അമ്പിളിഭാഷ എന്നായിരുന്നുവത്രേ. പച്ചയാം വിരിപ്പിട്ട സഹ്യനിൽ തലചായ്ച്ചു പള്ളികൊള്ളുകയാണ് അമ്മ. ഈ കല്പവൃക്ഷവാടിയിലെ നെൽവയലുകളിൽ ഓളമിടുന്ന മന്ദാനിലന്റെ സംഗീതമുണ്ടായിരുന്നു. അന്നൊക്കെ നമ്മുടെ കാരണവന്മാർക്ക് മലനാട് ഭൂമിമലയാളമായിരുന്നു.



തേനുലാവുന്ന പദങ്ങൾ... വാരിധിയിലെ തിരമാലപോലെ അലഞ്ഞുലഞ്ഞ് പതഞ്ഞിളകുന്ന വാക്കുകൾ..

കനകച്ചിലങ്ക കിലുക്കുന്ന വരവർണിനിയായ ചാരുകേരളഭാഷ...! ഈ മലയജസൗഗന്ധികനിലാവിലാണ് നാഴിയിടങ്ങഴി മണ്ണിനോടിഷ്ടമുള്ള അമ്മമാർ പിച്ചപ്പിച്ച നടത്തിയ ഓമനത്തിങ്കൾക്കിടാവിനെ ഉറക്കാൻ കവികൾ താരാട്ടുപാടിയത്. കല്യാണിയും കളവാണിയുമായ, മാണിക്യച്ചെമ്പഴുക്കക്കുലകൾ തോരണം ചാർത്തിയ മലയാളം. പച്ചക്കദളിക്കുലകൾക്കിടയ്ക്ക് മെച്ചത്തിൽ നന്നായ് പഴുത്ത പഴങ്ങളും ചേർന്നപോലെ മണിപ്രവാളമായ ചാരുകേരളമഞ്ജുളവാണി.

കളമൊഴി നറുമൊഴിയമ്മമൊഴി
കിളിമൊഴി, വരമൊഴി, സ്നേഹമൊഴി
കളിമൊഴി, പുലർമൊഴി, യിമ്പമൊഴി
കുളിർമൊഴി, മലർമൊഴി, കാവ്യമൊഴി
സുഖമൊഴി, നലമൊഴി, നാട്ടുമൊഴി
മുഖമൊഴി, നിറമൊഴി, സത്യമൊഴി.
അലതൻ മടുമൊഴി മലയാളം
രസനയ്ക്കിമ്പം പുതുതാളം
മലനാടിൻ നാവടയാളം
മണിമുത്താണെൻ മലയാളം.

ഇപ്പോൾ മലയാളിയുടെ മനസ്സിലൊരു ശങ്കയുണ്ട്. മലയാളം മരിക്കുകയാണോ..? വിരുന്നു വന്നവരോട് കടം വാങ്ങിയും വേണ്ടത്ര ദാനം ചെയ്തുമാണ് അമ്മ വളർന്നത്. എഴുതുമ്പോഴും സംസാരിക്കുമ്പോഴും ഏതു മലയാളിക്കും അർത്ഥം പറഞ്ഞുകൊടുക്കാതെ വ്യക്തമാവുന്ന എല്ലാ അന്യഭാഷാപദങ്ങളും മലയാളമാണ്. പണ്ഡിതർക്കുപോലും മനസ്സിലാകാത്ത തരത്തിൽ ഭരണഭാഷാപദങ്ങൾ സൃഷ്ടിക്കുന്ന വിചക്ഷണന്മാരാണ് യഥാർത്ഥ ഭാഷാഗുണ്ടകൾ. ആരൊക്കെ എന്തൊക്കെ ഹേമദണ്ഡങ്ങൾ ഏല്പിച്ചാലും, എന്റെ മലയാളം മരിക്കില്ല. അമ്മിഞ്ഞപ്പാലിനും അമ്പിളിമാമനും മരണമുണ്ടോ? ഭാരതമെന്ന പേർ കേട്ടാൽ അഭിമാനപൂരിതരാവാനും കേരളമെന്നുകേട്ടാൽ ചോര നെഞ്ചിൽത്തിളയ്ക്കാനും പഠിപ്പിച്ചതാണമ്മ. പാടിപ്പതിഞ്ഞ പഴങ്കഥകളും നാവിൽ നാഴൂരി സംഗീതം നട്ടുവളർത്തിയ നാടൻപാട്ടുകളും കേട്ടാൽ കൊതിതീരാത്ത കടംകഥകളും തേനൂറും പഴഞ്ചൊല്ലുകളും ആഭരണങ്ങളാക്കി അണിഞ്ഞൊരുങ്ങിയ കാവ്യനർത്തകിയാണ് എന്റെ മലയാളം.

ആശയപ്രകാശനത്തിനു മാതൃഭാഷയോളം പരഭാഷകൾ ഉപകരിക്കില്ല. അമ്മിഞ്ഞയ്ക്കൊപ്പം മലയാളിമനസ്സിൽ അലിഞ്ഞുചേർന്നതാണ് അമ്മഭാഷയും.

തപ്പോം തപ്പോം തപ്പാണി
ചെപ്പുകുടുക്കയിലെന്തുണ്ട്?

എന്നു മുത്തശ്ശിയോട് കടം പറഞ്ഞു കളിക്കാനും കൈകൊട്ടിച്ചിരിക്കാനും കൂട്ടാൻ കുറവെന്നു തോന്നിയാൽ വഴക്കിടാനും പിന്നെ പൂത്താങ്കീരി കളിച്ച് കൊതി പറയാനും നട്ടാൽ മുളയ്ക്കാത്ത നുണകൾ കൂട്ടുകാരോടു പറഞ്ഞ് തലക്കനമുണ്ടാക്കാനും എനിക്കെന്റെ ഭാഷ വേണം. തറയിൽ കൈപ്പത്തികൾ കമഴ്ത്തി വച്ച് 'അത്തളപിത്തള' എണ്ണാനും 'അക്കുത്തിക്കുത്താന'കളിക്കാനും കരയാനും പിണങ്ങാനും എനിക്ക് എന്റെ ഭാഷവേണം. പൂവിനോടും കിളിയോടും മണ്ണിനോടും മരത്തോടും തുമ്പിയോടും തുമ്പയോടും പുഴയോടും കാറ്റിനോടും കിന്നരിക്കാനും കലഹിക്കാനും എനിക്കെന്റെ ഭാഷ വേണം. ആറു നാട്ടിൽ നൂറാണു ഭാഷയെങ്കിലും അമ്മയെന്ന ഒരൊറ്റ അക്ഷരമായി ഭാഷ പൊലിക്കുന്നതങ്ങനെയാണ്.

ഏതൊരാൾക്കും മാതൃഭാഷയിലാണു ചിന്തിക്കാൻ കഴിയുന്നത്. അന്യഭാഷയിൽ സംസാരിക്കുമ്പോൾ അയാളുടെ ഉള്ളിൽ തൽസമയം പരിഭാഷയും നടക്കുന്നുണ്ട്. ഇംഗ്ലീഷ് തുടങ്ങിയ മറ്റു ഭാഷകൾ അറിയുന്നതും കൈകാര്യം ചെയ്യാൻ കഴിയുന്നതും നേട്ടമാണ്. എല്ലാ ഭാഷയും മനുഷ്യന്റെ സമ്പത്താണ്. മാതൃഭാഷ നന്നായി അറിയുന്നവർക്കേ അന്യഭാഷയും നന്നായി ഉപയോഗിക്കാനാവൂ. എന്നാൽ, ആവശ്യത്തിനും അനാവശ്യത്തിനും പുട്ടിനു തേങ്ങയിടുന്നതുപോലെ ഇംഗ്ലീഷ് കൂട്ടിക്കലർത്തി മംഗ്ലീഷ് ഫാഷനുണ്ടാക്കി അമ്മയെ അപമാനിക്കരുത്. തോലന്റെ പനസിദശായാം ഓർമിപ്പിക്കരുത്. കൊതിതീരുംവരെ ഇവിടെ ജീവിച്ചു മരിച്ചവരുണ്ടോ,

അടിയനിനിയുമുണ്ടാമൊരു ജന്മമെന്നാലതു–

മടിമുതൽ മുടിയോളം നിന്നിലാവട്ടെ താായേ

എന്നു വിതുമ്പിയവരെയും ചവിട്ടിത്തള്ളരുത്. അമ്മ മഴക്കാറിനു കൺനിറയുന്നതപ്പോഴാണ്.

വാമൊഴിയായും വരമൊഴിയായും എപ്പോഴും മലയാളിയോടൊപ്പമുള്ള നമ്മുടെ മാതൃഭാഷ, ശ്രേഷ്ഠഭാഷാപദവി നേടിയത് ഓരോ മലയാളിക്കും അഭിമാനമാണ്. വിചക്ഷണന്മാരുടെ വികലതയില്ലാത്ത മലയാളം ഭരണതലത്തിലും ശീലമാക്കേണ്ടത് നമ്മുടെ കടമയുമാണ്. പിച്ചവെച്ചും നടന്നും വീണും ഓടിയും ഭാഷ വളരുകയാണണ്. ഈ അമ്മയുടെ വാത്സല്യവും സ്നേഹവും പരിലാളനയുമേറ്റാണ് നാളികേരത്തിന്റെ നാട്ടിലുള്ളവർ വളരേണ്ടത്. ഇനിയുമിനിയും നാഴൂരിപ്പാലുകൊണ്ട് നാടാകെക്കല്യാണമാക്കും നിലാവുപെയ്യുന്ന കേരളത്തിന്റെ സ്നേഹഭാഷയുടെ തൃപ്പതാകകൾ,

പോരാ പോരാ നാളിൽ നാളിൽ ദൂരദൂരമുയരട്ടെ.

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യനു പെറ്റമ്മ തൻഭാഷതാൻ."

■

# മായക്കാഴ്ചകൾ

കഥ
അശോകൻ ചേർത്തല



ഇന്നലെ പെയ്ത മഴയിൽ അടുക്കളയിൽ വെള്ളം കയറി ക്കിടക്കുകയാണ്. നനഞ്ഞ ചുള്ളിക്കമ്പുകൾ അടുപ്പിൽ വച്ച് അല്പം മണ്ണെണ്ണയൊഴിച്ചു തീ കൊളുത്തി. അത് പുകയുകയാണ്. കലത്തിൽ വെള്ളമൊഴിച്ച് അടുപ്പിൽ കയറ്റി. സഞ്ചി തുറന്നു നോക്കി. നാഴി അരിയേയുള്ളൂ. മുഴുവനും ഇന്നെടുത്താൽ നാളേക്കില്ല. പകുതിയെടുത്തു കഴുകി കലത്തിലിട്ടു.

"അമ്മച്ചീ.. കുഞ്ഞാറ്റയ്ക്ക് വിശക്കുന്നു. എളുപ്പം താ..."

അവൾ കുറെ നേരമായി ബഹളം തുടങ്ങിയിട്ട്. ഒരു കുഞ്ഞുകിണ്ണം മുന്നിൽ വച്ചു കൈയും കഴുകി കാലും നീട്ടി ഇരിക്കുകയാണ്.

"നീ ഇങ്ങനെ ധൃതി വച്ചാലെങ്ങനാ. ഇത് കത്താത്തതു കണ്ടില്ലേ?"

"എന്റെ അച്ചാച്ചി ഒണ്ടാരുന്നെങ്കി.. കുഞ്ഞാറ്റ എപ്പഴേ കഴിച്ചേനെ..."

മായ ഒന്നും മിണ്ടിയില്ല. അവൾ കണ്ണുകൾ തുടച്ചു.

മണിസാർ സ്വയം ഒന്നു മൂളിയിട്ട് എന്തോ തീരുമാനം എടുത്തതുപോലെ നടന്നു.

നേരം കുറെയായി. ഒരുവിധം വെന്തു കിട്ടിയ കഞ്ഞി മായ കിണ്ണത്തിലേക്കു പകർന്നു. ഉള്ളിയും കാന്താരിയും ചതച്ച് അതിലേക്കിട്ടു. കുഞ്ഞാറ്റ ആക്രാന്തത്തോടെ അത് വലിച്ചു കുടിച്ചു. ചൂടും എരിവുംകൊണ്ട് അവളുടെ കണ്ണിൽനിന്നു വെള്ളമൊഴുകി. അവൾ നിർത്താതെ ഊതിക്കൊണ്ട് പുറത്തുചാടി. ചരുവത്തിലിരുന്ന വെള്ളംകൊണ്ട് വായും മുഖവും കഴുകിക്കൊണ്ടിരുന്നപ്പോൾ റോഡിൽ ഒരു ഹോണടി കേട്ടു. അവളുടെ കണ്ണുകൾ വിടർന്നു.

"അമ്മച്ചീ.. ദേ നമ്മുടെ കുഞ്ഞാറ്റ!"

മായ പുറത്തേക്ക് ഇറങ്ങിവന്നു.

മണിസാറും ജഗദമ്മറ്റീച്ചറും കൂടി ഓട്ടോയിൽനിന്നിറങ്ങുന്നു. സാറിന്റെ കൈയിൽ മൂന്നാലു കിറ്റുകളുണ്ട്. റ്റീച്ചറുടെ കൈയിൽ ഒരു പട്ടിക്കുട്ടിയുടെ പാവ. അവർ കുഞ്ഞാറ്റയെ മാടി വിളിച്ചു. അവൾ ഓടിച്ചെന്നു. റ്റീച്ചർ അവളെ വാരിയെടുത്ത് ഉമ്മ വച്ചു.

"ഹായ്.. എന്റെ പപ്പിക്കുട്ടി..."

"മോൾക്കിഷ്ടായോ?"

"ഉം..."

"എന്നാ വാ നമുക്ക് വീട്ടിലേക്കു പൂവാം.."

അവൾ അവരെയും കൂട്ടി വീട്ടിലെത്തി.

വന്നപാടെ മണിസാർ പറഞ്ഞു:

"കേട്ടോ മായേ.. ഇന്നുമുതൽ ആ

"അമ്മച്ചീ... കൊടല് കത്തണ്. എപ്പഴാ ഇത് ശര്യാവുക..."

അവൾ സ്പൂണെടുത്തു കിണ്ണത്തിൽ കൊട്ടിക്കൊണ്ടിരിക്കുകയാണ്.

"മായേ... എന്താ കുഞ്ഞു കിടന്നു വഴക്കിടുന്നത്?"

അവൾ വാതിൽക്കലേക്കു തിരിഞ്ഞു നോക്കി. മണിസാറാണ്.

"ഈ കഞ്ഞിയൊന്നു തിളച്ചു കിട്ടണ്ടേ സാറേ. അടുപ്പാണേൽ കത്തുന്നില്ല. തീ ഊതിയൂതി ഞാൻ മടുത്തു."

"മോള് വാ.. അങ്കിളെന്തെങ്കിലും വാങ്ങിച്ചു തരാം."

"വേണ്ടങ്കിളേ..."

അവൾ കുനിഞ്ഞിരുന്നു. അദ്ദേഹം നിർബന്ധിച്ചിട്ടും അവൾ അനങ്ങിയില്ല. ഒടുവിൽ പഴ്സ് തുറന്ന് ഒരു നൂറു രൂപ എടുത്തു നീട്ടി.

"ഇന്നാ മായേ.. മോൾക്കെന്തെങ്കിലും വാങ്ങിക്കൊടുക്ക്."

"വേണ്ട സാറേ. സുനിയേട്ടൻ ഉണ്ടായിരുന്നപ്പോൾ പോലും അവൾക്കാരും ഒന്നും വാങ്ങിച്ചു കൊടുക്കുന്നത് ഇഷ്ടമല്ലായിരുന്നു."

"എങ്കിൽപ്പിന്നെ അവൻ എന്തിനീ കടുംകൈ ചെയ്തു? ഈ കുഞ്ഞിന്റെ കാര്യമെങ്കിലും അവൻ ഓർത്തോ?"

"ഇനി പറഞ്ഞിട്ടെന്താ കാര്യം. സുനിതയെ ഇങ്ങനെ നിർത്തരുത്. അവളെ എത്രയും പെട്ടെന്ന് ആരുടെയെങ്കിലും കൈയിൽ പിടിച്ചേൽപ്പിക്കണമെന്ന് അമ്മ എപ്പോഴും പറയുമായിരുന്നു. അതിന് പാവം എവിടുന്നെല്ലാം കടം വാങ്ങിച്ചു? കടക്കാരു നിർത്താതായാൽ പിന്നെ എന്തു ചെയ്യാനാണ്. നമുക്കെങ്ങനെയെങ്കിലും ഒന്നിച്ചുനിന്ന് അതു തീർക്കാമെന്ന് ഞാൻ ആകുന്ന പറഞ്ഞതാണ്. സുനിത അതിനുശേഷം ഒന്നു തിരിഞ്ഞുനോക്കിയിട്ടില്ല. ആരെങ്കിലും എനിക്കൊരു പണി തന്നിരുന്നെങ്കിൽ... സാറേ.. ഇന്നീ കുഞ്ഞിന്റെ പിറന്നാളാണ്. അവൾക്കൊരു കുഞ്ഞുടുപ്പുപോലും..."

കരഞ്ഞുകലങ്ങിയ കണ്ണുകൾ പൊത്തിക്കൊണ്ട് മായ അകത്തേക്കു കയറിപ്പോയി.

"മായേ.. ആ വണ്ടി ഇങ്ങു കൊണ്ടുപോര്. ഒരു ഡ്രൈവറെ വച്ച് ഓടിച്ചാൽ നിങ്ങൾക്ക് അന്നന്നുള്ള ചെലവ് കഴിയാമല്ലോ."

"വേണ്ട സാറേ.. അതു വിറ്റാലും സാറിന്റെ കടം തീരില്ലെന്നറിയാം. അതവിടെ കിടക്കട്ടെ."

മണിസാർ മുറ്റത്തേക്കിറങ്ങി. ആ കശുമാവ് വെട്ടിക്കളഞ്ഞിരിക്കുന്നു. അവൾക്ക് അതു കാണാനുള്ള ത്രാണി ഇല്ലാത്തതുകൊണ്ടാവാം. ഓടും കഴുക്കോലും പട്ടികയുമൊക്കെ പൊട്ടിപ്പൊളിഞ്ഞുകിടക്കുകയാണ്.



വണ്ടി ഇവിടെ കിടക്കും. ഇവടച്ഛന്റെ ഓർമയ്ക്കായിട്ട്. അതാണ് ഡ്രൈവർ. അയാൾ കൃത്യമായി കളക്ഷൻ നിങ്ങളെ ഏല്പിക്കും."

"അയ്യോ സാറേ.. സാറിനു തരാനുള്ള പണം?"

ജഗദമ്മറ്റീച്ചർ മുന്നോട്ടുവന്നു.

"അതൊക്കെ ആരു ചോദിച്ചു മായേ.. ഈ കുഞ്ഞിനെ നോക്കിയാൽ പോരേ. നീ അവളെ നന്നായി വളർത്ത്."

റ്റീച്ചർ പൊതി വാങ്ങി അവളെ ഏല്പിച്ചു.

കുഞ്ഞാറ്റയ്ക്കുള്ള ഉടുപ്പ്... കേക്ക്... മിഠായികൾ... തനിക്കുള്ള സാരി...

ഡ്രൈവർ കുറെ പാത്രങ്ങളുമായി അകത്തുകയറി.

"ഇനി ഞങ്ങൾ പോകുകയാണ്. ഞങ്ങളെ കൊണ്ടുവിട്ടിട്ട് ഇവൻ വണ്ടി തിരിച്ചു കൊണ്ടുവരും. നാളെ മുതൽ ഇവിടെനിന്ന് ഓട്ടം തുടങ്ങും."

മായ എന്തു പറയണമെന്നറിയാതെ നിന്നു. ജീവിതം വീണ്ടും തളിരണിയുകയാണെന്ന് അവൾക്കു തോന്നി.

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



പശ്ചാത്തപിക്കുന്ന പാപിയെ പരിഹസിക്കരുത്; നമുക്കും തെറ്റുപറ്റിയിട്ടുണ്ടെന്ന് ഓർക്കണം. വൃദ്ധരെ നിന്ദിക്കരുത്; നമുക്കും പ്രായമാവുകയല്ലേ? ആരുടെയും മരണത്തിൽ സന്തോഷിക്കരുത്; നമുക്കും മരണമുണ്ട്. പ്രഭാഷകൻ 8:5-7

**എഡിറ്റോറിയൽ**

# മലയാളത്തോടെന്തേ ഇത്ര അവജ്ഞ?

ഐക്യകേരളം രൂപംകൊണ്ട് അറുപത്തഞ്ചുവർഷം കഴിയുമ്പോഴും, മലയാളം ഔദ്യോഗികഭാഷയായി അംഗീകരിക്കാൻ കഴിയാത്തത് സാക്ഷരകേരളത്തിന് അങ്ങേയറ്റം അപമാനവും സാംസ്കാരികാപചയവുമാണ്. 2015 ൽ കേരളനിയമസഭ പാസാക്കിയ സമഗ്രമായ ഔദ്യോഗികഭാഷാബിൽ രാഷ്ട്രപതിയുടെ ഒപ്പിനായി അയച്ചെങ്കിലും, കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിൽ നിശ്ചലാവസ്ഥയിലാണ്. ഉടൻ പ്രാബല്യത്തിലാകുമെന്ന ആമുഖത്തോടെ തുടങ്ങുന്ന ബില്ലാണ് കഴിഞ്ഞ ആറു വർഷമായി അനാഥത്വം പേറി മന്ത്രാലയത്തിൽ ഫയലിലുറങ്ങുന്നതെന്ന വിവരമറിയുമ്പോൾ ഭാഷാപ്രേമികളടക്കമുള്ള മലയാളിസമൂഹം എങ്ങനെയാണു പ്രതികരിക്കേണ്ടതെന്നുകൂടി സർക്കാരധികാരികൾ പറഞ്ഞുതന്നാൽ നന്നായിരുന്നു!

നിയമസഭ പാസാക്കുന്ന ബില്ലുകൾ ഗവർണർ ഒപ്പിട്ട് രാഷ്ട്രപതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയാണു പതിവ്. ഇവിടെ ഗവർണർ ഒപ്പുവയ്ക്കാത്തതാണു കാരണമെന്നു കേന്ദ്രനിയമമന്ത്രാലയവൃത്തങ്ങൾ പറയുന്നു. അതുതന്നെയാണ് കരടുബിൽ തയ്യാറാക്കിയ ഔദ്യോഗികഭാഷാകമ്മറ്റിയുടെ മുൻചെയർമാനും കേരളനിയമസഭയുടെ മുൻഡെപ്യൂട്ടി സ്പീക്കറുമായ പാലോടു രവിയും പറയുന്നത്. രാഷ്ട്രപതിക്ക് അയയ്ക്കേണ്ടിയിരുന്നില്ല, ഗവർണർ ഒപ്പിട്ടാൽ മതിയായിരുന്നെന്നാണ് അദ്ദേഹത്തിന്റെ വാദം. പ്രശ്നങ്ങൾ രാഷ്ട്രീയപരമോ ഭരണ/നിയമപരമോ ആയാലും, അതല്ല, ഉദ്യോഗസ്ഥമേലാളന്മാരുടെ കെടുകാര്യസ്ഥതമൂലമായാലും, ശ്രേഷ്ഠഭാഷാപദവിയെന്ന ബഹുമതിക്കർഹമായ മലയാളഭാഷ നേരിടുന്ന അവഹേളനം അങ്ങേയറ്റം നിന്ദ്യവും ക്രൂരവുമാണ്. ബാലിശവും നിസ്സാരവുമെന്ന് ഏതൊരു സാധാരണക്കാരനും തോന്നാവുന്ന ഇത്തരം നിയമക്കുരുക്കുകളഴിച്ച് പ്രശ്നപരിഹാരമുണ്ടാക്കാൻ ഉത്തരവാദിത്വപ്പെട്ട ഭരണാധികാരികൾ കാലതാമസമെടുക്കുന്നത് ജനാധിപത്യമര്യാദകളുടെ ലംഘനമാണെന്നു പറയാതെ വയ്യ.

മലയാളം വിദ്യാലയങ്ങളിൽ നിർബന്ധമായും പഠിപ്പിക്കേണ്ട ഒന്നാം ഭാഷയാക്കുക, സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥഭരണപരിഷ്കാരവകുപ്പിനെ മലയാളഭാഷാവികസനവകുപ്പാക്കുക, നിയമസഭയിലെ ബില്ലുകളും പാസാക്കുന്ന നിയമങ്ങളും ഗവർണറുടെ ഉത്തരവുകളും മലയാളമാക്കുക, ഹൈക്കോടതിയുടെ അനുമതിയോടെ ജില്ലാക്കോടതികളിലെ ഭാഷ മലയാളമാക്കുക, പെറ്റിക്കേസുകളിൽ വിധിന്യായവും അർധ ജുഡീഷ്യൽ സ്ഥാപനങ്ങളിലെ വിധിന്യായങ്ങളും മലയാളത്തിലാക്കുക തുടങ്ങിയവയാണ് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. സർവകലാശാല പാഠ്യക്രമങ്ങളിൽ മലയാളം ഒരു പേപ്പറായി പരിഗണിക്കുക, പി.എസ്.സി. പരീക്ഷകൾ മലയാളത്തിലാക്കുക തുടങ്ങിയവയും പ്രധാന നിർദേശങ്ങളിലുണ്ട്. സർക്കാരിനു കീഴിലുള്ള സ്വയംഭരണ-സഹകരണ, പൊതുമേഖലാസ്ഥാപനങ്ങളുടെ പേര്, ഉദ്യോഗസ്ഥരുടെ പേര്, ഉദ്യോഗപ്പേര് എന്നിവ രേഖപ്പെടുത്തുന്ന ബോർഡുകളും, വാഹനങ്ങളുടെ ബോർഡുകളും മലയാളത്തിലായിരിക്കണം എന്നു തുടങ്ങി വേറേയും ഒട്ടേറെ വ്യവസ്ഥകളുണ്ട്.

മലയാളിക്ക് എല്ലാക്കാര്യത്തിലുമുള്ള അന്ധമായ പാശ്ചാത്യഭ്രമം ഭാഷയുടെ കാര്യത്തിലുമുണ്ട്. യുക്തിരഹിതമായ നിർബന്ധങ്ങളോടെയും ബുദ്ധിശൂന്യമായ മുൻവിധികളോടെയും മാതൃഭാഷയെ ഇകഴ്ത്തിപ്പറയുന്നവരുടെ കൂട്ടത്തിലാണ് നാം ജീവിക്കുന്നത്. ഈ ഇകഴ്ത്തൽനയം സജീവമായിരിക്കുന്നത് നമ്മുടെ സർവകലാശാലകളുടെയും വിദ്യാഭ്യാസവകുപ്പിന്റെയും മറ്റും പരിസരങ്ങളിലാണെന്ന അറിവ് നമ്മെ ഏറെ ലജ്ജിപ്പിക്കുന്നു.

നമ്മുടെ അയൽസംസ്ഥാനമായ തമിഴ്നാട്ടിൽ, സ്റ്റേറ്റ് സിലബസായാലും സിബിഎസ്ഇ/ഐസിഎസ്ഇ ആയാലും പത്താം ക്ലാസുവരെയുള്ള പാഠ്യപദ്ധതിയിൽ മാതൃഭാഷ ഒരു പ്രധാന വിഷയമായി കുട്ടികൾ പഠിക്കുന്നുണ്ട്. മാതൃഭാഷയിലുള്ള കവിതയും കഥയും സാഹിത്യശാഖകളും പരിചയപ്പെടാൻ അവരുടെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ മതിയായ സാഹചര്യമുണ്ട്. കേരളത്തിലെ ഇംഗ്ലീഷ്മീഡിയം സ്കൂളുകളോട് ഇതൊക്കെപ്പറഞ്ഞാൽ അതൊരു തമാശയായി അവർക്ക് ഒരു പക്ഷേ തോന്നിയേക്കാം. ഇക്കാര്യത്തിൽ നയപരമായ മാറ്റം വരുത്താൻ സർക്കാരും വിദ്യാഭ്യാസവകുപ്പും മുൻകൈ എടുത്തേ പറ്റൂ.

ഒന്നുമുതൽ പന്ത്രണ്ടുവരെയുള്ള മലയാളപാഠപുസ്തകങ്ങളിൽ ഒരിടത്തുപോലും അക്ഷരമാല പഠിപ്പിക്കുന്നില്ല എന്നത് നമ്മുടെ കുട്ടികളോടു കാണിക്കുന്ന വലിയൊരപരാധമാണെന്നു പറയാതിരിക്കാനാവില്ല. സൂക്ഷ്മത്തിൽനിന്ന് സ്ഥൂലത്തിലേക്ക് എന്ന പഴയ പഠനസമ്പ്രദായം ഉപേക്ഷിച്ച്, സ്ഥൂലത്തിൽനിന്ന് സൂക്ഷ്മത്തിലേക്ക് എന്ന ആധുനികരീതി(അതായത്, ആശയം→വാക്യം→വാക്ക്→അക്ഷരം)യോടാണ് വിദ്യാഭ്യാസവകുപ്പിനും വിചക്ഷണന്മാർക്കും പ്രിയം. എന്തു ന്യായവാദം പറഞ്ഞാലും, ഉച്ചാരണശാസ്ത്രപഠനത്തിനും കൈയെഴുത്തിനും അകാരാദിക്രമത്തിലുള്ള നിഘണ്ടുക്കൾ, വിജ്ഞാനകോശങ്ങൾ തുടങ്ങിയവയുടെ ഉപയോഗത്തിനുമെല്ലാം അക്ഷരമാലയുടെ പഠനം അനിവാര്യമാണെന്നു കാലം സമ്മതിക്കേണ്ടിവരുമെന്നുറപ്പാണ്. ഇക്കാര്യം കഴിഞ്ഞ കുറേ വർഷങ്ങളായി പൊതുജനങ്ങളെ ബോധവത്കരിച്ച് ഇച്ഛാശക്തിയോടെ പടപൊരുതുന്ന ഡോ. തോമസ് മൂലയിൽ എന്ന ഭാഷാസ്നേഹിയോട് ഓരോ മലയാളിയും വരുംതലമുറയും കടപ്പെട്ടിരിക്കുന്നു. പാലാ മാതൃഭാഷാ പോഷകസന്നദ്ധസമിതിയുടെ അമരക്കാരൻകൂടിയായ ഈ വൈദികന്റെ, ഭാഷയ്ക്കുവേണ്ടിയുള്ള സമരാവേശങ്ങളോടു സമരസപ്പെടാതിരിക്കാൻ ഭാഷയെ സ്നേഹിക്കുന്ന ആർക്കുമാവില്ല. ഏതായാലും, മലയാളഭാഷയുടെ സമഗ്രപരിഷ്കരണാർത്ഥം ഏതാനും ദിവസങ്ങൾക്കുമുമ്പു സർക്കാർ രൂപവത്കരിച്ച വിദഗ്ധസമിതി, ഭാഷാസംബന്ധിയായ ഒട്ടേറെ പ്രശ്നങ്ങൾക്കും പരാതികൾക്കും തീർപ്പുകല്പിക്കുമെന്നു പ്രതീക്ഷിക്കാം.

മലയാളഭാഷയുടെ വികസനത്തിനും പരിപോഷണത്തിനുമായി സർക്കാർതലത്തിൽ ഒരു 'മലയാളഭാഷാവകുപ്പ്' ഉണ്ടാകണം. ഭാഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉന്നയിക്കുമ്പോൾ അതു വിദ്യാഭ്യാസവകുപ്പിലും സാംസ്കാരികവകുപ്പിലും ഭരണപരിഷ്കാരവകുപ്പിലുമെല്ലാം ഭ്രമണം ചെയ്യുന്ന പതിവുശൈലികളും നയങ്ങളും തിരുത്തേണ്ടതുതന്നെയാണ്. അതിനാൽ, മറ്റു പല സംസ്ഥാനങ്ങളിലുമുള്ളതുപോലെ, മാതൃഭാഷയ്ക്കുവേണ്ടി ഒരു പ്രത്യേക വകുപ്പുണ്ടാക്കി മലയാളഭാഷയെ സംരക്ഷിക്കാൻ സർക്കാർ വൈകിക്കൂടാ എന്നുകൂടി ഓർമിപ്പിക്കുന്നു. ■

# സമാധാനത്തിനുള്ള സന്ദേശവുമായി മാർപാപ്പാ

*(ഒന്നാംപേജ് തുടർച്ച)*

ആഗോള കത്തോലിക്കാസഭയുടെ പരമാധ്യക്ഷനായ മാർപാപ്പാ അടുത്ത വർഷം ഇന്ത്യയിലെത്തുമെന്നാണു പ്രതീക്ഷ. 2013 മാർച്ച് 13 ന് മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ടശേഷം ഇന്ത്യയിലേക്കു വരാൻ ഫ്രാൻസിസ് പാപ്പാ പല തവണ ആഗ്രഹം പ്രകടിപ്പിച്ചെങ്കിലും ഏഴു വർഷത്തിനുശേഷമാണു കേന്ദ്രസർക്കാരിന്റെ ഔദ്യോഗികക്ഷണം ഉണ്ടായത്.

പ്രധാനമന്ത്രി നരേന്ദ്ര മോദി കഴിഞ്ഞ ശനിയാഴ്ച വത്തിക്കാനിലെത്തി ഫ്രാൻസിസ് മാർപാപ്പയുമായി നടത്തിയ ഒരു മണിക്കൂറിലേറെ നീണ്ട കൂടിക്കാഴ്ച ചരിത്രത്തിന്റെ ഭാഗമായിക്കഴിഞ്ഞു. പ്രധാനമന്ത്രിയുടെ ക്ഷണം മാർപാപ്പ സ്വീകരിച്ചു. ആരോഗ്യപ്രശ്നങ്ങൾ വകവയ്ക്കാതെ അടുത്ത വർഷംതന്നെ 84 കാരനായ ഫ്രാൻസിസ് പാപ്പ ഇന്ത്യാപര്യടനം നടത്താനുള്ള പ്രാഥമികാലോചനകൾ വത്തിക്കാനും ഇന്ത്യയും തുടങ്ങിക്കഴിഞ്ഞു.

**ഇന്ത്യയുടെ യശസ്സുയർത്തും**

ലോകരാഷ്ട്രങ്ങൾക്കിടയിൽ ഇന്ത്യയുടെ യശസ്സുയർത്തുന്നതാകും മാർപാപ്പയുടെ സന്ദർശനം എന്നതിൽ സംശയമില്ല. ഗോവ അടക്കമുള്ള നിയമസഭാ തിരഞ്ഞെടുപ്പുകൾക്കു മുന്നോടിയായുള്ള മോദിയുടെ പാപ്പായുമായുള്ള കൂടിക്കാഴ്ചയുടെ പേരിൽ രാഷ്ട്രീയ മുതലെടുപ്പിനു കേന്ദ്രഭരണകക്ഷി ശ്രമിച്ചേക്കുമെന്ന ആക്ഷേപവും പ്രതിപക്ഷത്തെ ചിലർ ഉയർത്തുന്നുണ്ട്. പക്ഷേ, റോമിൽ സമാപിച്ച ജി 20 രാഷ്ട്രത്തലവന്മാരുടെ ഉച്ചകോടിയിൽ പങ്കെടുക്കാനെത്തിയപ്പോൾ ഇന്ത്യൻ പ്രധാനമന്ത്രി മാർപാപ്പയെ കാണാതെ വന്നിരുന്നെങ്കിൽ അതാകുമായിരുന്നു കൂടുതൽ വിവാദം.

മാർപാപ്പായുടെ ഇന്ത്യാസന്ദർശനം യാഥാർത്ഥ്യമായാൽ ഇന്ത്യ സന്ദർശിക്കുന്ന മൂന്നാമത്തെ മാർപാപ്പയാകും ഫ്രാൻസിസ് പാപ്പ. ജോൺ പോൾ രണ്ടാമൻ മാർപാപ്പയ്ക്കുശേഷം മറ്റൊരു മാർപാപ്പകൂടി കേരളത്തിലെത്തുമെന്ന പ്രതീക്ഷയും ശക്തമാണ്. ഇന്ത്യയിലേക്ക് ആദ്യമായി മാർപാപ്പയെ ഔദ്യോഗികസന്ദർശനത്തിനു ക്ഷണിച്ചത് രാജീവ് ഗാന്ധി പ്രധാനമന്ത്രി ആയിരുന്നപ്പോഴാണ്. 1986 ലെ ഇന്ത്യാസന്ദർശനത്തിനെത്തിയ ജോൺ പോൾ രണ്ടാമൻ മാർപാപ്പയ്ക്കു ഊഷ്മളസ്വീകരണം നൽകാനും രാജ്യത്തെമ്പാടും സുരക്ഷിതവും വീരോചിതവുമായ പര്യടനം ഒരുക്കാനും രാജീവ് തയ്യാറായി.

പിന്നീട് 1999 ലെ മാർപാപ്പയുടെ ഔദ്യോഗിക സന്ദർശനത്തിനായി ക്ഷണിച്ചതു പ്രധാനമന്ത്രി വാജ്പേയി ആണ്. എന്തുകൊണ്ടോ പിന്നീടു രണ്ടു പതിറ്റാണ്ടുകാലം പ്രധാനമന്ത്രിമാർ മാർപാപ്പയെ ക്ഷണിക്കുകയോ വത്തിക്കാനിൽ പോയി സന്ദർശിക്കുകയോ ചെയ്തില്ലെന്നത് അതിശയകരമാണ്. നരസിംഹറാവു മുതൽ പത്തു വർഷം തുടർച്ചയായി ഭരിച്ച മൻമോഹൻ സിങ് വരെയുള്ളവർ പലതവണ യൂറോപ്യൻ രാജ്യങ്ങളിൽ പോയി രാഷ്ട്രനേതാക്കളുമായി കൂടിക്കാഴ്ച നടത്തിയെങ്കിലും വത്തിക്കാനിലേക്കു പോകാൻ തയ്യാറായില്ല.

ഇന്ത്യയുടെ പ്രഥമപ്രധാനമന്ത്രി ജവഹർലാൽ നെഹ്റു 1955 ജൂലൈയിൽ വത്തിക്കാനിലെത്തി പയസ് പന്ത്രണ്ടാമൻ മാർപാപ്പയെ സന്ദർശിച്ചിരുന്നു. പ്രധാനമന്ത്രി ഇന്ദിരാഗാന്ധി 1981 ലാണു വത്തിക്കാനിലെത്തി ജോൺ പോൾ രണ്ടാമൻ മാർപാപ്പയുമായി കൂടിക്കാഴ്ച നടത്തിയത്. 1997 ൽ ഐ.കെ. ഗുജ്റാളും 2000 ൽ അടൽ ബിഹാരി വാജ്പേയിയും വത്തിക്കാനിൽ ചെന്നു ജോൺ പോൾ രണ്ടാമൻ പാപ്പയെ സന്ദർശിച്ച് ഇന്ത്യയുടെ ആദരവ് അറിയിച്ചിരുന്നു.

മുംബൈയിൽ നടന്ന ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കാൻ പോൾ ആറാമൻ മാർപാപ്പ 1964 ൽ ഇന്ത്യയിലെത്തിയിരുന്നു. നെഹ്റുവിന്റെ മരണത്തെത്തുടർന്നു പ്രധാനമന്ത്രിയായിരുന്ന ലാൽ ബഹദൂർ ശാസ്ത്രി പാപ്പയെ സന്ദർശിച്ചു. രാജീവ് ഗാന്ധിയുടെ കാലത്ത് 1986 ഫെബ്രുവരിയിലാണ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ ആദ്യം ഇന്ത്യയിലെത്തിയത്. 1999 ൽ അടൽബിഹാരി വാജ്പേയി പ്രധാനമന്ത്രിയായിരിക്കെ പാപ്പാ വീണ്ടും ഡൽഹി സന്ദർശിച്ചിരുന്നു. അന്നത്തെ രാഷ്ട്രപതി കെ.ആർ. നാരായണനുമായും അന്നത്തെ വരവിൽ പാപ്പ കൂടിക്കാഴ്ച നടത്തിയിരുന്നു.

**പാപ്പായെ പാലായ്ക്കും പ്രതീക്ഷിക്കാം**

ഫ്രാൻസിസ് മാർപാപ്പ കേരളത്തിലും പര്യടനം നടത്തുമെന്നാണു വ്യക്തമായ സൂചന. മാർപാപ്പയുടെ സന്ദർശനത്തിനായി കത്തോലിക്കാസഭാമേലധ്യക്ഷന്മാരും വിശ്വാസിസമൂഹവും വർഷങ്ങളായി ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. അര കോടിയിലേറെ വിശ്വാസികളുള്ള സീറോ മലബാർ സഭയുടെയും സീറോമലങ്കരസഭയുടെയും ആസ്ഥാനം കേരളത്തിലാണ്. ലത്തീൻ കത്തോലിക്കാവിഭാഗവും സംസ്ഥാനത്തു പ്രബലമാണ്.

വിശുദ്ധ സിസ്റ്റർ അൽഫോൻസ മുതൽ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, എവുപ്രാസ്യാമ്മ, മറിയം ത്രേസ്യ എന്നീ പുണ്യാത്മക്കളുടെയെല്ലാം നാടാണു കേരളം. പാലായുടെ സ്വന്തം വിശുദ്ധ അൽഫോൻസാമ്മയും വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചനും ധന്യൻ മാത്യു കദളിക്കാട്ടിൽ അച്ചനും അടക്കമുള്ളവർ ആഗോളകത്തോലിക്കാസഭയ്ക്കുള്ള പാലായുടെ സമ്മാനമാകും.

ഫ്രാൻസിസ് മാർപാപ്പായുടെ പാലാ, ഭരണങ്ങാനം സന്ദർശനത്തിനായി വിശ്വാസിസമൂഹം പ്രാർത്ഥനയോടെ പ്രതീക്ഷയർപ്പിച്ചിരിക്കുന്നതു സ്വാഭാവികം. ആഗോള കത്തോലിക്കാസഭയ്ക്ക് വൈദികരും കന്യാസ്ത്രീമാരും അടക്കം ഏറ്റവുമധികം സമർപ്പിതരെ സമ്മാനിക്കുന്ന പാലാ രൂപതയ്ക്കും രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനും മാർപാപ്പായെ പാലായുടെ പുണ്യഭൂമിയിൽ വരവേൽക്കുന്ന പുതു ചരിത്രത്തിനായും പ്രത്യാശയോടെയാണു വിശ്വാസികൾ കാത്തിരിക്കുന്നത്. ■




കുട്ടികൾ വായിച്ചിരിക്കേണ്ട വിശിഷ്ടഗ്രന്ഥങ്ങളെ ഹൃദ്യമായി പരിചയപ്പെടുത്തുന്ന പംക്തി

# ചമ്പൽക്കാട്ടിലെ തീപ്പൊരി റാണി




ജോയിഷ് ജോസ്

ഓരോ ആത്മകഥയും വ്യക്ത്യയനുഭവങ്ങൾക്കപ്പുറം സാംസ്കാരിക, രാഷ്ട്രീയ, സാമൂഹികമാറ്റങ്ങളുടെ അടയാളപ്പെടുത്തലും കൂടിയാണ്. ഏതെങ്കിലും മേഖലയിൽ പ്രശസ്തരായവർക്കുമാത്രം അല്ലെങ്കിൽ ജീവിതസായാഹ്നത്തിൽ എഴുതാവുന്ന ഒന്നാണ് ആത്മകഥ എന്നൊരു ധാരണ എനിക്കുണ്ടായിരുന്നു. എന്നാൽ, വായന പുരോഗമിച്ചുതുടങ്ങിയപ്പോൾ അത്തരം ധാരണകളെ മാറ്റിനിർത്തേണ്ടി വന്നു. തികച്ചും വ്യത്യസ്തമായ ജീവിതാനുഭവങ്ങളിലൂടെ കടന്നുപോകുന്നവരുടെ അനുഭവങ്ങൾ വായിച്ചുതുടങ്ങിയപ്പോൾ പലപ്പോഴും നെഞ്ചുകീറി, കണ്ണിൽ രക്തം പൊടിഞ്ഞു എന്നാൽ, ചില പുസ്തകങ്ങൾ കോരിത്തരിപ്പിക്കുകയും ചെയ്തു. ഈ അനുഭവങ്ങളിലൂടെയെല്ലാം ഞാൻ കടന്നുപോയൊരു പുസ്തകമാണ് 'ഞാൻ ഫൂലൻ ദേവി.' ആയിരത്തിത്തൊള്ളായിരത്തി എൺപതുകളിൽ ചമ്പൽക്കാടുകളെ വിറപ്പിച്ച്, ചമ്പൽറാണിയെന്ന വിശേഷണത്തിൽ അറിയപ്പെട്ട് രണ്ടായിരത്തിയൊന്നിൽ ഒരു വെടിയൊച്ചയുടെ അറ്റത്തു പൊലിഞ്ഞുപോയ തീപ്പൊരി നക്ഷത്രം – ഒരേയൊരു Bandit Queen ഫൂലൻ ദേവിയുടെ ആത്മകഥ...

ആയിരത്തിത്തൊള്ളായിരത്തി അറുപത്തിമൂന്ന് ഓഗസ്റ്റ് പത്തിന് ഉത്തർപ്രദേശിലെ ജലാൻ ജില്ലയിൽ ഒരു കുഗ്രാമമായ ഗോരാ കാ പർവയിലാണ് ഫൂലൻ ദേവിയുടെ ജനനം. കഷ്ടതകൾ നിറഞ്ഞതായിരുന്നു ഫൂലന്റെ ബാല്യം. ഹരിജനവിഭാഗത്തിലാണ് അവളുടെ ജനനമെന്നതിനാൽ ചാതുർവർണ്യവ്യവസ്ഥയിൽ ഏറ്റവും താഴെയുള്ള വെറും ചണ്ഡാലത്തിയായി വളരാൻ അവൾ വിധിക്കപ്പെട്ടു. ബാല്യം മാറുംമുമ്പേ, പതിനൊന്നാം വയസ്സിൽ തന്നെക്കാൾ ഏറെ പ്രായം ചെന്ന ആളുമായി വിവാഹം ചെയ്തയച്ചു. പുലർച്ചമുതൽ രാവിരുട്ടുവോളം വീട്ടുജോലിയും ചെറിയ കുട്ടിയെന്നുപോലും പരിഗണിക്കാതെയുള്ള പീഡനങ്ങളുമാണ് അവളെ അവിടെ കാത്തിരുന്നത്. ഒരു ദിവസം അമ്മയ്ക്കു സുഖമില്ലെന്ന വിവരമറിഞ്ഞ ഫൂലൻ ഭർത്താവിനോട് അമ്മയെ ഒരു നോക്കു കണ്ടിട്ടു വരാൻ കേണപേക്ഷിച്ചെങ്കിലും അനുവാദം കിട്ടിയില്ല. അവിടെ ആദ്യത്തെ റാണി ജനിക്കുകയായിരുന്നു അവൾ ഭർതൃവീടുപേക്ഷിച്ച് അമ്മയെ പരിചരിക്കാനെത്തി. എന്നാൽ, ഭർത്താവുപേക്ഷിച്ച പെണ്ണിനെ വീട്ടിൽ നിർത്തുന്നതു ഗ്രാമമുഖ്യർ തടസ്സം നിന്നു. അങ്ങനെ അവളെ പിതാവിന്റെ ജ്യേഷ്ഠസഹോദരന്റെ വീട്ടിലേക്ക് അയച്ചു, അവിടെയും അവസ്ഥ വത്യസ്തമായിരുന്നില്ല. പകൽ മുഴുവനും വിശ്രമമില്ലാത്ത വീട്ടുപണി, ഒപ്പം അയാളുടെ മൂത്തമകന്റെ ശല്യവും. അവൾ ആ വീടും വിട്ടിറങ്ങി.

അവിടെനിന്നിറങ്ങിയ ഫൂലൻ ഭർത്താവിന്റെ അടുത്ത് വീണ്ടും ചെന്നെങ്കിലും അയാൾ അപ്പോഴേക്കും മറ്റൊരു വിവാഹം കഴിച്ചിരുന്നു. ഫൂലനെ കണ്ടതും കലിപൂണ്ട അയാൾ അവളെ ഗ്രാമത്തിൽനിന്നു തല്ലിയോടിച്ചു. തിരികെ വീട്ടിലെത്തിയ അവളെ കാത്തിരുന്നത് ഒരു പീഡനകാലമായിരുന്നു. തങ്ങൾക്കവകാശപ്പെട്ട നിലം ചതിച്ചു കൈക്കലാക്കിയ ഒരു ബന്ധുവിനെ അവൾ ചോദ്യം ചെയ്തിരുന്നു. ഉയർന്ന ജാതിക്കാരോടു ബന്ധവും അത്യാവശ്യം സാമ്പത്തികവുമുള്ള അയാൾ ഫൂലനെ ഒരു മോഷണക്കേസിൽപ്പെടുത്തി അറസ്റ്റു ചെയ്യിപ്പിച്ചു. ഏതാണ്ട് ഒരു മാസത്തോളം ജയിലിൽ ഫൂലനെ അവർ ക്രൂരപീഡനത്തിന് ഇരയാക്കി. അവസാനം പിതാവ് മേൽജാതിക്കാരുടെ കാലിൽവീണപേക്ഷിച്ച് ഫൂലനെ ജയിലിനു പുറത്തിറക്കി. എന്നാൽ, ഗ്രാമത്തിൽ തിരികെയെത്തിയ അവളെ ഗ്രാമവാസികൾ ശപിക്കപ്പെട്ടവളെന്നു കൂവി വിളിച്ച് അപമാനിച്ചു. ഫൂലനെന്ന ശാപത്തെ ഒഴിവാക്കാൻ ഗ്രാമപ്രമുഖർ തീരുമാനിച്ചു, അതിനവർ കണ്ടെത്തിയ വഴി അതിക്രൂരമായിരുന്നു, ബാബു ഗജ്ജർ എന്നൊരു കൊള്ള




ക്കാരന് അവളെ കൈമാറുക...


എരിതീയിൽനിന്ന് വറചട്ടിയിലേക്കാണവൾ എറിയപ്പെട്ടത്. കുടുംബാഗങ്ങളെ പിരിഞ്ഞ വിഷമംകൂടാതെ രാപകലില്ലാതുള്ള ക്രൂരപീഡനങ്ങളും താങ്ങാനാവാതെ അവൾ കൊള്ളസംഘത്തിൽനിന്ന് ഒളിച്ചോടി വീട്ടിൽ തിരിച്ചെത്തി. രക്ഷപ്പെട്ടോടിയ ഫൂലനെ പിടികൂടാൻ ഗജ്ജർ അവളുടെ വീട്ടിലെത്തി. കൊന്നാലും തിരിച്ചു സംഘത്തിലേക്കില്ലെന്ന് അവൾ ആണയിട്ടു. നാടും കാടും വിറപ്പിച്ചിരുന്ന ഗജ്ജറിന് ഞെട്ടലിനെക്കാളേറെ അപമാനമാണു തോന്നിയത്. തന്റെ പേരുകേട്ടാൽ വിറയ്ക്കുന്ന നാട്ടിൽ ഒരു നരന്തുപെണ്ണ് എതിർത്തു സംസാരിച്ചത് അയാളെ വിറകൊള്ളിച്ചു. അയാൾ ഫൂലന്റെ കുടുംബത്തിനു നേർക്കു തോക്കു ചൂണ്ടി. മറ്റെന്തിനെക്കാളും കുടുംബത്തെ സ്നേഹിച്ച ഫൂലന് അയാൾക്കൊപ്പം പോവുകയല്ലാതെ പിന്നെ നിവൃത്തിയില്ലായിരുന്നു. കുടുംബാംഗങ്ങളുടെ മുമ്പിൽവച്ചു തന്നെ അവളെ അയാൾ നഗ്നയാക്കി മർദിച്ചു. കുതിരയുടെ പിറകിൽ അവളെ കെട്ടിവലിച്ചു. പോകുംവഴിയെല്ലാം അവളെ മർദിച്ചു എന്നിട്ടും, കോപമടങ്ങാഞ്ഞ ഗജ്ജർ അവളെ കൊന്നുകളയാൻ തീരുമാനിച്ചു. എന്നാൽ, അങ്ങനെ മരണപ്പെട്ടുപോകാനുള്ളതായിരുന്നില്ല അവളുടെ ജീവിതം. അവൾക്ക് കുറച്ചു കണക്കുകൾ തീർക്കാൻ ജീവൻ ബാക്കിയുണ്ടാവേണ്ടതുണ്ടായിരുന്നു അവളുടെ മുന്നിൽ ഒരു രക്ഷകൻ അവതരിച്ചു. വിക്രം മല്ല, കൊള്ള സംഘത്തിലെ രണ്ടാമൻ... ഇതിന്റെ ബാക്കി ഞാൻ എഴുതുന്നില്ല നിങ്ങൾ വായിച്ചു തന്നെ അറിയുക...

ഫൂലൻ ദേവി ജീവിച്ചത് മുപ്പത്തിയെട്ടു വർഷം മാത്രമാണ്. എന്നാൽ ഫൂലൻ ദേവി എന്ന ബണ്ഡിറ്റ് ക്യൂനിന് അക്കാലയളവ് ധാരാളമായിരുന്നു. ഇനിയൊരാൾക്കും നടന്നുപോവാനാകാത്ത പാതയിലൂടെയായിരുന്നു അവൾ സഞ്ചരിച്ചത്. ഇക്കാലത്തെ സ്ത്രീകൾക്കൊരിക്കലും പ്രതികാരദുർഗയാവാൻ കഴിയില്ലെന്നു വിശ്വസിച്ചിരുന്ന ഒരു ലോകത്തെയാകെ തന്റെ ജീവിതത്തിലൂടെ അവൾ ഞെട്ടിച്ചു. സിനിമയെപ്പോലും വെല്ലുന്ന ജീവിതം ജീവിച്ചുതീർത്ത ഫൂലൻ മൺമറഞ്ഞിട്ട് രണ്ട് ദശാബ്ദത്തോളമെത്തിയിട്ടും ഫൂലൻ ദേവി എന്നു കേട്ടാൽ ഇന്നും ചമ്പൽക്കാടൊന്ന് ഞെട്ടും, അതാണ് ഫൂലൻ ദേവി; ചരിത്രത്തിലെ ഒരേയൊരു ബണ്ഡിറ്റ് ക്യൂൻ.

# പൂമരംകൊണ്ട് കപ്പലുണ്ടാക്കിയെന്നോ?



ടി.പി. ശാസ്തമംഗലം



സാമൂഹികമാധ്യമങ്ങളും ടെലിവിഷനും മറ്റും സജീവമായതോടെ അതിന്റെ ഏറ്റവും കൂടുതൽ പ്രയോജനം ലഭിക്കുന്നത് ചലച്ചിത്രത്തിനാണ്; പ്രത്യേകിച്ച്, അതിലെ ഗാനങ്ങൾക്ക്. പുതുതായി ഇറങ്ങുന്ന ഗാനങ്ങൾ പൊതുവേ വകയ്ക്കു കൊള്ളാത്തവയാണെങ്കിലും അവയ്ക്കു മുൻതൂക്കം നല്കാൻ നേരത്തേ പറഞ്ഞ മാധ്യമങ്ങൾ ഏതാണ്ട് മത്സരബുദ്ധിയോടെതന്നെ പ്രവർത്തിക്കാറുണ്ട്. അതുകൊണ്ട് അത്തരം പാട്ടുകൾ വളരെവേഗം ജനപ്രീതിയിൽ മേൽക്കൈ നേടും. ഗുണനിലവാരം തിരിച്ചറിയാൻ കെല്പുള്ളവർപോലും ഹ്രസ്വകാലത്തേക്ക് അവയ്ക്കു പിറകേയായിരിക്കും. പക്ഷേ, ചുരുങ്ങിയ കാലത്തിനുള്ളിൽ അവയുടെ കഥ കഴിയും. പിന്നീട് ആ പാട്ടുകൾ ആർക്കും വേണ്ടാതാവും.

ഇരുപത്താറു ദശലക്ഷംപേർ ഇതിനകം കണ്ടു എന്ന് അവകാശപ്പെടുന്ന ഒരു ഗാനത്തിന്റെ കാര്യമാണ് ഇവിടെ പറയാൻ പോകുന്നത്. 2018 ൽ പ്രദർശനത്തിനുവന്ന 'പൂമരം' എന്ന ചിത്രത്തിലെ

"ഞാനും ഞാനുമെന്റാളും
ആ നാല്പതുപേരും
പൂമരംകൊണ്ട് കപ്പലുണ്ടാക്കി
കപ്പലിലാണേ ആ കുപ്പായക്കാരി
പങ്കായം പൊക്കി ഞാനൊന്നുനോക്കി
ഞാനൊന്നു നോക്കി അവളെന്നെയും
നോക്കി
നാല്പതുപേരും ശിഷ്യന്മാരും ഒന്നിച്ചു
നോക്കി" എന്ന ഗാനം ഇന്ന് എത്രപേർ കേൾക്കുന്നു എന്ന് ഇപ്പറഞ്ഞ അവകാശവാദമുന്നയിക്കുന്നവർ ഒന്ന് അന്വേഷിക്കുന്നതു നന്നായിരിക്കും.

ആശാൻ ബാബു, ദയാൽസിങ് എന്നീ രണ്ടുപേർ എഴുതി സ്വന്തം സംഗീതത്തിൽ ഫൈസൽ റാസി പാടിയ ഗാനമാണിത്. ഞാനും എന്റെയാളും എന്നു പറഞ്ഞാൽ അറിയിക്കുന്ന വ്യക്തിക്കു വേണ്ടപ്പെട്ട ആരോ ആണ് അതെന്നു നമുക്കു വ്യക്തമാകും. എന്നാൽ ഞാൻ, എന്റെയാൾ ഇവർക്കിയിൽ കടന്നുവന്ന മറ്റൊരു 'ഞാൻ' ആരാണാവോ? ഞാൻ ഒരാളായിരിക്കേ രണ്ടുവട്ടം അടുത്തടുത്ത് ഞാൻ എന്ന വാക്കു പ്രയോഗിക്കുന്നത് നമ്മുടെ മാതൃഭാഷയെ കൊഞ്ഞനം കുത്തുന്നതിനു തുല്യമാണ്. ഗാനത്തിൽ പറയുന്നു ആ നാല്പതുപേർ എന്ന്. ഏതു നാല്പതുപേരെന്ന് പാട്ടുകേൾക്കുന്ന നമുക്കു സംശയം തോന്നാം. സംശയനിവൃത്തിക്കു യാതൊരു മാർഗവുമില്ലതാനും. ഇതിന്റെ രചയിതാക്കൾക്കുപോലും വ്യക്തമല്ലാത്ത കാര്യം ആരോടു ചോദിക്കാൻ?

മരംകൊണ്ട് ലോകത്തെവിടെയാണു കപ്പലുണ്ടാക്കുന്നത്? അതു പൂമരമായാലും (പൂമരം = പൂവുണ്ടാകുന്ന വൃക്ഷം; പൂവരശ്) അല്ലാതുള്ള മരമായാലും ഫലം ഒന്നുതന്നെ. കപ്പലുണ്ടാക്കാത്ത താമസം അതിനുവേണ്ടി കാത്തിരുന്നെന്ന മട്ടിൽ ഒരു കുപ്പായക്കാരി അതിൽ കയറിപ്പറ്റിയിരിക്കുന്നു. 'ഞാൻ' എന്തു ചെയ്തെന്നോ? ഒരു സാഹസം കാണിക്കാൻ ഇടയായി. പങ്കായം പൊക്കി അവളെ ഈ 'ഞാൻ' ഒന്നു നോക്കി. കപ്പലിന് എവിടെയാണ് പങ്കായമെന്നൊന്നും ആലോചിക്കാൻ മിനക്കെട്ടില്ല പാട്ടെഴുത്തുകാർ. തുഴയുന്ന ബോട്ടോ വള്ളമോ അല്ലല്ലോ കപ്പൽ. പിന്നെയെങ്ങനെ പങ്കായം കാണും? കുറഞ്ഞ പക്ഷം ഏതെങ്കിലും തുറമുഖത്തുചെന്ന് അവർ കാണുകയെങ്കിലും ചെയ്യണമായിരുന്നു. 'ഞാൻ' അവളെ നോക്കാത്ത താമസം അവൾ തിരിച്ചും നോക്കി. മാത്രമോ, നേരത്തേ പറഞ്ഞ നാല്പതുപേരും അവരുടെ ശിഷ്യന്മാരും (ഇതിന്റെ എണ്ണമെത്രയാണെന്നോ അവർ ഇപ്പോൾ എവിടെനിന്നാണു വന്നതെന്നോ ഒരു പിടിയുമില്ല.) ഒരുമിച്ചു നോക്കി. കൂട്ടയോട്ടം എന്നൊക്കെ കേട്ടിട്ടില്ലേ, അതുപോലെ കൂട്ടനോട്ടം!

"എന്തൊരഴക് ആ എന്തൊരു ഭംഗി
എന്തൊരഴകാണാ കുപ്പായക്കാരിക്ക്
എൻ പ്രിയയല്ലേ പ്രിയ കാമിനിയല്ലേ
എന്റെ ഹൃദയം നീ കവർന്നെടു
ത്തില്ലേ"

എന്തായാലും മലയാളത്തോട് തെല്ലും കൂറു പുലർത്താത്തവരാണ് ഈ ഗാനരചയിതാക്കളെന്നു പറയാതെ വയ്യ. അല്ലെങ്കിൽ ഒരേ അർത്ഥം വരുന്ന അഴകും ഭംഗിയും അടുത്തടുത്തു പ്രയോഗിക്കുമായിരുന്നോ? എന്തൊരഴക് എന്നു പറഞ്ഞതു പോരാഞ്ഞ് എന്തൊരു ഭംഗി എന്നു മാത്രമല്ല എന്തൊരഴകാണാ കുപ്പായക്കാരിക്ക് എന്നുകൂടി എഴുന്നള്ളിച്ചിട്ടേ അവർക്കു സമാധാനം വരുന്നുള്ളൂ. എൻ പ്രിയയല്ലേ എന്നും തൊട്ടുപിന്നാലെ പ്രിയകാമിനിയല്ലേ എന്നും ഉളുപ്പില്ലാതെ എഴുതിവിട്ടിരിക്കുന്നു അവർ. (പ്രിയയുടെ ആവർത്തനം സദയം ശ്രദ്ധിക്കുക) 'എന്റെ ഹൃദയം നീ കവർന്നെടുത്തില്ലേ' എന്ന് നായികയോട് ആരായാനാണ് ഈ കസർത്തെല്ലാം കാട്ടിയത്.

കേരളത്തിലെ ഒരു കലാലയത്തിൽ ഒരിക്കൽ പാടിയിരുന്ന ഈ പാട്ട് എന്തോ മഹാസംഭവംപോലെ തേടിപ്പിടിച്ച് ചിത്രത്തിൽ ഉപയോഗപ്പെടുത്തുകയായിരുന്നത്രേ. അതിന്റെ പേരിൽ ചിത്രത്തിന്റെ സംവിധായകനെ ഈ പാട്ടിറങ്ങിയ കാലത്ത് ചിലരെങ്കിലും പ്രശംസിച്ചു കണ്ടു. എന്നാൽ, നിഷ്പക്ഷമായി ചോദിക്കട്ടെ, ഇത്രയും അർത്ഥശൂന്യമായ ഒരു ഗാനം ചിത്രത്തിൽ ഉൾപ്പെടുത്തി കേരളീയരെ മുഴുവൻ വിഡ്ഢികളാക്കിയ അദ്ദേഹത്തെ യഥാർത്ഥത്തിൽ അഭിശംസിക്കുകയല്ലേ വേണ്ടത്?

# കവിതകളിൽ വിടരുന്ന കുട്ടിക്കാലം



ഷാജി മാലിപ്പാറ

**(നവംബർ പതിനാല് – ദേശീയ ശിശുദിനം. കുട്ടിക്കാലത്തിന്റെ നേരനുഭവങ്ങളിലൂടെ ഒരു കാവ്യയാത്ര)**

*കുഞ്ഞിനീപ്പുഞ്ചിരിയാരു തന്നു?*
*കുഞ്ഞിക്കുടമുല്ലപ്പൂവു തന്നു.*
*പൂങ്കവിൾച്ചന്തമിതാരു തന്നു?*
*പൂക്കാലം വന്നപ്പോൾ സന്ധ്യ തന്നു.*

തിരുനല്ലൂർ കരുണാകരന്റെ വരികൾ, ആരെയുമാനന്ദിപ്പിക്കുന്ന കുഞ്ഞുങ്ങളുടെ ചാരുതയെ ഹൃദ്യമായി അവതരിപ്പിക്കുന്നു. കുട്ടിത്തത്തിന്റെ സൗന്ദര്യാഹ്ലാദങ്ങളും കളിചിരികളും സങ്കടങ്ങളും ഇല്ലായ്മകളുമൊക്കെ വിവരിക്കുന്ന കവിതാശകലങ്ങൾ കൈരളി നമുക്കു സമ്മാനിച്ചിട്ടുണ്ട്. മലയാളകവികൾ ശൈശവ-ബാല്യജീവിതങ്ങളെ നാനാതരത്തിൽ വരച്ചുവയ്ക്കുന്നത് ഒരു മഴവില്ലിലെന്നപോലെ ദർശിക്കാൻ കഴിയും. കുഞ്ഞുങ്ങളെ ഹൃദയത്തോടു ചേർത്തുനിർത്തുന്ന കാവ്യവിചാരങ്ങളിലൂടെ ഒരു യാത്രപോകാം. എം.പി. അപ്പൻ ഒരു പൈതലിന്റെ ആനന്ദത്തെ വിവരിക്കുന്നതു നോക്കൂ:

*പുഞ്ചിരിക്കുളിരൊളി ചിന്നിയുല്ലസിക്കുന്ന*
*പിഞ്ചുപൈതലേ, നിന്റെ സുന്ദരമുഖത്തിങ്കൽ*
*എന്തൊരദ്ഭുതാവഹരീതിയിൽത്തെളിയുന്നൂ*
*കാന്തിയും പ്രശാന്തിയും തൃപ്തിയുമാനന്ദവും!*

ഇതേ ആശയം ചങ്ങമ്പുഴയുടെ ഭാഷയിൽ ഇങ്ങനെ വായിക്കാം:

*ഏതുനേരത്തുമാനന്ദമല്ലാതെ*
*ചേതസ്സിലവനില്ലല്ലലല്പവും*
*വെല്ക, വെല്ക, നീ ശൈശവകാലമേ!*
*വെല്ക, വെല്ക, നീയാനന്ദധാമമേ!*

ഇടപ്പള്ളി രാഘവൻപിള്ളയുടെ അവതരണവും ചേതോഹരമാണ്:

*ബാല്യം-എൻ ജീവിതവാസരം തന്നുടെ*
*കാല്യം-കലിതാഭമായ കാലം,*
*പിച്ച നടക്കുവാനമ്മ പഠിപ്പിച്ച*
*പൊൽച്ചിലമ്പൊച്ചയുതിരും കാലം,*
*ആവർത്തനോത്സുകമാകുമാവേളക-*
*ളീമർത്ത്യനെങ്ങനെ വിസ്മരിക്കും!*

മാധവൻ അയ്യപ്പത്ത് എഴുതുന്നതുപോലെ,

*അമ്മമാരുടെ കൈവിരൽത്തുമ്പി-*
*ലുമ്മവച്ചു കിടാങ്ങൾ നടക്കേ*

അച്ഛന്റെയുള്ളിലെ സന്തോഷാനുഭവം കടമ്മനിട്ട രാമകൃഷ്ണൻ വിവരിക്കുന്നത് ഇപ്രകാരമാണ്:

*ഉണ്ണിമോഹങ്ങൾ തുള്ളിക്കളിക്കും*
*മണ്ണിലെ നറുംകൗതുകത്തിന്റെ*
*ഉള്ളിന്നുള്ളിലെ തേൻതുള്ളിയായ് ഞാ-*
*നൂറി നിൽക്കുന്നൊരു ഞൊടിനേരം.*

ബാല്യത്തിന്റെ ഓർമകൾ വായനക്കാരിലും ഉണർത്താൻ പോരുന്ന വിധത്തിലാണ് പ്രഭാവർമ്മയുടെ കവിത വിരിയുന്നത്:

*കുഞ്ഞുടുപ്പിലെ പൊന്നലുക്കു വി-*
*ളക്കിലൊട്ടൊന്നു തൊട്ടതും*
*കൽവിളക്കിലെ നാളമെന്നുട-*
*യാടമേലെ പടർന്നതും*
*പൊള്ളി ഞാൻ പിന്തിരിഞ്ഞതും കാറ്റി-*
*ലപ്പൊഴേ തീയണഞ്ഞതും*
*വിസ്മയത്തോടെയോർക്കയാണോർമ*
*കാറ്റലയ്ക്കൊപ്പമദ്ഭുതം!*

കുഞ്ഞുങ്ങളുടെ ഒരു നന്മയെ വിജയലക്ഷ്മി ഓർക്കുന്നതിങ്ങനെ:

*ആരോടുമില്ലാ വഴക്കെന്നു പുഞ്ചിരി-*
*ച്ചാരോടും കൂടി നടന്ന കാലം.*

'മാമ്പഴ'മെന്ന പ്രഖ്യാതകവിതയിൽ കുഞ്ഞുങ്ങളുടെ വാശിയെക്കുറിച്ച് വൈലോപ്പിള്ളിയുടെ നിരീക്ഷണം എത്രയോ വാസ്തവമാണ്:

*പിണങ്ങിപ്പോയീടിലും പിന്നെ ഞാൻ വിളിക്കുമ്പോൾ*
*കുണുങ്ങിക്കുണുങ്ങി നീ ഉണ്ണുവാൻ വരാറില്ലേ?*

'രണ്ടപ്പം' എന്ന ബാലകവിതയിൽ കവിതയിൽ മഹാകവി ഉള്ളൂരിന്റെ ചോദ്യമിതാണ്:

*സ്വർഗമാക്കുന്നില്ലേ ചൊൽവിൻ-ക്ഷോണി-*
*യിക്കണക്കുള്ള കിടാങ്ങൾ?*

കുട്ടികളുടെ സഹജസ്വഭാവമാണല്ലോ കളിയും ചിരിയും. നാലാപ്പാട്ട് നാരായണമേനോൻ കൊച്ചുകിടാങ്ങളുടെ മനോഭാവത്തെ വർണിക്കുന്നതു ശ്രദ്ധേയമാണ്:

*ഒരേ കളിപ്പാട്ടമൊരേ കളിക്കൂ-*
*ത്തൊരേ കളിക്കൊട്ടി,ലൊരേ വികാരം*
*ഒരാൾക്കു മറ്റാൾ തണൽ-ഈ നിലയ്ക്കാ-*
*യിരുന്നു ഹാ, കൊച്ചുകിടാങ്ങൾ ഞങ്ങൾ.*

പി.കെ. ഗോപി ഒരു കുട്ടിക്കളിനേരത്തെ വരച്ചുകാട്ടുന്നത് ഇങ്ങനെ:

*പുഞ്ചപ്പാടം കൊയ്തുകഴിഞ്ഞാൽ*
*പന്തുകളിക്കാനോടുമ്പോൾ*
*മണ്ണുകുഴച്ചൊരു നെയ്യപ്പം*
*ഉണ്ണിക്കൈകളിലേകുമ്പോൾ*
*മാളു പണിഞ്ഞൊരു പാലത്തിൽ*
*കാറും ലോറിയുമോടുമ്പോൾ.*

പണ്ടത്തെപ്പിള്ളേരുടെ ഒന്നിച്ചുള്ള പണിയും കളിയുമൊക്കെ വള്ളത്തോളിന്റെ വരികളിൽ തെളിയുന്നുണ്ട്.

*കന്നാലി മേയ്ക്കും പല പിള്ളർ, തമ്മിൽ*
*പൊത്തിപ്പിടിച്ചും കരണം മറിഞ്ഞും*
*ഇടയ്ക്കു കൂട്ടത്തൊടു കൂക്കിയാർത്തു-*
*മോടിക്കിതച്ചും കളിയാടിടുന്നു.*

രസകരമായൊരു കളിക്കാഴ്ച സിപ്പി പള്ളിപ്പുറം നമുക്കു കാട്ടിത്തരുന്നതു നോക്കൂ:



*കുട്ടനുയർത്തിയ പട്ടം കാണാൻ*
*കുട്ടികളെത്തീ ചാരത്ത്*
*കുട്ടികളൊക്കെ കൂട്ടംകൂടി*
*കണ്ണുകൾ നട്ടൂ ദൂരത്ത്.*

കുറ്റിപ്പുറത്ത് കേശവൻനായരുടെ വരികൾ വരച്ചുവയ്ക്കുന്നതും മറ്റൊന്നല്ല:

*തെരുവിന്നൊരുഭാഗം കുട്ടികളാഹ്ലാദിച്ചു*
*നിരുപദ്രവമായിച്ചിരിച്ചു കളിക്കുന്നു.*

കളിക്കളത്തിലെ സൗഹാർദ്ദത്തെ എൻ. കെ. ദേശം അതിമനോഹരമായി വിവരിക്കുന്ന കവിതയാണ് ഒഴിവുകാലം:

*അമ്പുവുണ്ടന്നമുണ്ടമ്മിണിക്കുട്ടിയു-*
*ണ്ടമ്മുവുണ്ടന്ത്രുവുണ്ടൗസുമുണ്ട്;*
*ലാലുവും കാളിയും മോളിയും നീലിയും*
*ബാലുവും നൂറും ബഷീറുമുണ്ട്.*

കളിയോടൊപ്പം കഥയും കുട്ടികൾക്കിഷ്ടമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ഏറ്റുമാനൂർ സോമദാസന്റെ കവിതയിൽ ഇങ്ങനെ കാണാം:

*ശർക്കരമാവിൻ ചോട്ടിലൊരോമൽ*
*പച്ചിലമെത്ത വിരിക്കേണം*
*മെത്തയിലങ്ങനെ ചാഞ്ഞുകിടന്നൊരു*
*മുത്തശ്ശിക്കഥ കേൾക്കേണം.*

അതേസമയം, ഇല്ലായ്മയുടെ കയ്പുനീർ രുചിക്കേണ്ടിവരുന്ന കുഞ്ഞുങ്ങളെപ്പറ്റിയാണ് പി. ഭാസ്കരൻ പാടുന്നത്:

*അന്നമില്ലാതെ, ജനനിതൻ മാറിൽ*
*സ്തന്യമില്ലാതെ, കുടിനീരുമെന്യേ*
*അർദ്ധബോധത്തിൽക്കിടന്ന കിടാങ്ങൾ*
*ഞെട്ടറ്റു ചായും കുരുന്നുപുഷ്പങ്ങൾ!*

അമ്മയില്ലാത്ത ഗംഗയുടെ സങ്കടം വെണ്ണിക്കുളം ഗോപാലക്കുറുപ്പ് വിവരിക്കുന്നത് ഹൃദയസ്പർശകമാണ്:

*പട്ടുടുപ്പില്ലെനിക്കില്ല പാവാടയും*
*മുട്ടോളമെത്താത്ത മുണ്ടാണുടുക്കുവാൻ*
*മുത്തശ്ശിയോടൊരു പാവ ചോദിക്കുകി-*
*ലുത്തരം മിണ്ടില്ല മൂങ്ങപോൽ മൂളിടും.*

ഈ വരികളുടെ തുടർച്ചയെന്നോണം നമുക്ക് ബാലാമണിയമ്മയുടെ വരികൾ വായിക്കാം:

*മിന്നിച്ചയില്ലാ,ത്തളർന്ന മിഴികളിൽ*
*ച്ചെന്നിറം ചെറ്റുമില്ലക്കവിളിൽ*
*എന്നുമുലകിലെപ്പൂക്കളിൽ മിക്കതു-*
*മിങ്ങനെ മൊട്ടിൽ കരിയേണമോ?*

ഉൾത്താപമോലുന്ന കുഞ്ഞുഹൃദയങ്ങളെ ഏഴാച്ചേരി രാമചന്ദ്രൻ വർണിക്കുന്നത് ഈ വിധത്തിലാണ്:

*സഞ്ചരിക്കുന്ന പൊട്ടിച്ചിരികൾ*
*സങ്കടച്ചെടിയിലെ പൂമൊട്ടുകൾ*
*പുഞ്ചിരിത്തിരിയിട്ട് പൂമുഖത്തിണ്ണയിൽ*
*നന്മ കൊളുത്തുന്ന ദീപങ്ങൾ; അവ-*
*രല്ലോ തളിരിളം പൈതങ്ങൾ.*

ഇതറിയുന്നതുകൊണ്ടാണ് വി. മധുസൂദനൻനായർ,

*ഓരോ ശിശുരോദനത്തിലും കേൾപ്പൂ ഞാ-*
*നൊരു കോടിയീശ്വരവിലാപം,*
*ഓരോ കരിന്തിരിക്കണ്ണിലും കാൺമൂ ഞാ-*
*നൊരു കോടി ദേവനൈരാശ്യം*

എന്നു സമ്മതിക്കുന്നത്. എന്നാലും കുട്ടികൾ വളർന്നു വികസിക്കാനുള്ളവരാണ്. ആവുംപോലെ അതിനു വഴിയൊരുക്കേണ്ടവരാണ് മുതിർന്നവർ. പഴയ തലമുറ ഇതിലെത്ര താത്പര്യം കാണിച്ചിരുന്നുവെന്ന് പന്തളം കേരളവർമയുടെ കവിത സാക്ഷ്യപ്പെടുത്തും.

*അടിച്ചു മണിയേഴിപ്പോ-*
*ളടച്ചു മിഴി ബാലരേ!*
*കിടക്കയിൽ കിടക്കാതെ*
*മിടുക്കരെഴുന്നേൽക്കുവിൻ.*
*എട്ടായി മണിയെന്നിട്ടു-*
*മിട്ടുമൂടിക്കിടക്കയോ?*
*ചൂടുകാപ്പിയിതാ നോക്കിൻ!*
*കുട്ടികൾക്കിതു വേണ്ടയോ?*

ഒ.എൻ.വി. കുറുപ്പിന്റെ നാലുമണിപ്പൂക്കളെന്ന കവിതയിൽ ഇതിനൊരു മറുവശം നമുക്കു കാണാം:

*പുലർച്ചയ്ക്കുറങ്ങുവാനെന്തൊരു സുഖം! പക്ഷേ,*
*വിളിച്ചുണർത്താനൊരു മുത്തശ്ശിയുണ്ടേ വീട്ടിൽ!*
*ഉറങ്ങിത്തീർന്നിട്ടുണ്ടാം മുത്തശ്ശിയൊരായുസ്സി-*
*ന്നുറക്കം കാലേ കൂട്ടി! - കുട്ടികളല്ലേ ഞങ്ങൾ?*

ഇത്തരം കുട്ടികളെ കണ്ടിട്ടാകാം, എ. അയ്യപ്പൻ എഴുതി:

*കുട്ടികളുടെ കുറുമ്പു കൂടുന്നു*
*കിട്ടിയാൽ ചന്തിക്കു പിടയ്ക്കാമായിരുന്നു.*

പവിത്രൻ തീക്കുനി 'കപ്പ്' എന്ന കവിതയിൽ,

*കാണുമ്പോഴൊക്കെ എന്തിനാണിങ്ങനെ*
*കുട്ടിക്കാലത്തേക്കു കൂട്ടിക്കൊണ്ടുപോകുന്നത്?*

എന്നെഴുതിയതു വായിക്കുമ്പോൾ ആരാണ് അവനവന്റെ കുട്ടിക്കാലത്തെക്കുറിച്ച് ഓർക്കാതിരിക്കുന്നത്? അതേ, ശിശുദിനം കുഞ്ഞുങ്ങൾക്കു മാത്രമുള്ളതല്ല, മുതിർന്നവർക്കുംകൂടിയുള്ളതാണല്ലോ.

എല്ലാവർക്കും ശിശുദിനാശംസകൾ! ■

22
പ്രകൃതിക്കൊരു പുനർവായന



മാത്യു എം. കുര്യാക്കോസ്

# പൊട്ടാൻ വെമ്പുന്ന ഡാമുകൾ

**ഡാ**മുകളെക്കുറിച്ചുള്ള വായനയിൽ ഇന്നും മങ്ങാതെ നിൽക്കുന്ന ഭീതിപ്പെടുത്തുന്ന ഒരു പ്രസ്താവനയുണ്ട്: 'എല്ലാ ഡാമുകളും പൊട്ടേണ്ടിയിരിക്കുന്നു' എന്നതാണത്. കാരണം, ഡാമുകളെല്ലാം മനുഷ്യനിർമിതമാണ്. അതുണ്ടാക്കാൻ ഉപയോഗിച്ച വസ്തുക്കൾ സ്വാഭാവികമോ



കൃത്രിമമോ ആകാം എന്നു മാത്രം. ഒരു ഡാമിന്റെ ശരാശരി ജീവിതകാലയളവ് 50 മുതൽ 100 വർഷങ്ങൾവരെയാണ്. അമേരിക്കയിൽ 1900–2020 കാലഘട്ടത്തിനിടയ്ക്ക് ഏകദേശം തൊള്ളായിരത്തിലധികം ഡാമുകളാണ് നീക്കം ചെയ്തത്. നോച്ച് ആൻഡ് റിലീസ് സമീപനം, റാപ്പിഡ് റിലീസ് സമീപനം, ഡിഗ് ആൻഡ് ഡീവാട്ടർ സമീപനം, റീറ്റെയ്സ് സെസിമെന്റ് സമീപനം തുടങ്ങി നിരവധി മാർഗങ്ങൾ അവസരോചിതമായി ഉപയോഗിച്ചുവരുന്നു. വളരെയധികം പണച്ചെലവുള്ള പ്രക്രിയയാണിത്. പ്രത്യേകിച്ച്, പരിസ്ഥിതിസൗഹൃദത്തിലൂന്നി നടപ്പാക്കുമ്പോൾ!

നിർമിക്കാനുപയോഗിച്ച വസ്തുവിന്റെ (സുർക്കി) പ്രത്യേകത, സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ ഘടന (ഹൈറേഞ്ച്), ഭൂകമ്പസാധ്യതാപ്രദേശം തുടങ്ങിയ രീതിയിലൊക്കെ ലക്ഷക്കണക്കിനു മനുഷ്യരെ മരണഭീതിയിലാഴ്ത്തിയിരിക്കുന്ന ഒരു ഡാമാണ് ഇന്നു വാർത്തകളിൽ നിറയുന്ന മുല്ലപ്പെരിയാർ ഡാം, 1895 ൽ നിർമിക്കപ്പെട്ട ഡാം 126 വർഷങ്ങളുടെ പഴക്കത്തിലെത്തി, എപ്പോൾ വേണമെങ്കിലും പൊട്ടാവുന്ന ഒരു ബോംബു കണക്കെ മനുഷ്യജീവനു ഭീഷണി ഉയർത്തുന്നു. Each Dam is a Bomb എന്ന വാക്യത്തിനിന്നു പ്രസക്തിയേറുന്നു. കഴിഞ്ഞ പത്തുവർഷങ്ങൾക്കുള്ളിൽ ലോകത്തു ശ്രദ്ധേയമായ 200 അണക്കെട്ടുദുരന്തങ്ങൾ നടന്നുകഴിഞ്ഞു. തുടച്ചുനീക്കപ്പെട്ടതോ ലക്ഷക്കണക്കിനാളുകൾ! മനുഷ്യവാസരഹിതമായ വനങ്ങൾക്കുള്ളിലെ അണക്കെട്ടുദുരന്തങ്ങളെക്കുറിച്ച് ചർച്ചകളുണ്ടാകാറില്ല, മനുഷ്യജീവന് അപകടമില്ല എന്ന കാരണത്താൽത്തന്നെ. എന്നാൽ, പരിസ്ഥിതിക്ക് വരുത്തുന്ന ആഘാതങ്ങൾ ഗൗരവമായെടുക്കേണ്ടതുണ്ട്. 2021 ഫെബ്രുവരി 7–ാം തീയതി ഉത്തരാഖണ്ഡിൽ 200 പേരുടെ മരണത്തിനിടയാക്കിയ അണക്കെട്ടുദുരന്തം ഒരു സൂചനയാണ്. 1975 ൽ ചൈനയിൽ ഉണ്ടായ ദുരന്തമാണ് ഏറ്റവും വലിയ അണക്കെട്ടുദുരന്തമായി ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മുപ്പതു നഗരങ്ങളടക്കം 12000 സ്ക്വയർ കിലോമീറ്ററിൽ ഞൊടിയിടയിൽ ജലം അതിന്റെ സംഹാരതാണ്ഡവം നടത്തിയപ്പോൾ നഷ്ടമായത് 2,40,000 വിലപ്പെട്ട മനുഷ്യജീവിതങ്ങൾ! ഈ മഹാദുരന്തത്തിന്റെ വിശദാംശങ്ങൾ പുറത്തുവന്നത് 1990 ൽ പ്രസിദ്ധീകരിച്ച The Great floods in China's History എന്ന പുസ്തകത്തിലൂടെയാണ്.

വൈദ്യുതോത്പാദനത്തിനും ജലസേചനത്തിനും വ്യവസായ, ഗാർഹിക, കൃഷിയാവശ്യങ്ങൾക്കുംവേണ്ടിയാണ് പൊതുവേ ഡാമുകൾ നിർമിക്കുന്നത്. ഓരോ അണക്കെട്ടുനിർമാണവും പരിസ്ഥിതിക്ക് ഏൽപ്പിക്കുന്ന ആഘാതം വലുതാണ്. ജൈവവൈവിധ്യത്തിന്റെ നഷ്ടം വിലയിരുത്താനാകുന്നതല്ല. സമയാസമയങ്ങളിലുള്ള പരിപാലനം അത്യന്താപേക്ഷിതമാണ്. ഓരോ ഡാമും ലക്ഷ്യം വയ്ക്കുന്ന 'ഔട്ട്പുട്ടി'ന്റെ 20–40% ശതമാനംവരെ മാത്രമാണ് ഫലം പുറപ്പെടുവിക്കുന്നത്. കോടിക്കണക്കിനു രൂപ ചെലവഴിച്ച്, പരിസ്ഥിതിയെ ദുർബലമാക്കി, മനുഷ്യനുൾപ്പെടെയുള്ള ജീവജാലങ്ങൾക്ക് അപകടഭീഷണി സമ്മാനിച്ച് നിലനില്ക്കുന്ന അണക്കെട്ടുകളുടെ നിർമിതിയിലും പരിപാലനത്തിലും വരുന്ന വീഴ്ചകളെ നിസ്സാരമായിക്കാണാതെ, ഗുരുതരമായ കൃത്യവിലോപമായിക്കണ്ട് അതിലേർപ്പെട്ടിരിക്കുന്നവരെ ക്രിമിനൽ ശിക്ഷാനടപടികൾക്കു വിധേയരാക്കേണ്ടതാണ്. അത് ജനപ്രതിനിധികളായാലും ഉദ്യോഗസ്ഥരായാലും ഗവൺമെന്റുതന്നെയായാലും! ഭൂമിക്കുമേൽ ഉയർന്നുനിൽക്കുന്ന അഗ്നിപർവതങ്ങൾപോലെ, എപ്പോൾ വേണമെങ്കിലും പൊട്ടിത്തകരാൻ സാധ്യതയുള്ള അയ്യായിരത്തോളം ഡാമുകൾ ഇന്ത്യയിലുണ്ടെന്നോർക്കണം. സുനാമിയും ഓഖിയും മേഘസ്ഫോടനവും വർഷാവർഷങ്ങളിൽ നേരനുഭവമാകുമ്പോൾ, അതിനൊപ്പം കാലാവസ്ഥാവ്യതിയാനത്തിന്റെ അതീവഗൗരവമർഹിക്കുന്ന പ്രത്യാഘാതങ്ങളും വരുംനാളുകളിൽ നമ്മുടെ ഉറക്കം കെടുത്തുമെന്നതു നിശ്ചയം. ഓരോ അണക്കെട്ടിന്റെ നിർമാണവേളയിലും കുടിയൊഴിക്കപ്പെടുന്ന നിസ്സഹായരായ പാവപ്പെട്ട ജനങ്ങളുടെ വിലാപങ്ങൾ ചുറ്റുപാടുകളെ അസ്വസ്ഥമാക്കുന്നുണ്ട്. രൂപകല്പന ചെയ്യപ്പെടുന്ന ഓരോ പുതിയ ഡാമും പ്രശ്നങ്ങളെ പരിഹരിക്കുകയല്ല, മറ്റൊരു ദുരന്തത്തിന്റെ നാന്ദി കുറിക്കുകയാണ് എന്ന ഒരു തിരിച്ചറിവ് നമ്മുടെ ബോധ്യങ്ങളിൽ നിറയട്ടെ.

■

സിനിമ



ആൻസി സാജൻ

# കന്നഡയുടെ ഹൃദയതാരകം

**താ**രപ്രൗഢിയുടെയും ആരാധകപിന്തുണയുടെയും ആകാശമട്ടുപ്പാവിൽ കൈവീശി നിറഞ്ഞുനിന്ന കന്നഡസിനിമയുടെ രാജകുമാരൻ പുനീത് പെട്ടെന്നാണു മറഞ്ഞുപോയത്. ആകസ്മികമായ ആ വേർപാടിൽ തകർന്നുടഞ്ഞത് കന്നഡസിനിമയുടെ ഹൃദയംതന്നെയായിരുന്നു. കന്നഡസിനിമാസാമ്രാജ്യത്തിലെ ഇതിഹാസനായകനായിരുന്ന രാജ്കുമാറിന്റെ പുത്രൻ 46–ാം വയസ്സിന്റെ ചെറുപ്പത്തിലാണു കുടുംബത്തിനും ആരാധകർക്കും ഒരുപോലെ ഞെട്ടലുണ്ടാക്കി, ഓർമയായത്. 29–ാം തീയതി വെള്ളിയാഴ്ച രാവിലെ വ്യായാമത്തിനിടെ ഉണ്ടായ ഹൃദയാഘാതമായിരുന്നു മരണകാരണം. കർണാടകം മുഴുവനും, പ്രത്യേകിച്ച്, ബംഗളൂരുനഗരം അസ്തപ്രജ്ഞമായി എന്നു പറയാം. ഒക്ടോബർ 31 ഞായറാഴ്ച സംസ്കാരം നടന്നു. അനേകായിരങ്ങളാണ് പുനീതിനെ അവസാനമായി ഒന്നു കാണാൻ ഒഴുകിയെത്തിയത്. ബംഗളൂരു കാന്തീരവ സ്റ്റുഡിയോയിൽ പിതാവ് രാജ്കുമാർ അന്ത്യനിദ്രകൊള്ളുന്നതിനു സമീപത്താണ് സിനിമാപ്രേമികൾ അപ്പു എന്നു വിളിക്കുന്ന പുനീതിനെ അടക്കം ചെയ്തത്.


കന്നഡസിനിമയുടെ മഹാരാജൻ രാജ്കുമാറിന്റെയും പാർവതമ്മയുടെയും അഞ്ചു മക്കളിൽ ഇളയവനായ ലോഹിത് ആണ് ആരാധകരുടെ 'പവർ സ്റ്റാർ' ആയ പുനീത് രാജ്കുമാറായത്. ആറുമാസം പ്രായമുള്ളപ്പോൾ, 'പ്രേമദ കാണിക്കെ' എന്ന അച്ഛന്റെ സിനിമയിലൂടെയാണ് (1976) പുനീതിന്റെ മുഖം പ്രേക്ഷകർ കണ്ടുതുടങ്ങുന്നത്. 1985 ൽ 'ബെട്ടദ ഹൂവു' എന്ന ചിത്രത്തിലൂടെ മികച്ച ബാലതാരത്തിനുള്ള ദേശീയ അവാർഡു നേടിയ പുനീത് തുടർച്ചയായി രണ്ടു വർഷം ബാലതാരത്തിനുള്ള സംസ്ഥാനപുരസ്കാരവും നേടിയിരുന്നു.

2002 ൽ അപ്പു എന്ന ചിത്രത്തിലൂടെ നായകനായെത്തിയ പുനീത് പിന്നീട് ആ പേരിലാണ് അറിയപ്പെട്ടത്. ആരാധകർ യുവരത്നയെന്നും പവർ സ്റ്റാർ എന്നും പുനീതിനെ വിളിച്ചുവന്നു. 46 ചിത്രങ്ങളിലാണ് അദ്ദേഹം അഭിനയിച്ചത്. മൈത്രി എന്ന ചിത്രത്തിൽ മോഹൻലാലുമൊത്ത് അഭിനയിച്ചു.

സിനിമാനിർമാതാവും വസ്ത്രാലങ്കാരവിദഗ്ധയുമായ അശ്വിനി രേവന്താണ് പുനീതിന്റെ ഭാര്യ. മക്കൾ ദ്രിതി, വന്ദിത. കന്നഡ സൂപ്പർതാരം ശിവ രാജ്കുമാർ, നടനും നിർമാതാവുമായ രാഘവേന്ദ്ര രാജ്കുമാർ, പൂർണിമ, ലക്ഷ്മി എന്നിവരാണ് സഹോദരങ്ങൾ.

ജീവകാരുണ്യപ്രവർത്തനങ്ങൾ എന്നും രാജ്കുമാറിന്റെ കുടുംബത്തിന്റെ ഭാഗംതന്നെയായിരുന്നു. പുനീതും അതേ വഴിയിലൂടെ സഞ്ചരിച്ചു. മരണശേഷം കണ്ണുകൾ ദാനം ചെയ്യണമെന്ന അദ്ദേഹത്തിന്റെ ആഗ്രഹം നിറവേറ്റപ്പെടുമ്പോഴും ആ മനസ്സലിവാണ് തെളിഞ്ഞുവരുന്നത്.

സൂപ്പർതാരകുടുംബത്തിലെ ഓമനയും കന്നഡസിനിമയിൽ ഏറ്റവും കൂടിയ പ്രതിഫലം വാങ്ങുന്ന നായകനുമായിരുന്നെങ്കിലും ചലനങ്ങളിലും രൂപഭാവങ്ങളിലും എന്നും സാധാരണക്കാരനായി നിന്നു പുനീത് രാജ്കുമാർ. അടുപ്പക്കാർക്കും ആരാധകർക്കുമെല്ലാം 'ഏറ്റവും നല്ല മനുഷ്യനാ'യിരുന്നു പുനീത്. അമ്മ പാർവതമ്മവഴിയാണ് ജീവകാരുണ്യപ്രവർത്തനം സ്വന്തം ഉത്തരവാദിത്വമായി കരുതാൻ പഠിച്ചതെന്ന് പുനീത് പറഞ്ഞിട്ടുണ്ട്. കൊവിഡ് കാലത്തും പ്രളയസമയത്തുമൊക്കെ കർണാടകസർക്കാരുമായി ചേർന്ന് അനവധി ധനസഹായപദ്ധതികൾക്കു മുന്നിട്ടിറങ്ങി. സ്കൂളുകൾക്കും അഗതിമന്ദിരങ്ങൾക്കും രോഗികൾക്കുമൊക്കെ നേരിട്ടും ഫാൻസ് അസോസിയേഷൻ



മുഖേനയും ധനവും സൗകര്യങ്ങളും എത്തിക്കുന്നതിൽ എപ്പോഴും ശ്രദ്ധവച്ചു. മൈസുരുവിലെ ശക്തിധാമ ആശ്രമത്തിന്റെ ജീവകാരുണ്യപ്രവർത്തനങ്ങളിൽ സജീവപങ്കാളിയായിരുന്നു അദ്ദേഹം. പാട്ടുകാരനായ പുനീത് തന്റെ ഗാനങ്ങൾക്കുള്ള പ്രതിഫലമെല്ലാം സേവനവും സഹായങ്ങളുമായി നൽകി.

'സാൻഡൽ വുഡ് ' എന്നറിയപ്പെടുന്ന കന്നഡസിനിമാലോകം പുനീതിനെ ജെന്റിൽമാൻ സ്റ്റാർ എന്നു വിളിച്ചതും ഇതുകൊണ്ടൊക്കെയാവാം.

ഡോ. രാജ്കുമാറും കുടുംബവും കന്നഡക്കാരുടെ പൊതുവികാരമാണ്. കന്നഡസിനിമയിലെ ആദ്യ സൂപ്പർ സ്റ്റാറും രാജ്കുമാർതന്നെ. സമ്മർദതന്ത്രമായി 2000 ത്തിൽ കാട്ടുകള്ളൻ വീരപ്പൻ അദ്ദേഹത്തെ തട്ടിക്കൊണ്ടുപോയപ്പോൾ കന്നടനാടാകെ കണ്ണീരണിഞ്ഞു. അദ്ദേഹം തടവിലായ 108 ദിവസവും അവർ ഉത്കണ്ഠകൊണ്ടു വീർപ്പുമുട്ടി. വിട്ടയച്ചപ്പോൾ ഓരോ കന്നഡക്കാരനും ആനന്ദക്കണ്ണീർ പൊഴിച്ചതും ചരിത്രം. അത്രമേൽ സ്നേഹിച്ച രാജ്കുമാറിന്റെ മക്കളെയും അവർ കൈനീട്ടി സ്വീകരിച്ചു. പുനീതിന് അച്ഛന്റെ അഭിനയത്തികവും പാട്ടുമൊക്കെ ഒത്തുകിട്ടിയപ്പോൾ സിനിമാലോകം അദ്ദേഹത്തെ ഏറെ ഉയരത്തിൽ പ്രതിഷ്ഠിച്ചുവെന്നതും നേരാണ്. നൃത്തവും പാട്ടും ആക്ഷനും എല്ലാം അദ്ദേഹത്തിനു വഴങ്ങുമായിരുന്നു.

കന്നഡസിനിമ കണ്ണീർക്കടലിലായ സമയമാണിത്. ചിരഞ്ജീവി സർജയും ദേശീയ പുരസ്കാരജേതാവ് സഞ്ചാരി വിജയ്യും അപ്രതീക്ഷിതമായി യാത്ര പറഞ്ഞതിനു പിന്നാലെയാണ് പുനീതിന്റെ വിടവാങ്ങൽ. കൂടുതൽ വൈകാരികമായി സിനിമയെ സമീപിക്കുകയും അഭിനേതാക്കളെ അകമഴിഞ്ഞു സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യുന്ന ഒരു ജനതയ്ക്ക് ഇതൊരു തീരാനഷ്ടമാണ്. ആടിയും പാടിയും അനീതിക്കെതിരേ പടവെട്ടിയും അവരുടെ ഹൃദയങ്ങളെ ത്രസിപ്പിച്ച നായകൻമാർ അരങ്ങൊഴിഞ്ഞ വേദന ഏറെക്കാലം അവർക്കൊപ്പമുണ്ടാകും. ■

# സന്തോഷം അലയടിക്കുന്ന പുളിക്കൽ വീട്








കുറവിലങ്ങാട് പുളിക്കൽ വീട്ടിൽ യുഗേഷ് തോമസും ജോളിയും മക്കളോടൊത്ത്

**ആഷ്‌ലി ടെസ് ജോൺ**

**ഫോൺ** വിളിക്കുമ്പോൾ യുഗേഷും ജോളിയും ബംഗളൂരുവിലെ ഒരു തെരുവോരത്തു നിന്നാണു വിളി കേട്ടത്. കുറവിലങ്ങാടുള്ള തങ്ങളുടെ സ്ഥാപനത്തിലേക്കു തുണിത്തരങ്ങൾ വാങ്ങുന്ന തിരക്കിലായിരുന്നു രണ്ടുപേരും. "എത്രയോ വർഷങ്ങളായി ഞങ്ങളീ തെരുവുകളിലെ നിത്യസന്ദർശകരാണ്," യുഗേഷ് പറഞ്ഞുതുടങ്ങി. "ഒരു ക്രിക്കറ്റ് ടീമിനുള്ള ആള് വീട്ടിൽ വേണമെന്നു ചെറുപ്പത്തിലേ മോഹിച്ചിരുന്നു. എനിക്കൊരു പെങ്ങൾ മാത്രമായിരുന്നു, കൂടപ്പിറപ്പ്. അന്നേ വീടു നിറച്ചും കുഞ്ഞുങ്ങൾ, മനസ്സിലൊരു സ്വപ്നമായിരുന്നു. രണ്ടാമത്തെ കുഞ്ഞിന്റെ ജനനത്തിനുശേഷം ചില ബോധ്യങ്ങൾ മനസ്സിലുറച്ചു. ഒരു ധ്യാനം, ജീവിതത്തിനൊരു പുത്തൻ വെളിച്ചം നൽകി. അബോർഷനിലൂടെ നഷ്ടമാവുന്ന കുരുന്നുജീവൻ മനസ്സിലൊരു നൊമ്പരമായി മാറി. അബോർഷനെതിരേ ക്ലാസെടുക്കാനും ഷോർട് ഫിലിം നിർമിക്കാനുമൊക്കെ ശക്തമായ ഒരു ഉൾപ്രേരണ. ഒരു നിയോഗം പോലെ പിന്നെ ഓടാൻ തുടങ്ങി. ജീവന്റെ വചനത്തിനു സാക്ഷ്യം പറയാൻ. അത് മുടക്കമില്ലാതെ തുടരുന്നു. അതേ സമയത്താണ് കുട്ടികളോടൊത്ത് കൂടുതൽ സമയം ചെലവഴിക്കാൻ ജോളിയുടെ ജോലി വേണ്ടെന്നു വച്ച് ബിസിനസ് ആരംഭിക്കാൻ ഞങ്ങൾ തീരുമാനിച്ചത്. കുറവിലങ്ങാട്ട് ഒരു ചെറിയ കടമുറി വാടകയ്ക്കെടുത്തു. നൈറ്റികൾ തയ്ച്ചു കൊടുക്കുന്ന ഒരു ചെറിയ പ്രസ്ഥാനം ആദ്യം തുടങ്ങി. അതിൽനിന്നാണ് ഇന്നു ഞങ്ങൾക്കുള്ള 'പുളിക്കൻസ്' പടുത്തുയർത്തിയത്. യുഗേഷിന്റെ വാക്കുകൾക്ക് അനുഭവങ്ങൾ പകർന്ന പക്വതയുടെ തിളക്കം.

"കുഞ്ഞുങ്ങളെ വളർത്താൻ ദൈവം ജോളിക്കൊരു പ്രത്യേക കൃപ തന്നിട്ടുണ്ട്. കുട്ടികളെ തൊട്ടിൽ കെട്ടി, കടയിലിരുത്തി, താരാട്ടി, പാലൂട്ടി ജോളി കുഞ്ഞുങ്ങളെയും കടയെയും ഒരുപോലെ വളർത്തി. ഒന്നിനു വേണ്ടി മറ്റൊന്നു വേണ്ടെന്നു വച്ചില്ല. മിടുക്കിയാണ്." യുഗേഷിന്റെ ശബ്ദത്തിലിപ്പോഴും പ്രണയത്തിന്റെ ചെമ്പകഗന്ധമുണ്ട്.

"സത്യം പറഞ്ഞാൽ കുഞ്ഞുങ്ങളെ വളർത്തിയ കഷ്ടപ്പാടും കദനവുമെല്ലാം ഞാൻ ഇപ്പോ മറന്നേപോയി. പകിട്ടിന്റെയും പട്ടിന്റെയുമൊക്കെ ഈ ആഡംബരകാലത്തിനുമുമ്പ് ഒത്തിരി ഉരുകിയ, വിയർപ്പൊഴുക്കിയ ഒരു കാലമുണ്ടായിരുന്നു. കൊച്ചുകൊച്ചു തുണിത്തുണ്ടുകൾ ചേർത്ത് ഒരുടുപ്പ് തുന്നിയെടുക്കുംപോലെ, സങ്കടത്തിന്റെ കുറെയേറെ തുണ്ടുകൾ ചേർത്തുവച്ചാണ് കൽക്കണ്ടമധുരമുള്ള ഇന്നത്തെ ജീവിതം ഞാൻ തുന്നിയെടുത്തത്. "പ്രഗ്നന്റ് ആയിരിക്കുമ്പോൾ തുണിത്തരങ്ങൾ തിരഞ്ഞുള്ള ബംഗളൂരു യാത്രകൾ, പ്രസവത്തിന്റെ തലേദിവസംവരെ കടയിൽ വന്ന് തുണികൾ വെട്ടിക്കൊടുക്കുന്നത്, കടമുറിയിൽ തൊട്ടിൽ കെട്ടി കുഞ്ഞുങ്ങളെ വളർത്തിയത്... പറഞ്ഞാൽ തീരാത്തത്ര കഥകളുണ്ട് ജീവിതത്തിൽ. പക്ഷേ, മുത്തശ്ശിയാണെന്ന തോന്നലൊന്നും ഇപ്പോഴുമില്ല. അധ്വാനത്തിനു കുറവുമില്ല. ഇപ്പോഴും എനർജെറ്റിക്കായി ഓടിനടക്കുന്നത് കൂടുതൽ പ്രസവിച്ച്, കൂടുതൽ കഷ്ടപ്പെട്ട് കുഞ്ഞുങ്ങളെ പോറ്റിയതുകൊണ്ടാണെന്നു വിശ്വസിക്കാനാണെനിക്കിഷ്ടം. ഒത്തിരി ശകാരങ്ങൾ, പരിഹാസങ്ങൾ... പന്നി പെറുംപോലെ പെറ്റുകൂട്ടുകയാണല്ലോ, എന്ന മട്ടിലുള്ള എത്രയെത്ര കളിയാക്കലുകൾ... എല്ലാം കേട്ടിട്ടുണ്ട്. അന്നൊക്കെ ഹൃദയം വിതുമ്പുമ്പോൾ ഈശോയുടെ തിരുമുറിവുകളെയോർത്തു കൊന്ത ചൊല്ലും. ഇന്നിപ്പോൾ എല്ലാവരും 'ഭാഗ്യവതി' എന്നു വിളിക്കുമ്പോൾ മാതാവിനു ഞാൻ നന്ദി പറയും. ഇപ്പോഴും രാവിലെ കുർബാന കഴിഞ്ഞ് പണിയെല്ലാം തീർത്ത് കടയിലേക്കോടും. ഇരുപത്തഞ്ചോളം വരുന്ന സ്റ്റാഫിനെ കരുതലോടെ മുന്നോട്ടു കൊണ്ടുപോണം. കസ്റ്റമേഴ്സിനു തൃപ്തിയാവുംപോലെ ഡ്രസ് ഡിസൈൻ ചെയ്തു നൽകണം. എല്ലാം കൃപയാണെന്നറിയുകയാണ്. നമ്മൾ ഏറ്റുവാങ്ങുന്ന സഹനങ്ങളിലെല്ലാം സന്തോഷത്തിന്റെ ഒരു വിത്തുറങ്ങുന്നുണ്ട് എന്നു വിചാരിച്ചാൽ തീരാനുള്ളതേയുള്ളൂ എല്ലാ പ്രശ്നങ്ങളും അല്ലേ?" ജീവിതം പഠിച്ചവർ എത്ര സിംപിളായാണ് സൊല്യൂഷൻസ് പറഞ്ഞുതരുന്നത്.

"എപ്പോഴും കുഞ്ഞുങ്ങളും ബെന്നി(യുഗേഷ്)യുമായി ഒരുമിച്ചായിരിക്കാനാണ് ബിസിനസ് തുടങ്ങിയത്. ഏതു പ്രതിസന്ധിയിലും ബെന്നി കൂടെ നില്ക്കും. ഒരുമിച്ചു പ്രാർത്ഥിക്കും, ഒരുമിച്ചു പ്രയത്നിക്കും. മക്കളുടെ പഠനം, ജോലി, വിവാഹം എല്ലാം ഞങ്ങളാഗ്രഹിച്ചതുപോലെ നടക്കുന്നുണ്ട്. മടുപ്പില്ലാതെ ഒരുമിച്ചോടുകയാണ് ഇപ്പോഴും."

പരാതികളും മടുപ്പുമൊക്കെ പ്രണയം പടിയിറങ്ങിപ്പോയ ബന്ധങ്ങളുടെ ലക്ഷണങ്ങളാണല്ലോ.

"ആറു മക്കൾ, രണ്ടു മരുമക്കൾ. മൂത്ത മകൾ ഡെല്ല വിവാഹം കഴിഞ്ഞ് രണ്ടു മക്കളായി. ഡാനയ്ക്ക് ഒരു കുട്ടി. ഡീനയുടെ വിവാഹനിശ്ചയം കഴിഞ്ഞു. മോൻ ഡേവിഡ് കാനഡയിൽ പഠിക്കുന്നു. ഡൊറോത്തി +2 വിദ്യാർത്ഥിനി. ഡബോറ ഒൻപതിൽ. ഇല്ലായ്മയും വല്ലായ്മയുമെല്ലാം അറിയിച്ചാണ് മക്കളെ വളർത്തിയത്. ഈയിടെ മദേഴ്സ് ഡേയിൽ മൂത്ത മോൾ ഡെല്ല എനിക്ക് ഡയമണ്ടിന്റെ ഒരു ജോടി കമ്മൽ വാങ്ങിത്തന്നു. മിഴി നിറഞ്ഞെങ്കിലും അവളെ നെഞ്ചോടു ചേർത്ത് ഞാൻ പറഞ്ഞു: "വെട്ടിത്തിളങ്ങുന്ന ഈ ഡയമണ്ടിനെക്കാളും, പ്രകാശമുള്ള എന്റെ മക്കളെയാണ് അമ്മയ്ക്കേറെയിഷ്ടം."

നിന്റെ കുഞ്ഞുങ്ങൾ മേശയ്ക്കുചുറ്റും ഒലിവുനാമ്പുകൾപോലെയും, നിന്റെ സഖി മുന്തിരിവള്ളിപോലെയും വ്യാപരിക്കട്ടെയെന്ന പ്രസാദസങ്കീർത്തനം സദാ മുഴങ്ങുന്നുണ്ട് പുളിക്കലെ വീട്ടിൽ. അവിടെ ജീവിതം നൽകുന്ന സന്തോഷങ്ങളും സങ്കടങ്ങളും ഊടും പാവുമാക്കി വലിയ കുടുംബമെന്ന അങ്കി തയ്ച്ചെടുക്കുകയാണ് യുഗേഷും ജോളിയും. ■

## പി. വത്സലയ്ക്ക് എഴുത്തച്ഛൻ പുരസ്കാരം



തിരുവനന്തപുരം: സംസ്ഥാന സർക്കാരിന്റെ പരമോന്നതസാഹിത്യ ബഹുമതിയായ എഴുത്തച്ഛൻ പുരസ്കാരം പി. വത്സലയ്ക്ക്. അഞ്ചുലക്ഷം രൂപയും പ്രശസ്തിപത്രവും ശില്പവുമടങ്ങുന്നതാണ് പുരസ്കാരം. നോവൽ, ചെറുകഥ എന്നീ മേഖലകളിൽ പി. വത്സല നൽകിയ സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം നൽകുന്നതെന്ന് സാംസ്കാരികവകുപ്പുമന്ത്രി സജി ചെറിയാൻ പത്രസമ്മേളനത്തിൽ അറിയിച്ചു.

വത്സലയുടെ രചനകളിൽ പ്രാദേശികവും സ്വത്വപരവുമായ കേരളപാരമ്പര്യങ്ങളെ അതിമനോഹരമായാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് സാഹിത്യ അക്കാദമി പ്രസിഡന്റ് വൈശാഖൻ ചെയർമാനായ പുരസ്കാരനിർണയ സമിതി വിലയിരുത്തി.

ഡോ. ബി. ഇക്ബാൽ, ആലങ്കോട് ലീലാകൃഷ്ണൻ, കെ.ഇ.എൻ. കുഞ്ഞഹമ്മദ്, സാംസ്കാരികവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ് എന്നിവർ ഉൾപ്പെട്ട സമിതിയാണ് പുരസ്കാരനിർണയം നടത്തിയത്.

## ആവശ്യമുണ്ട്

CYRIN SONA Productions **ന്റെ ബാനറിൽ ഉടൻ ചിത്രീകരണമാരംഭിക്കുന്ന സിനിമയിലേക്ക് പുതുമുഖങ്ങളെയും ബിസിനസ് പാർട്നർമാരെയും ആവശ്യമുണ്ട്. താത്പര്യമുള്ളവർ ബന്ധപ്പെടുക.**

CYRIAC KURUVILA
CYRIN SONA PRODUCTIONS
KIDANGOOR P.O.
KOTTAYAM
PHONE: 9387349991

# പെൺകുഞ്ഞുങ്ങളുടെ ചിരി മായാതിരിക്കാൻ



സിൽജി ജെ. ടോം

മാനവരാശിയുടെ ഭാവി രൂപപ്പെടുത്തുന്നതിൽ പെൺകുട്ടികളുടെ പങ്ക് വളരെ വലുതാണ്. ലോക ജനസംഖ്യയുടെ നാലിലൊന്നു പെൺകുട്ടികളാണ്. എന്നാൽ, വിവേചനങ്ങളും വേർതിരിവുകളും അക്രമങ്ങളും അവർക്ക് ആവോളം നേരിടേണ്ടിവരുന്നുണ്ട്. ഇന്ത്യയിലും സ്ഥിതി ഭിന്നമൊന്നുമല്ല. പെൺകുട്ടികളുടെ ജീവിതാവസ്ഥയിൽ വളരെ മുന്നിലെന്നഭിമാനിക്കുന്ന കേരളത്തിൽപ്പോലും കാര്യങ്ങൾ ശുഭകരമല്ലെന്നു വേണം കരുതാൻ.



കേരളത്തിൽ പെൺകുഞ്ഞുങ്ങളുടെ ജനനനിരക്കിലെ കുറവ് കുറച്ചുനാളുകളായി ശ്രദ്ധിക്കപ്പെടുന്നുണ്ട്. ആയിരം ആൺകുട്ടികൾ ജനിക്കുമ്പോൾ 951 പെൺകുഞ്ഞുങ്ങളേ സംസ്ഥാനത്ത് ജനിക്കുന്നുള്ളൂവെന്നാണ് 2020 ലെ ദേശീയ കുടുംബാരോഗ്യസർവേ പറയുന്നത്. 2015-16 ൽ ആയിരത്തിന് 1047 എന്നതായിരുന്നു കണക്ക്. പ്രകൃത്യാ ഉള്ള ആൺ-പെൺ അനുപാതം 1000 ആൺകുഞ്ഞുങ്ങൾക്ക് 950 പെൺകുഞ്ഞുങ്ങൾ എന്നാണ്. സംസ്ഥാനത്ത് ആൺ-പെൺ ലിംഗാനുപാതം കുറയുന്നുവെന്നാണ് നിലവിലെ കണക്കുകളൊക്കെ സൂചിപ്പിക്കുന്നത്.

സാക്ഷരതയിൽ മുന്നിൽ നിൽക്കുന്ന നാട്. മാതൃമരണനിരക്കും ശിശുമരണനിരക്കും ഏറ്റവും കുറവുള്ള സംസ്ഥാനം. ആയുർദൈർഘ്യം ഉൾപ്പെടെ മറ്റ് ആരോഗ്യസൂചികകളിൽ എല്ലാം മുന്നിൽ നിൽക്കുമ്പോഴും ഇവിടെ പെൺകുട്ടികളുടെ എണ്ണം ഗണ്യമായി കുറയുന്നതിനെ ഗൗരവമായി കാണേണ്ടിയിരിക്കുന്നു. വിവാഹപ്രായം ഉയരുന്നതും ഗർഭധാരണം നീട്ടിവയ്ക്കപ്പെടുന്നതുമൊക്കെ പ്രത്യുത്പാദനനിരക്കിലെ കുറവിനു കാരണമാകുന്നുണ്ടാകാം. കുടുംബം നിലനിർത്താൻ ആൺകുട്ടി വേണമെന്ന ആളുകളുടെ ചിന്തയും പെൺകുട്ടികളുടെ എണ്ണം കുറയാൻ കാരണമാകുന്നു. ഗർഭച്ഛിദ്രവും ലിംഗനിർണയവും സംസ്ഥാനത്തു വർധിക്കുന്നതും ജനനനിരക്ക് കുറയുന്നതിൽ പങ്കു വഹിക്കുന്നുവെന്നു കരുതേണ്ടിയിരിക്കുന്നു.

ആറു വർഷത്തെ കണക്കു പരിശോധിച്ചാൽ ആൺ-പെൺ ലിംഗാനുപാതത്തിലെ കുറവ് വ്യക്തമാകും.

2015 - 16 ൽ 1000 ആൺകുട്ടികൾക്ക് 1047 പെൺകുട്ടികൾ ജനിച്ച സംസ്ഥാനത്ത് 2020 ലെ കണക്കുപ്രകാരം 951 പെൺകുട്ടികൾ മാത്രമാണ് ജനിച്ചത്. 1047 ൽ നിന്ന് 951 എന്ന നിരക്കിലേക്ക് എത്താൻ അഞ്ചു വർഷം മാത്രമാണ് എടുത്തത്.

പെൺകുട്ടികൾ ഒരു ബാധ്യതയാണ്, അവർ അന്യവീട്ടിലേക്കു പോകേണ്ടവളാണ് എന്ന ചിന്ത മാറണം. അവൾ മാതാപിതാക്കളെ സംരക്ഷിക്കാൻ കെല്പുള്ളവളാണ് എന്ന ചിന്ത രൂപപ്പെടണം. അതിനു വിദ്യാഭ്യാസവും ജോലിയും നേടാൻ അവരെ പ്രാപ്തരാക്കണം. എങ്കിലേ പെൺകുട്ടികൾക്ക് ഇവിടെ മാന്യമായി ജീവിക്കാനാവൂ.

കഴിഞ്ഞ ഒക്ടോബർ 11 നും പതിവുപോലെ സാർവദേശീയ ബാലികാദിനം ആചരിച്ചിരുന്നു. 2030 എത്തുമ്പോഴേക്കും പെൺകുട്ടികൾക്കു വിവേചനങ്ങളില്ലാത്ത ലോകം ഒരുക്കിനൽകുക എന്നതാണ് ഈ ദിനത്തിന്റെ മുദ്രാവാക്യം. 2012 മുതൽ എല്ലാ വർഷവും ഒക്ടോബർ 11 പെൺകുട്ടികൾക്കായുള്ള അന്തർദേശീയ ദിനമായി ഐക്യരാഷ്ട്രസഭ ആചരിക്കുന്നു. പെൺകുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുക, അവർക്കെതിരായ അതിക്രമങ്ങൾ അവസാനിപ്പിക്കുക എന്നിവയാണ് ഈ ദിനാചരണത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. എന്നാൽ, വിവേചനങ്ങൾ അവസാനിക്കുന്നില്ലെന്നു മാത്രം. സാമൂഹ്യനീതി ഡയറക്ടറേറ്റിന്റെ കണക്കുകൾപ്രകാരം പെൺകുട്ടികളുടെ ആത്മഹത്യാനിരക്ക് കേരളത്തിൽ ഉയർന്നു നിൽക്കുന്നു. പെൺകുട്ടികൾക്കു നേരേയുള്ള ലൈംഗികാതിക്രമങ്ങൾ കേരളത്തിൽ വർധിച്ചുവരുന്നു.

മറ്റു സംസ്ഥാനങ്ങളിൽനിന്നു വിഭിന്നമായി കേരളത്തിൽ പുരുഷ-സ്ത്രീ അനുപാതം മുമ്പൊക്കെ ഭേദപ്പെട്ട നിലയിലായിരുന്നു. ഈ അനുപാതം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ ജനങ്ങൾക്കുള്ള ബോധവത്കരണപരിപാടികൾ ഊർജിതമാക്കേണ്ടതുണ്ട്. ഭ്രൂണത്തിന്റെ ലിംഗനിർണയം ഇല്ലെന്നാണ് പൊതുവേയുള്ള ചിന്തയെങ്കിലും അങ്ങനെ പ്രതീക്ഷിക്കാനാവുന്നില്ല.

ജീവന്റെ അംശം കുടികൊള്ളുന്ന ഭ്രൂണത്തിൽ കത്തിവയ്ക്കുന്ന കൈകളിൽ ചോരക്കറ പുരളുമെന്നറിഞ്ഞിട്ടും ഈ ക്രൂരകൃത്യം ചെയ്യുന്നവരോട് എന്തു പറയാനാണ്? തമിഴ്നാട്ടിലെ ഉസലാംപെട്ടിയിൽ ജനിച്ചയുടനെ പെൺകുട്ടികളെ കൊല്ലുന്നത് വായിൽ നെൽമണിയിട്ടും എരുക്കിൻകറ വായിലിറ്റിച്ചുമാണ്. ഇതു വ്യാപകമായപ്പോൾ പെൺകുട്ടികളെ ആവശ്യമില്ലാത്തവർക്ക് ഉപേക്ഷിക്കാൻ അമ്മത്തൊട്ടിൽ കൊണ്ടുവന്നത് സർക്കാരാണ്. എന്നാൽ, ഇപ്പോൾ അത്യാധുനിക സ്കാനിങ് പരിശോധനയിലൂടെ ലിംഗനിർണയം സുഗമമായതോടെ ഡോക്ടറുടെ സഹായത്തോടെ പെൺഭ്രൂണഹത്യ നടക്കുന്നു.

പെൺകുട്ടികൾ മാതാപിതാക്കൾക്കു ഭാരമാണെന്ന തെറ്റായ ധാരണയാണ് ഇത്തരത്തിലുള്ള ഭ്രൂണഹത്യകൾ വ്യാപകമാകാൻ കാരണമെന്നാണു വിലയിരുത്തൽ. ഈ ധാരണകളാണു മാറേണ്ടത്. കേരളത്തിലും മാറ്റങ്ങൾ വരണം.

സംസ്ഥാനത്ത് പെൺശിശു ജനനനിരക്കിൽ മുന്നിൽ ആലപ്പുഴയും പിന്നിൽ തൃശൂരുമാണ്. ജനനനിരക്കു കുറയുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തി നടപടിയെടുക്കേണ്ടത് അത്യാവശ്യമാണെന്നാണ് ദേശീയ കുടുംബാരോഗ്യ സർവേ സൂചിപ്പിക്കുന്നത്.

ജില്ലകളിലെ ജനനനിരക്ക് ചുവടെ: ബ്രാക്കറ്റിൽ പഴയ നിരക്ക്: ആലപ്പുഴ - 1485 (1112), എറണാകുളം - 1034 (1246), മലപ്പുറം - 807 (936), ഇടുക്കി - 859, (1139), കണ്ണൂർ - 880 (1066), കാസർകോട് - 984 (981), കൊല്ലം -1135 (851), കോട്ടയം - 865 (1077), പത്തനംതിട്ട - 916 (1135), തിരുവനന്തപുരം - 1000 (1115), തൃശൂർ - 763 (1120), വയനാട് - 1003 (1241), പാലക്കാട് - 1012 (1075), കോഴിക്കോട് - 1000 (954).

ആയിരം ആൺകുട്ടികൾ ജനിക്കുമ്പോൾ അതേ സമയത്തു ജനിക്കുന്ന പെൺകുട്ടികളുടെ എണ്ണമാണ് സെക്സ് റേഷ്യോ അറ്റ് ബെർത്ത് (SRB). Natural sex selection ലൂടെ 1000 ആൺകുട്ടികൾ ജനിക്കുമ്പോൾ 950 പെൺകുട്ടികൾ ജനിക്കുന്നതായാണു കണക്കാക്കിയിരിക്കുന്നത്. എന്നാൽ, ഇന്ത്യയിൽ പൊതുവേ നോക്കിയാൽ ഈ നിരക്ക് 2011 ൽ 911 ആയിരുന്നത് 2018 ആയപ്പോഴേക്കും 899 ആയി കുറഞ്ഞു. അതായത്, 1000 ആൺകുട്ടികൾക്ക് 899 പെൺകുട്ടികളാണ് ഇവിടെ ജനിക്കുന്നത്. മണിപ്പൂരിലാണ് ഏറ്റവും കുറഞ്ഞ നിരക്ക്. 757 മാത്രമാണ് ഇവിടെ പെൺകുട്ടികളുടെ ജനനനിരക്ക്. ഇന്ത്യയിലെ ജനനനിരക്കു വച്ചു കണക്കാക്കിയാൽ വർഷത്തിൽ 2.5 ദശലക്ഷത്തോളം പെൺകുഞ്ഞുങ്ങൾ ജനിക്കാതെ പോകുന്നു. പല കുഞ്ഞുങ്ങളും പിറവിക്കു മുമ്പേ കുരുതി കൊടുക്കപ്പെടുന്നു.

പെൺകുട്ടികൾക്കു നേരേയുള്ള അക്രമങ്ങളും വിവേചനങ്ങളും തടയാനുള്ള ബോധവത്കരണമെന്ന നിലയിൽ ഭാരതത്തിൽ എല്ലാ വർഷവും ജനുവരി 24-പെൺകുട്ടികൾക്കായുള്ള ദേശീയദിനമായി ആചരിക്കുന്നുണ്ടെങ്കിലും അതിക്രമങ്ങൾക്കു കുറവില്ല. സമത്വത്തിലൂന്നിയ സാമൂഹ്യവ്യവസ്ഥിതി സൃഷ്ടിച്ചെടുത്താൽ മാത്രമേ സ്ത്രീസമത്വം യാഥാർത്ഥ്യമാകൂ. സാമൂഹിക സാംസ്കാരികരംഗത്ത് കേരളം വളരെയേറെ മുന്നേറിയിട്ടുള്ളതിനാൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കും നീതി ലഭ്യമാക്കുന്ന നടപടിക്രമങ്ങളിൽ ഒരു പരിധിവരെ മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടുണ്ട്.

പെൺകുഞ്ഞുങ്ങളുടെ കളിചിരികൾ സമൂഹത്തിന്റെ ശോഭനമായ ഭാവിക്ക് ഊർജം പകരുന്നു, അവരുടെ നിഷ്കളങ്കമായ ചിരികൾ ഇനിയും ഇവിടെ നിറയട്ടെ.

■

ശ്രേഷ്ഠമലയാളം

# പ്രണയം



ഡോ. ഡേവിസ് സേവ്യർ

സമൂഹമാധ്യമം വഴി രൂപപ്പെട്ട ഒരു വാക്കാണ് തേയ്ക്കുക എന്നത്. പ്രണയിച്ച വ്യക്തിയെ വഞ്ചിക്കലാണ് ഇന്നത്തെ ഭാഷയിൽ തേയ്ക്കൽ. ചതിച്ച പെൺകുട്ടി തേപ്പുകാരിയുമാകും. വഞ്ചിക്കുന്നവരും വഞ്ചിക്കാൻവേണ്ടി പ്രണയിക്കുന്നവരും അധികവും സ്ത്രീകൾ ആണെന്നു തോന്നുന്നു! തന്മൂലമാകണം തേപ്പുകാരൻ എന്ന പ്രയോഗം അത്രകണ്ട് പ്രചാരത്തിൽ ഇല്ലാത്തത്. തേയ്ക്കുക എന്ന ക്രിയാപദത്തിന്, ഉരച്ചുമിനുക്കുക, മിനുപ്പിക്കുക, തുടയ്ക്കുക, മായ്ക്കുക, മെഴുകുക, വടിക്കുക, പുരട്ടുക, അരച്ചുപുരട്ടുക, പൂശുക, വൃത്തിയാക്കുക, മൂർച്ച കൂട്ടുക, ചാണയ്ക്കുവയ്ക്കുക, ഇസ്തിരിയിടുക തുടങ്ങിയ വിവക്ഷിതങ്ങളാണ് നിഘണ്ടുകർത്താക്കൾ കല്പിച്ചിട്ടുള്ളത്. എന്നാൽ, പ്രണയിച്ചു വഞ്ചിക്കുക എന്ന അർത്ഥത്തിലേക്കു തേയ്ക്കുക എന്ന സംജ്ഞ ചുരുങ്ങിപ്പോയിരിക്കുന്നു.

പ്രണയം എന്ന പദത്തിന്റെ നിരുക്തി എങ്ങനെ? "രഷാഭ്യാം നോണഃസമാനപദേ"* എന്ന പാണിനീയസൂത്രപ്രകാരം, പ്ര + നയം ആണ് പ്രണയം എന്നായിത്തീരുന്നത്. പ്രീതിനിമിത്തം ഒന്നിനെക്കുറിച്ച് അപേക്ഷിക്കുന്നതിന്റെ പേരാണ് പ്രണയമെന്ന് അമരകോശകാരനും വ്യക്തമാക്കുന്നു. വിശ്വാസം, യാചന തുടങ്ങിയ വിവക്ഷിതങ്ങളും പ്രണയസംജ്ഞയിൽ നിലീനമായിരിക്കുന്നു.** പ്രേമശബ്ദം പര്യായമായി കണക്കാക്കാം. വസ്തുതകൾ എന്തായാലും പ്രകർഷേണയുള്ള നയിക്കലാണത്രേ നിരുക്തിപ്രകാരം പ്രണയം.

പ്രണയിക്കുന്നവനെ പ്രണയി എന്നോ പ്രണയിതാവ് എന്നോ ദ്യോതിപ്പിക്കാം. പ്രണയിക്കുന്നവൾ പ്രണയിനിയാകും (പ്രണയനി തെറ്റ്) പ്രണയിക്കൽ, പ്രണയനമാണ് (കേവലക്രിയാനാമം). സൗമ്യസുന്ദരമായ പ്രണയത്തിന് ഇന്ന് രാക്ഷസഭാവം കൈവന്നിട്ടുണ്ട്. അക്കാരണത്താൽ പ്രണയനിരാസം ഹിംസയ്ക്കു കാരണമാകുന്നു. ആനപ്പക(കാലം എത്ര കഴിഞ്ഞാലും മറക്കാത്ത വിദ്വേഷം)പോലെ പ്രണയപ്പക എന്നൊരു പ്രയോഗം സമൂഹത്തിനു പരിചിതമായി. "പ്രണയം മധുരം മനോഹരം/ പ്രണയനൈരാശ്യം ഉത്കടസങ്കടം (ജി. ശങ്കരക്കുറുപ്പ്) എന്ന കവിതക്കാലം പണ്ടായിരുന്നു. അന്ന് പ്രണയികൾക്കു പ്രണയം കാല്പനികമായിരുന്നു. ഇന്നാകട്ടെ ഹിംസയുടെ പാഠങ്ങൾ ഒളിഞ്ഞിരിക്കുന്ന രാഗവഞ്ചനയായിത്തീർന്നിരിക്കുന്നു പ്രണയം.

രഷാഭ്യാം, നഃ ണഃ സമാനപദേ എന്നു പദച്ഛേദം. സമാനപദത്തിൽ ര(ർ)ഷ ഈ അക്ഷരങ്ങൾക്കു പരമായി വരുന്ന നകാരത്തിന് ണകാരം ആദേശമായി വരും.

* ചാക്കോ ഐ.സി., പാണിനീയപ്രദ്യോതം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2012, പുറം - 96.

** പരമേശ്വരൻ മൂസത്, ടി.സി. അമരകോശം, എൻ.ബി.എസ്., കോട്ടയം, 2013, പുറം - 727, 784.




വിനായക് നിർമ്മൽ

**രാ**ത്രി.

രോഷ്നിയുടെ മുറിയിൽ മാത്രം വെളിച്ചം തെളിഞ്ഞില്ല. അവൾ കട്ടിലിൽക്കിടന്ന് കണ്ണീരൊഴുക്കുകയായിരുന്നു. ആരും ആരെയും മനസ്സിലാക്കുന്നില്ലെന്ന് അവൾക്കു തോന്നി. മനസ്സിലാക്കുന്നതിനെക്കാൾ എളുപ്പം തെറ്റിദ്ധരിക്കുകയാണ്. ഒരാൾക്കു നേരേ കരം നീട്ടുന്നതിനെക്കാൾ എളുപ്പം കൈയൊഴിയുന്നതാണ്. കരം നീട്ടിയാൽ മറ്റേയാളുടെ ഭാരം മുഴുവൻ നാം ഏറ്റെടുക്കേണ്ടതായി വരും. കൈയൊഴിയുകയാണെങ്കിൽ നാം സ്വതന്ത്രരാകും. ഇത്തിരി നേരത്തെ കുറ്റബോധത്തിനപ്പുറം അതുമൂലം യാതൊരു ബുദ്ധിമുട്ടും ജീവിതത്തിലുണ്ടാകുന്നില്ല. പക്ഷേ, കരം നീട്ടിയാലോ ജീവിതകാലം മുഴുവൻ അതൊരു ബാധ്യതയായി മാറുന്നു. തനിക്കു സംഭവിച്ചത് അതല്ലേ? ചെറുപ്പത്തിലേ ഭാര്യ നഷ്ടപ്പെട്ട ഒരു അയൽവാസിയോടും അയാളുടെ പറക്കമുറ്റാത്ത മക്കളോടും തോന്നിയ അലിവ്... അനുകമ്പ... സഹതാപം... ആ കുടുംബത്തിൽനിന്നു താൻ കൈപ്പറ്റിയ നന്മകളോടുള്ള കടപ്പാട്... അതൊക്കെ കാരണമാണ് താൻ ഇപ്പോൾ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നത്. വേണമെങ്കിൽ മറ്റാരെയും പോലെ തനിക്കും ആ കുടുംബത്തിനു നേരേ കണ്ണടയ്ക്കാമായിരുന്നു. മരിച്ചടക്കിൽ പങ്കെടുത്ത് പിരിയുന്ന മറ്റനേകം പേരിലൊരാളായിത്തീരാൻ ആർക്കാണു സാധിക്കാത്തത്? അതാർക്കാണു ബുദ്ധിമുട്ടുണ്ടാക്കുന്നത്? ഒരു മൈൽ ദൂരം നടക്കാൻ ആരും സന്നദ്ധരാകും. പക്ഷേ, രണ്ടു മൈൽ ദൂരം നടക്കുക എന്നതാണ് ദുഷ്കരം. അധികമായിട്ടുള്ളതെന്തും ബുദ്ധിമുട്ടാണ്. എന്നാൽ, അധികമായി ചെയ്യുന്നതിലല്ലേ സ്നേഹമുള്ളത്? ആ സ്നേഹത്തിനു നേരേ കല്ലെറിയുമ്പോഴോ? സ്നേഹിക്കാൻതന്നെ ഭയമാകും. സഹായിക്കാൻതന്നെ മടിയാകും. വിശ്വസിക്കാൻ കഴിയാത്തവിധം സംശയാലുവാകും.

ഭർത്താവ് നഷ്ടപ്പെട്ട ഒരു സ്ത്രീ സമൂഹത്തിനുമുമ്പിൽ തെറ്റിദ്ധരിക്കപ്പെടാൻ ഏറെ സാധ്യതയുണ്ടെന്ന് രോഷ്നിക്കറിയാമായിരുന്നു. അവൾ തെറ്റു ചെയ്യാതെ ക്രൂശിക്കപ്പെടും. അവളുടെ ചെയ്തികളെ മൈക്രോസ്കോപ്പിലൂടെയെന്നവണ്ണം സമൂഹം വിലയിരുത്തും. തീരെ ചെറിയൊരു കുറവുപോലും പർവതീകരിക്കപ്പെടും. എന്നാൽ, അതൊക്കെ ഭാര്യ നഷ്ടപ്പെട്ട ഒരു ചെറുപ്പക്കാരനും അനുഭവിക്കേണ്ടിവരുമെന്ന കാര്യം അവൾക്ക് അജ്ഞാതമായിരുന്നു. സനൽ തന്റെ ജീവിതത്തിലൂടെ കടന്നുപോകുന്നത് അത്തരം അനുഭവങ്ങളിലൂടെയാണ്. ചില സാഹചര്യങ്ങൾ മാത്രം സ്ത്രീയെയും പുരുഷനെയും സമന്മാരാക്കും.

"രോഷ്നീ..."

അപ്പോൾ വാതില്ക്കൽ റോയിയുടെ ശബ്ദം കേട്ടു.

"നീ വാതിൽ തുറക്ക്... വന്ന് അത്താഴം കഴിക്ക്..." അയാളുടെ സ്വരം ശാന്തമായിരുന്നു. താൻ ചെയ്തതിലെ തെറ്റ് അയാൾക്കു മനസ്സിലായതുപോലെ... കുറ്റബോധം അയാളെ വേട്ടയാടിയതുപോലെ.

രോഷ്നി വിളി കേട്ടില്ല. റോയിയുടെ നെഞ്ചിൽ ആശങ്ക നിറഞ്ഞു. വല്ലാത്തൊരു പേടി. ഇന്നത്തെക്കാലത്ത് ആരോടും എതിർത്തു പറയാൻ കഴിയാത്ത സാഹചര്യമാണ്. ഒന്നു പറഞ്ഞ് രണ്ടാമത് ആത്മഹത്യ ചെയ്യുന്നത് ഫാഷനായി കൊണ്ടുനടക്കുന്നവർ. പ്രത്യേകിച്ച് തന്റെ ഭാഗത്ത് തെറ്റില്ലാതിരുന്നിട്ടും ക്രൂശിക്കപ്പെടുമ്പോൾ.

"മോളേ." റോയിയുടെ ശബ്ദം ഉയർന്നു.

"നീ വാതിൽ തുറക്ക്. ചേട്ടായിയോട് വെറുതേ പിണങ്ങിയിരിക്കാതെ."

റോയി മനോവ്യഥയിൽ നെഞ്ച് തിരുമ്മി.

"നിങ്ങള് വന്നു കഴിക്കുന്നുണ്ടോ. കുറെനേരമായി പെങ്ങളെ പുന്നാരിച്ചുകൊണ്ടുനില്ക്കുന്നു. എനിക്കു വിശക്കുന്നുണ്ട്."

സീനയുടെ ക്ഷമ നശിച്ച സ്വരവും രോഷ്നി കേട്ടു. ഭാര്യയ്ക്കും പെങ്ങൾക്കുമിടയിൽ വീർപ്പുമുട്ടുന്ന ഒരു പുരുഷനാണ് റോയി എന്ന് രോഷ്നിക്കറിയാമായിരുന്നു. പരസ്യമായി തന്നോടു ചേർന്നുനില്ക്കാൻ പലപ്പോഴും റോയി ബുദ്ധിമുട്ടുന്നുണ്ടെന്നും.

"എനിക്കു വേണ്ട. ചേട്ടായി പോയി കഴിച്ചോ." രോഷ്നി പറഞ്ഞു. വേദനിപ്പിച്ച ഒരാളോട് തിരികെ അതേ രീതിയിൽ വേദനിപ്പിക്കുന്നത് മാന്യതയല്ലല്ലോ?

അവളുടെ സ്വരം കേട്ടപ്പോൾ റോയിക്ക് ആശ്വാസം തോന്നി.

"വാടീ," സ്നേഹപുരസ്സരം റോയി വീണ്ടും ക്ഷണിച്ചു.

"എനിക്കു വേണ്ട ചേട്ടായീ..." ആ സ്നേഹം ഹൃദയത്തെ സ്പർശിക്കുന്നുണ്ടെന്നു മനസ്സിലാക്കിയ രോഷ്നിയും അതേ സ്നേഹത്തോടെ പറഞ്ഞു.

എന്നിട്ടും റോയി പിന്നെയും അവളെ കാത്തെന്നോണം നിന്നു.

"ഇനിയും നിങ്ങള് വരുന്നില്ലേ... അതോ അവള് വാരിത്തന്നാലേ നിങ്ങള് കഴിക്കൂ എന്നുണ്ടോ?"

സീനയുടെ ദേഷ്യം പിടിപ്പിക്കുന്ന വർത്തമാനം. ഭാര്യയുമായി ഒരു ശണ്ഠകൂടാൻ റോയിക്കു കരുത്തില്ലായിരുന്നു. അതുകൊണ്ട് ഒന്നും പറയാതെ അയാൾ ഭക്ഷണമേശയ്ക്കലേക്കു ചെന്നു. പക്ഷേ, അത്താഴപ്പാത്രത്തിൽ കൈയിട്ടിരുന്നതല്ലാതെ അയാൾക്കു കഴിക്കാൻ തോന്നിയില്ല.

"ഓ! പെങ്ങൾക്കിട്ടൊന്നു പൊട്ടിച്ചതിന്റെ വിഷമമായിരിക്കും." സീന അയാളെ ചൊടിപ്പിക്കാനായി പറഞ്ഞു.

"നിനക്കൊന്ന് മിണ്ടാതിരിക്കാമോ." റോയ് പാത്രം മുമ്പിൽ നിന്നു തള്ളിമാറ്റി എണീറ്റുപോയി. സീന അയാളെ ദേഷ്യത്തോടെ നോക്കിക്കൊണ്ട് പാത്രത്തിലേക്കു കൈയിട്ടു. കിടപ്പുമുറിയിലെത്തിയ സീന വാതിൽ ചേർത്തടച്ചിട്ട് റോയിക്കു പുറംതിരിഞ്ഞുകിടന്നു.

"നിന്നോടൊരു കാര്യം പറയാനുണ്ടെനിക്ക്."

"എനിക്കൊന്നും കേൾക്കണ്ട..." മുഖം കൊടുക്കാതെ സീന പറഞ്ഞു.

"കേൾക്കണം." റോയിയുടെ സ്വരം ഉയർന്നു.

"ഇവിടെ നടന്നതൊന്നും നീ ആരോടും പറഞ്ഞേക്കരുത്."

"പിന്നേ. അതല്ലേ എന്റെ പണി." സീന പുച്ഛിച്ചു.

"നിന്റെ പണി അതായതുകൊണ്ടുതന്നെയാ അക്കാര്യം ഓർമിപ്പിച്ചെ. എന്റെ പെങ്ങളെക്കുറിച്ച് വേണ്ടാതീനം വല്ലതും നിന്റെ നാവീന്നു പുറത്തുപോയാ." റോയി അവളുടെ ചെവിയിലേക്കു ചുണ്ടടുപ്പിച്ചിട്ട് അടക്കിനിർത്തിയ സ്വരത്തിൽ പറഞ്ഞു:

"റോയി ആരാണെന്ന് നീ ശരിക്കുമറിയും."

ആ വാക്കുകളുടെ ചൂട് സീനയുടെ മുഖത്തു തട്ടി. വിവാഹം കഴിഞ്ഞ് വർഷമിത്രയായിട്ടും അയാളുടെ ഇങ്ങനെയൊരു മുഖം അവൾ കണ്ടിട്ടുണ്ടായിരുന്നില്ല. സീന ശരിക്കും ഭയന്നുപോയി.

**** *** ***

രോഷ്നിയുടെ മുറി.

അവൾ പിഎസ്സിയുടെ നോട്സുകൾ മറിച്ചുനോക്കിക്കൊണ്ടിരിക്കുകയായിരുന്നു. അപ്പോഴാണ് റോയി മുറിയിലേക്കു ചെന്നത്. ദിവസങ്ങൾ കഴിഞ്ഞുപോയിട്ടും രോഷ്നിയോട് പഴയതുപോലെ മിണ്ടാനും അടുക്കാനും റോയിക്കു കഴിയുന്നുണ്ടായിരുന്നില്ല. അദൃശ്യമായ ഒരു മതിൽക്കെട്ട് തങ്ങൾക്കിടയിൽ ഉയർന്നിരിക്കുന്നതുപോലെ. അതു തകർക്കാൻ എത്ര ശ്രമിച്ചിട്ടും തനിക്കു കഴിയുന്നില്ലെന്നും റോയിക്കു മനസ്സിലാകുന്നുണ്ടായിരുന്നു.

"മോള് പഠിക്കുവാണോ?"

പിന്നിൽനിന്ന് രോഷ്നിയുടെ ശിരസ്സ് തലോടിക്കൊണ്ട് റോയി ചോദിച്ചു.

"ഉം." ശിരസ്സ് തിരിച്ച് അയാളെ നോക്കി പുഞ്ചിരിച്ചുകൊണ്ട് രോഷ്നി പറഞ്ഞു.

"മോൾക്ക് ചേട്ടായിയോടു പിണക്കമുണ്ടോ?"

"എന്തിന്."

രോഷ്നി ചോദിച്ചു.

"സങ്കടമുണ്ടായിരുന്നു. പക്ഷേ, അതും മാറി." രോഷ്നിയുടെ വാക്കുകൾ സത്യസന്ധമാണെന്ന് റോയിക്കു മനസ്സിലായി. ഒരു നിമിഷം അവളോടു തുടർന്ന് എന്തു സംസാരിക്കണമെന്നറിയാതെ അയാൾ കുഴങ്ങി. പിന്നെ പറഞ്ഞു:

"കുറച്ചുനാളായി മനസ്സിൽ കൊണ്ടുനടക്കുന്ന ഒരു കാര്യമാ. ഇപ്പഴാ അതു നിന്നോട് പറയാൻ തീരുമാനമായെ."


എന്തുകാര്യമാണെന്ന മട്ടിൽ രോഷ്നി അയാളെ നോക്കി.

"ഞാൻ രാജുച്ചേട്ടനോടാ ആദ്യം പറഞ്ഞെ. കുടുംബത്തിലെ മൂത്ത ആളല്ലേ. നമുക്ക് വലിയ ഉപകാരമൊന്നുമില്ലെങ്കിലും. ചേട്ടന് സമ്മതക്കുറവൊന്നുമില്ല. അതോണ്ടാ നിന്നോടു പറയാമെന്നു വച്ചെ."

രോഷ്നി ആകാംക്ഷയോടെ റോയിയെ നോക്കിയതല്ലാതെ മറ്റൊന്നും ചോദിച്ചില്ല.

"നിന്നെ കെട്ടിച്ചുവിടാൻ പ്രായമൊക്കെയായി. മനസ്സിൽ കുറെനാളായി അങ്ങനെയൊരു ആലോചന നടക്കുന്നുണ്ടായിരുന്നു. സീനയുടെ സ്വർണോം ഒന്നു രണ്ട് ചിട്ടീം പിന്നെ കുറച്ചു കൈവായ്പയും ഒക്കെയായിട്ട് അതങ്ങ് വലിയ ബുദ്ധിമുട്ടില്ലാതെ നടത്താവുന്നതേയുള്ളൂ. ജോലി കിട്ടിയിട്ടു മതി കല്യാണം എന്ന നിന്റെ തീരുമാനം കൊണ്ടാ ഞാനത് സ്പീഡാക്കാതിരുന്നെ.. മാത്രവുമല്ല നിന്നെ വലിയ ദൂരത്തോട്ടൊന്നും പറഞ്ഞുവിടാൻ എനിക്ക് സമ്മതവുമില്ലായിരുന്നു."

"എന്നിട്ട് ഇപ്പോഴെന്നതാ സംഭവിച്ചെ. അല്ലെങ്കിൽ ചേട്ടായിക്കെന്നാ മനം മാറ്റമുണ്ടായെ?"



രോഷ്നി കസേരയിൽ നിന്നെണീറ്റു.

"എനിക്കു ജോലിയൊന്നും ആയിട്ടില്ലല്ലോ. ഇനി അതല്ല വീട്ടുമുറ്റത്തുനിന്നെങ്ങാനും നല്ല ആലോചന വല്ലതും വന്നിട്ടുണ്ടോ?"

രോഷ്നി പാതി കളിയായും കാര്യമായും ചോദിച്ചു.

"ഉം വന്നിട്ടുണ്ട്. അതോണ്ടല്ലേ നിന്നോടു പറഞ്ഞെ."

രോഷ്നിയുടെ മുഖം കനത്തു.

"പരസ്പരം നമുക്ക് അറിയാവുന്നവരാ. നിന്നെ ജോലിക്കു വിടാൻ അവന് മനസ്സുമുണ്ട്. ദൂരേക്കൊന്നും നിന്നെ കെട്ടിച്ചുവിടുന്നുമില്ല. കൺവെട്ടത്തു തന്നെ..."

റോയി ചിരിച്ചു.

"സുമന്റെ കാര്യമാണോ ചേട്ടായി പറഞ്ഞുവരുന്നത്?" രോഷ്നി ചോദിച്ചു

"ഉം. അപ്പോ നിനക്ക് അവനെയും ഇഷ്ടമാണോ. അവൻ എന്നോട് നിന്നെ കല്യാണം കഴിക്കാൻ ആഗ്രഹമുണ്ടെന്നു പറഞ്ഞു."

റോയി അറിയിച്ചു.

*(തുടരും)*



# ഹരം പിടിപ്പിക്കുന്ന ഡോൾഫിൻ ഷോ



യാത്ര

സാംസൺ പാലാ

**പു**രാതനകാലംമുതൽ മനുഷ്യൻ വിനോദങ്ങൾക്കായി പക്ഷിമൃഗാദികളെയും മത്സ്യങ്ങളെയും ഉപയോഗിച്ചിരുന്നു. ഡോൾഫിൻ എന്നയിനം മത്സ്യങ്ങളെക്കൊണ്ട് പലതരത്തിലുള്ള അഭ്യാസപ്രകടനങ്ങൾ കാഴ്ചവയ്ക്കുന്ന 'ഡോൾഫിൻ' ഷോകൾ സഞ്ചാരികളെ വളരെയധികം ആകർഷിക്കുന്നു. ഓസ്ട്രേലിയായിലെ ക്വീൻസ് ലാന്റിലുള്ള ഗോൾഡ് കോസ്റ്റിൽ ഡോൾഫിൻ ഷോകൾക്കായി 1971 ൽ സ്ഥാപിതമായ ഒരു വലിയ കൃത്രിമ ജലാശയ പാർക്കാണ് സീ വേൾഡ്. ഓവൽമാതൃകയിൽ നിർമിച്ചിരിക്കുന്ന വലിയ ഒരു തടാകമാണ് ഇതിനുവേണ്ടിയൊരുക്കിയിരിക്കുന്നത്. ഡോൾഫിനുകളെ വളരെ നാളത്തെ വിദഗ്ധപരിശീലനങ്ങൾക്കുശേഷം ഷോകളിൽ ഉൾപ്പെടുത്തുന്നു. ഈ മത്സ്യങ്ങൾക്കു പരിശീലനം കൊടുക്കാൻ അതിവിദഗ്ധരായ പരിശീലകരുണ്ട്. യഥാർത്ഥ സമുദ്രമെന്നു തോന്നിക്കാൻ കുറഞ്ഞത് 35 അടിയെങ്കിലും ആഴത്തിലാണ് ജലസ്റ്റേഡിയം നിർമിച്ചിരിക്കുന്നത്.

ഷോ കാണാൻ വിശാലമായ സ്റ്റേഡിയം മുഴുവൻ ആൾക്കാരെക്കൊണ്ട് തിങ്ങിനിറഞ്ഞിരിക്കും. ഷോ ആരംഭിക്കാനുള്ള മണി മുഴങ്ങി. ഇതിൽ പങ്കെടുക്കുന്ന ഡോൾഫിനും ഓരോ പേരുകൾ നൽകിയിട്ടുണ്ട്. അതനുസരിച്ചാണ് ഇവ സ്റ്റേജിന്റെ പുറകിൽനിന്നു ജലാശയത്തിന്റെ മുമ്പിലേക്കു വരുന്നത്. 'ഹെർക്കുലീസ്' എന്ന് പേരിട്ടിരിക്കുന്ന ഡോൾഫിനെ മൈക്കിൽക്കൂടി സ്വാഗതം ചെയ്യുമ്പോൾ കാണികളെ അദ്ഭുതപ്പെടുത്തിക്കൊണ്ട് ഒരു സൈഡിൽക്കൂടി അത് ജലാശയത്തിലേക്കു നീന്തിവരുന്നു. പിന്നീട് പലതരത്തിലുള്ള അഭ്യാസപ്രകടനങ്ങൾ. മലർന്നുകിടന്നുള്ള നീന്തൽ, സംഗീതത്തിനൊപ്പം ഡാൻസ് ചെയ്യാൻ വാൽഭാഗം മാത്രം ജലത്തിൽ കുത്തിയുള്ള നീന്തൽ, ആറു വളയങ്ങളിൽക്കൂടി ചാടുക തുടങ്ങിയ വിവിധ തരത്തിലുള്ള അഭ്യാസങ്ങൾ കഴിയുമ്പോൾ അടുത്തതിന്റെ പേര് വിളിച്ചുകഴിഞ്ഞു, മത്സ്യകന്യക ഡയാന. ഈ സമയം ഹെർക്കുലീസ് മറുവശത്തുകൂടി അപ്രത്യക്ഷമാകും. ഡയാന നീന്തി ജലാശയത്തിന്റെ നടുഭാഗത്ത് വന്നു വട്ടത്തിൽ കറങ്ങി കാണികളെയെല്ലാം ഒന്നു വീക്ഷിക്കും. 25 അടിയോളം ഉയരത്തിൽ തൂക്കിയിട്ടിരിക്കുന്ന മൂന്നു വലിയ പന്തുകൾ ലക്ഷ്യമാക്കി വെള്ളത്തിൽനിന്നു മുകളിലേക്കുയർന്നു കൃത്യമായി ചുണ്ടുകൾകൊണ്ട് പന്ത് തെറിപ്പിക്കും.

ഇങ്ങനെ പേരു വിളിക്കുന്നതനുസരിച്ച് ഡോൾഫിനുകൾ വ്യത്യസ്തങ്ങളായ നിരവധി പ്രകടനങ്ങൾ കാഴ്ചവയ്ക്കും. കരയിൽ നിൽക്കുന്ന ഒരു യുവസുന്ദരിയെ മുതുകിലിരുത്തി സ്റ്റേഡിയത്തിനു ചുറ്റും മൂന്നു പ്രാവശ്യം വലംവച്ചതിനുശേഷം വെള്ളത്തിലേക്കു താഴ്ന്ന് സ്റ്റേജിന്റെ നടുഭാഗത്തായി ഉയർന്നു ചുണ്ടിന്റെ അഗ്രത്തു നിർത്തി 25 അടി ഉയരത്തിലേക്ക് പൊക്കി എറിയുമ്പോൾ കാണികൾ ആവേശംമൂത്ത് കരഘോഷം മുഴക്കി ആർത്തുവിളിക്കും. ഓരോ കളിയും കഴിയുമ്പോൾ ഡോൾഫിനുകൾക്ക് മൂന്നോ നാലോ ചെറുമത്സ്യങ്ങൾ അപ്പോൾത്തന്നെ സമ്മാനമായി വായിലിട്ടു കൊടുക്കും. അടുത്തത്, വായുനിറച്ച മോട്ടോർ ബോട്ടിന്റെ അതേ സ്പീഡിൽ ബോട്ടിനൊപ്പം സഞ്ചരിച്ചതിനുശേഷം ബോട്ടിനു മുകളിൽക്കൂടി കുറുകെ വട്ടത്തിൽ വെള്ളത്തിലേക്കു ചാടും. ഇത് പലപ്രാവശ്യമാവർത്തിക്കും. ഈ സമയം സ്റ്റേജിന്റെ അടുത്തിരിക്കുന്ന കുറെപ്പേരുടെയെങ്കിലും ദേഹത്ത് നന്നായി വെള്ളം തെറിച്ച് കുളിച്ച പരുവമാകും.



ഡോൾഫിൻ ഒരു പെൺകൊടിയെ ഉയരത്തിൽ തൂക്കിയിട്ടിരിക്കുന്ന ഇരുമ്പുവളയത്തിൽക്കൂടി ചാടിക്കും. ജലത്തിനടിയിലേക്കു പോകുന്ന പെൺകുട്ടിയെ മുതുകിലേറ്റി കരയിലെത്തിക്കും. ഷോ നടക്കുന്ന സമയങ്ങളിലെല്ലാം അല്പവസ്ത്രധാരികളായ യുവസുന്ദരിമാരുടെ ഡാൻസും പാട്ടുമെല്ലാം എല്ലാവർക്കും ദർശിക്കത്തക്കപോലെ നടന്നുകൊണ്ടിരിക്കും. അടുത്തത്, രണ്ടടി വീതം അകലത്തിൽ കെട്ടിത്തൂക്കിയിട്ടിരിക്കുന്ന ആറ് ഇരുമ്പുവളയങ്ങളിൽക്കൂടിയുള്ള ചാട്ടമാണ്. വെള്ളത്തിനടിയിലേക്കു പാഞ്ഞുപോകുന്ന ആറു ഡോൾഫിനുകൾ ഒന്നിനു പിറകെ ഒന്നൊന്നായി 25 അടി ഉയരത്തിൽ ലക്ഷ്യം തെറ്റാതെ കൃത്യമായി ഈ വളയങ്ങളിൽക്കൂടി ചാടി നമ്മെ അമ്പരപ്പിക്കും.

രണ്ടു ഡോൾഫിനുകളുടെ പുറത്ത് ഓരോ കാൽ ചവുട്ടിനിന്നുള്ള സവാരിയും അതിശയിപ്പിക്കുന്നതാണ്. കയറുമായി ബന്ധിപ്പിച്ചിരിക്കുന്ന ബോട്ട് ഡോൾഫിനെക്കൊണ്ട് കടിച്ചുവലിപ്പിക്കുന്നതും വേറിട്ട ഒരു കാഴ്ചയാണ്. ഇടവേളകളിൽ ഇതിൽ പങ്കെടുക്കുന്ന എല്ലാ കലാകാരന്മാരുടെയും കലാകാരികളുടെയും ജലവിനോദ കായികാഭ്യാസപ്രകടനങ്ങളും നമുക്കു കണ്ടാസ്വദിക്കാം. ആറു ഡോൾഫിനുകൾ ജലത്തിൽനിന്ന് ഒരേപോലെ ഉയർന്ന് 25 അടി മുകളിലെത്തിയശേഷം താഴേക്കു പിരിഞ്ഞുപിരിഞ്ഞ് കറങ്ങിവരുന്ന സീൻ കാണികളെ ഏറെ രസിപ്പിക്കും. മുകളിൽക്കൂടി തലങ്ങും വിലങ്ങും സഞ്ചരിക്കുന്ന കടൽപ്രാവുകളും കേബിൾ കാറുകളും കാണാം. വെള്ളം നിറഞ്ഞു നിൽക്കുന്ന സ്റ്റേഡിയത്തിന്റെ ഓരങ്ങളിൽ പെലിക്കൻ പക്ഷികൾ വിഹരിക്കുന്നു. എട്ടു ഡോൾഫിനുകൾ ചേർന്ന് പന്ത്രണ്ടു യുവസുന്ദരിമാരെ വഹിച്ചുകൊണ്ടുള്ള അഭ്യാസങ്ങൾ മറ്റൊരു ഡോൾഫിൻ ഷോകളിലും കാണാൻ പറ്റാത്തതാണ്. പന്ത്രണ്ടു പേരും വെള്ളത്തിനുമുകളിൽ ചേർന്നു കിടക്കും. ഓരോ ഡോൾഫിനും അടിയിൽക്കൂടിവന്ന് പന്ത്രണ്ടു പേരുടെയും മുകളിൽക്കൂടി വൃത്താകൃതിയിൽ രണ്ടു പ്രാവശ്യം വീതം ചാടും. ഇതും മറ്റു ഡോൾഫിൻ ഷോകളെക്കാൾ വ്യത്യസ്തമാണ്. യുവതികളെ കരയിലെത്തിച്ചശേഷം എല്ലാ ഡോൾഫിനുകളും വട്ടത്തിൽനിന്ന് ഒരു പന്തുകളിയുണ്ട്. ഒടുവിൽ, വെള്ളത്തിലുള്ള എല്ലാ ഡോൾഫിനുകളും തലകീഴായി വരിവരിയായി വാലറ്റം മാത്രം മുകളിൽ പ്രദർശിപ്പിച്ചുകൊണ്ട് നമുക്ക് റ്റാ റ്റാ തരുന്നതോടുകൂടി ഒരു ഷോ അവസാനിക്കുന്നു. ഏകദേശം രണ്ടര മണിക്കൂർ സമയം നാം മറ്റൊരു ലോകത്തിലാണെന്നു തോന്നും. ബലൂഗാ എന്നയിനം തിമിംഗലങ്ങളെയും പരിശീലിപ്പിച്ച് ഈ ജലസർക്കസ്സിൽ ഉൾപ്പെടുത്താറുണ്ട്. പതിനൊന്നു മണിക്കും മൂന്നു മണിക്കും രണ്ടു ഷോകൾ വീതം ഇവിടെ അരങ്ങേറുന്നു. സീ വേൾഡ് ഡോൾഫിൻ മറൈൻ കൺസർവേഷൻ പാർക്കിൽ ഡോൾഫിനൊപ്പം നീന്തുന്നതിന് പരിശീലനം നൽകുന്നുണ്ട്. സിഡ്നിയിൽനിന്ന് 840 കിലോമീറ്റർ ദൂരമുള്ള ഗോൾഡ് കോസ്റ്റിലേക്കു യാത്ര ചെയ്യാൻ ഫ്ളൈറ്റ്, ട്രെയിൻ, ബസ്, കാർ തുടങ്ങിയ പലവിധ സൗകര്യങ്ങളുമുണ്ട്. ഒരു മണിക്കൂർ 20 മിനിട്ടുകൊണ്ട് ഫ്ളൈറ്റിലും പത്തു മണിക്കൂർകൊണ്ട് ട്രെയിനിലും ചെന്നെത്താം. ലോകജലവിനോദാഭ്യാസത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഇനമായ ഈ ഷോ ഇപ്പോൾ അമേരിക്ക, റഷ്യ, ജപ്പാൻ, സിംഗപ്പൂർ, തായ്ലാന്റ് തുടങ്ങിയ ലോകത്തിലെ നിരവധി രാജ്യങ്ങളിലും നിലവിലുണ്ട്.

■

# ബോട്ടം ഗ്ലാസ് കാഴ്ചകളും സ്കൂബാ ഡൈവിങ്ങും

ലക്ഷദ്വീപ് വിശേഷങ്ങൾ ⑩

മാത്യൂസ് പ്ലാക്കൻ

വ്യാഴാഴ്ച ഞങ്ങൾക്കു തിരക്കുള്ള ദിവസമായിരുന്നു. വെള്ളിയാഴ്ച മടങ്ങാനുള്ളതാണ്. പ്രഭാതഭക്ഷണം കഴിഞ്ഞതോടെ ഞങ്ങൾ റിസോർട്ട് ബീച്ചിലെത്തി. അവിടെ കടൽ ബോട്ട് സജ്ജമായിക്കിടന്നിരുന്നു. പരിശീലനം സിദ്ധിച്ച ലൈഫ്ഗാർഡുകളും വോളന്റിയേഴ്സുമുണ്ട്. ഞങ്ങളെ കടൽകായികവിനോദങ്ങളിലേക്കു കൊണ്ടുപോകുകയാണ്. നാലുപേരെ ടേൺ വച്ചാണു കൊണ്ടുപോകുന്നത്. ബീച്ചിൽനിന്നു നാലഞ്ചു കിലോമീറ്റർ ദൂരെ കടലിലേക്ക്.

സീബോട്ടം ഗ്ലാസിലൂടെ കടലിനടിയിലെ കാഴ്ചകൾ അത്യന്തം മനോജ്ഞമാകുന്നു. പിന്നെ സ്കൂബാ ഡൈവിങ്, കാനോയിങ്, സ്നോർക്കിങ്, റിസോർട്ട് വോളന്റിയറും ലൈഫ് ഗാർഡുമൊക്കെ കടലിലേക്കിറങ്ങി. ഓക്സിജൻ മാസ്ക്, ലൈഫ് ജാക്കറ്റ്, കാലിൽ ഫിൻസ് തുടങ്ങിയവയൊക്കെ അവർ ധരിച്ചിരുന്നു. സ്കൂബാ ഡൈവിങ്ങിന്റെ ഡെമോൺസ്ട്രേഷൻ നടന്നു. പ്രകടനക്കാർ കടലിൽ മുങ്ങാംകുഴിയിട്ടു. സ്കൂബാ ഡൈവിങ് എങ്ങനെ ഈസിയായി ചെയ്യാമെന്നും ഓക്സിജൻ ശ്വസിച്ചുകൊണ്ട് കടലിനടിയിലെ കാണാക്കാഴ്ചകൾ എങ്ങനെയെന്നുകണ്ട് മത്സ്യത്തെപ്പോലെ നീന്തി നടക്കാമെന്നുമൊക്കെ പ്രകടനക്കാർ കാണിച്ചുതന്നു. സ്കൂബാ ഡൈവിങ്ങിനു തയ്യാറായ സംഘാംഗത്തിനു ലൈഫ് ഗാർഡ് സെക്യൂരിറ്റി ഒരുക്കും. ചുരുക്കംപേർ മാത്രമേ ആ ഉദ്യമത്തിൽ വിജയകരമായി പങ്കെടുത്തുള്ളൂ. സ്കൂബാ ഡൈവിങ് നല്ലൊരു ദൃശ്യാനുഭവംതന്നെയായിരുന്നു. ഡൈവിങ്ങിന്റെ വ്യത്യസ്ത മാനങ്ങളും ടെക്നിക്കുകളും ഹൃദിസ്ഥമാക്കാനുള്ള സുവർണാവസരം.

ഇതിനിടയിൽ റിസോർട്ടു വോളന്റിയേഴ്സ് ഞങ്ങളെ ചില വിചിത്ര കടൽജീവികളെ പരിചയപ്പെടുത്താതിരുന്നില്ല. ബോട്ടംഗ്ലാസിലൂടെയും ഓപ്പൺ വ്യൂവിലൂടെയും ഞങ്ങൾ ആ അപൂർവദൃശ്യം കണ്ടു. നീരാളികളുടെ കാഴ്ച!

നീരാളി അഥവാ ഒക്ടോപസ് ഒരു പോരാളിതന്നെ. ഒളിപ്പോരാളിയെപ്പോലെ ചുറ്റുപാടുകൾക്കിടയിൽ ഒളിച്ചിരിക്കും. നിറംമാറ്റി ശത്രുക്കളെ കബളിപ്പിക്കും. ശത്രുക്കളെ വരിഞ്ഞു മുറുക്കാൻ കാലുകൾ എട്ട്. പോതുകളിൽ പതുങ്ങിയിരുന്നു മീനുകൾ, ഞണ്ടുകൾ, ഷെൽജീവികൾ തുടങ്ങിയവയ്ക്കു നേരേ ചാടിവീണ് അവയെ വായിലാക്കും. "അപ്പൽ" എന്നു ലക്ഷദ്വീപുകാർ വിളിപ്പേരിട്ടിരിക്കുന്ന നീരാളികൾ ധാരാളമാണ്.

പിന്നെ കണ്ടതു നക്ഷത്രമത്സ്യമാണ്. സ്റ്റാർഫിഷ്, നക്ഷത്രംപോലെ സുന്ദരം. എന്നാൽ, പവിഴപ്പുറ്റുകളെ കുഴപ്പങ്ങളിൽ ചാടിക്കലാണ് പണി. പവിഴപ്പുറ്റുകളുടെ പ്രധാന ശത്രുവാണ് നക്ഷത്രമത്സ്യമെന്നു സാരം. കാരണം സൂക്ഷ്മജീവികളായ കോറലുകളാണ് ഇവയുടെ ആഹാരം. പവിഴപ്പുറ്റുകളുടെ സാന്നിധ്യമുള്ളതുകൊണ്ട് ലക്ഷദ്വീപ് കടലുകളിൽ ഇവയെ ധാരാളമായിക്കാണാം.

ഉച്ചകഴിഞ്ഞ് ഞങ്ങൾ അഗത്തിമാർക്കറ്റ് കാണാൻ പോയി. കേരളത്തിലെ ഒരു ഗ്രാമക്കവലയിൽ കാണാവുന്ന കടകളേയുള്ളൂ. ടെറസ് ബിൽഡിങ് ഒന്നുമേയില്ല. ടാർഷീറ്റോ ആസ്ബസ്റ്റോസോ ഓടിട്ടതോ ആയ ചെറിയ കടകൾ. പലചരക്കും ചായക്കടയും മൊബൈൽഫോൺ കടയുമൊക്കെയുണ്ട്. ചായക്കടയിൽക്കയറി ഞങ്ങൾ ചായയും പഴംപൊരിയും കഴിച്ചു.

കായൽ അവസാനിക്കുന്നിടത്തൊരു കാനറാ ബാങ്കുണ്ട്. മുമ്പത് സിൻഡിക്കേറ്റ് ബാങ്കായിരുന്നു. ഇപ്പോൾ അത് കാനറാ ബാങ്കിൽ മേർജു ചെയ്തുകഴിഞ്ഞല്ലോ. ഇവിടെ ആകെക്കൂടിയുള്ളൊരു ബാങ്ക്. കേന്ദ്രഗവൺമെന്റിന്റെ എല്ലാ ആനുകൂല്യങ്ങളും അതേ ബാങ്കുവഴിയാണ് ലക്ഷദ്വീപുനിവാസികൾക്കു ലഭ്യമാകുക.

ഞങ്ങൾ അവസാനറൗണ്ട് കാഴ്ചകളുടെ തിരക്കിലായിരുന്നു. നാളെ രാവിലെ കേരളത്തിലേക്കുള്ള മടക്കത്തിന്റെ ഒരുക്കദിവസം. ഉച്ചയ്ക്കുമുമ്പ് കപ്പലിൽ കയറണം. കപ്പൽയാത്ര പലർക്കും പുത്തൻ അനുഭവമായിരിക്കും. മുമ്പൊരിക്കലും വലിയ കപ്പലിൽ യാത്ര ചെയ്യാത്തവരുണ്ട്. യാത്രാസംഘത്തിലെ ചില സ്ത്രീകൾ ഇവിടെ വന്നപ്പോഴാണ് ഇത്രയും വലിയ കപ്പൽ കണ്ടതു തന്നെ.

വിടപറയൽ എവിടെയായിരുന്നാലും നൊമ്പരംതന്നെ. ദിവസങ്ങളുടെ ബന്ധം. കാണാക്കാഴ്ചകളുടെ സ്വർഗ്ഗവാതിലുകൾ! റിസോർട്ടിനോടും ലക്ഷദ്വീപിനോടും ഞങ്ങൾ യാത്ര പറയുന്നു. ലഗേജുകളുമായി ഞങ്ങൾ ട്രാവലറിൽ കയറി. അകലെയല്ലാത്ത ഈസ്റ്റേൺ ജെട്ടിയിലേക്കു പോകണം. എം.വി. കവരത്തിയിൽ യാത്ര ചെയ്യാനുള്ളവരും യാത്രയാക്കാൻ വന്നവരും. ലക്ഷദ്വീപു നിവാസികളും മലയാളികളുൾപ്പെടെ ഇന്ത്യക്കാരും വിദേശികളുമൊക്കെയുണ്ട്.എം.വി. കവരത്തി എന്ന കൂറ്റൻകപ്പൽ ഒരു കിലോമീറ്ററകലെ ഞങ്ങളെ നോക്കിക്കിടന്നിരുന്നു. വലിയ കപ്പലായതിനാൽ ജെട്ടിയിലേക്ക് അടുത്തുവരില്ല. ഇവിടെ കടലിന് ആഴം കുറവാണ്. സ്വിമ്മിങ് പൂളും ഇതര സൗകര്യങ്ങളുമുള്ള കവരത്തിക്കപ്പലിൽ കയറണമെങ്കിൽ ചെറുബോട്ടിൽ യാത്ര ചെയ്യണം. ഇരുപതു പേരെ വീതം ചെറുബോട്ടിലാക്കി കവരത്തിയിൽ കൊണ്ടാക്കുന്ന കാഴ്ച.

ഫൈബർ ബോട്ടിൽ കയറിയപ്പോൾ പേടി തോന്നാതിരുന്നില്ല. ആ വലിയ ഫൈബർ സ്പീഡ് ബോട്ട് കടലിലൂടെ തെന്നിത്തെന്നി നീങ്ങി. ഞങ്ങളൊക്കെ കവരത്തിയുടെ ഫസ്റ്റ് ഡെക്കിൽ കയറിയതോടെ കപ്പലിന്റെ വലിയ ഡോർ തുറക്കപ്പെട്ടു. ഞങ്ങൾ കപ്പലിലിലേക്കു പ്രവേശിച്ചു. പല ഡെക്കുകളിലായി വിശാലമായ ഹാളുകളിലായി മുറികളിലായി, ഇടനാഴികളിലായി കവരത്തി അങ്ങനെ നീണ്ടുനിവർന്നു കിടക്കുന്നു. യാത്രക്കാർ അവരവരുടെ വഴിക്കു നീങ്ങി. ഞങ്ങൾ ഒരു ഗ്രൂപ്പായി എത്തിയെങ്കിലും പിന്നീടതു മുറിഞ്ഞു. പലരും പല വഴികൾ.

കപ്പൽ സാവധാനം നീങ്ങിക്കഴിഞ്ഞു. യാത്രയുടെ കപ്പൽച്ചാൽ തെളിഞ്ഞില്ല. അതിനിടയിൽ അടുത്ത കടമ്പ! യാത്രക്കാരൊക്കെ കപ്പലിന്റെ ഇരുവശങ്ങളിലായി ഉദ്വേഗമണിഞ്ഞു നിലയുറപ്പിച്ചുകഴിഞ്ഞു.


ഇനി?... കടലലകൾ ഉയരുന്നു! ഉത്കണ്ഠയും! അതിലേറെ വിശപ്പും.

(തുടരും)









കവിത

വി.പി. ജോൺസ്

## വാക്കുകളുടെ വ്യാജമുദ്രകൾ

മെടയാൻ തൂവലുകളില്ലാത്ത വാക്കുകൾ
പൊന്നുടയതേ, അടിയന്റെ തടിയിൽ
അളവുകളുടെ മുഴക്കോലുകൾ വച്ചളക്കരുതേ.
പുഴയ്ക്കു ചുണ്ടുകളിൽ തേറ്റ മുളച്ചുവെന്നോ?
ആഴിക്കെന്തിനാണു ഹേ കരമീശ?
നാനാജാതി പക്ഷിമൃഗാദികൾക്കും നരർക്കും
നാണമില്ലായ്മകൊണ്ടാണത്രേ പുടമുറി!
വരാൽ വഴുക്കുന്നതുപോലെയാണുപോൽ
വരേണ്യവർഗത്തിന്റെ ഭാഷ!
നാട്ടുകൂട്ടത്തിന്റെയാട്ടേ നഞ്ചുകലക്കിയതുകണക്കും!
ഇപ്രകാരമത്രേ മലയാളം മുൻഷിയുടെ പഴമൊഴി.
അച്ചങ്ങാതിക്ക് (പഴയ ആളാണു കേട്ടോ)
മലയാളവുമറിയില്ല ഇംഗ്ലീഷുമറിയില്ല,
പിന്നെയല്ലേ ഗോസായി ഭാഷ?
നീണ്ടും ഉരുണ്ടും വക്രിച്ചും വഴിപിഴച്ചും
വംശനാശം വന്നുപോയ മര്യാദാവരികൾ
"നീയൊന്നമറാതെയിരിക്കുന്നുണ്ടോ
നിത്യേനയുള്ള ഈ വായ്പാട്ട്?"
ധാരണകളപ്പാടെ തെറ്റിദ്ധാരണകളാണുപോൽ.
ഏതു കൊഞ്ഞാണനാണങ്ങനെ ഉരിയാടിക്കളഞ്ഞത്?
പുള്ളിയെപ്പിടിച്ച് മുക്കാലിയിൽ കെട്ടി
പള്ളയ്ക്കിട്ടു പത്തു തുടം പൂശു കൊടുക്കണം.
മുത്ത്യമ്മേടെ പുന്നാരമുത്തല്ലേ?
മുതുക്കിയമ്മ സോപ്പിടുകയാണ്!
മുറുക്കാൻ ചെല്ലത്തിലിടാൻ
അടയ്ക്കയുരലിൽ അടയ്ക്കയിട്ടു ഇടിച്ചുകൊടുക്കാൻ
മൂന്നുംകൂട്ടി മുറുക്കാൻ, തള്ളയ്ക്കു കൊതി!
ദീപസ്തംഭം മഹാശ്ചര്യം
നമുക്കും കിട്ടണമവകാശം.




**നവംബർ 14**
**പള്ളിക്കൂദാശ**
**മൂന്നാം ഞായർ**

**സംഖ്യ 9:15-18**
**ഏശ 54:1-10**
**ഹെബ്രാ 9:5-15**
**യോഹ 2:13-22**

# ഈശോമിശിഹാ ദൈവമഹത്ത്വവും യഥാർത്ഥ പുരോഹിതനും




**ഫാ. ഡോ. ജോസഫ് കരികുളം**

സമാഗമകൂടാരത്തെയും അതിനെ ആവരണം ചെയ്ത ദൈവമഹത്ത്വത്തിന്റെ മേഘത്തെയും കുറിച്ചും അതിനോടു ചുറ്റിപ്പറ്റി ഇസ്രായേൽ ജനത്തിന്റെ ജീവിതക്രമം എങ്ങനെ ചിട്ടപ്പെടുത്തപ്പെട്ടു എന്നുമാണ് സംഖ്യയുടെ പുസ്തകത്തിൽനിന്നുള്ള ഒന്നാം വായനയിൽ നാം കാണുന്നത് (സംഖ്യ 9:15-18). പള്ളിക്കൂദാശക്കാലം ഒന്നാം ഞായറാഴ്ച തന്നെ ദൈവാലയത്തിൽ നിറഞ്ഞുനില്ക്കുന്ന കർത്താവിന്റെ വസ്ത്രാഞ്ചലത്തെപ്പറ്റി നാം ധ്യാനിച്ചിരുന്നു: "അവിടുത്തെ വസ്ത്രാഞ്ചലം ദൈവാലയം മുഴുവൻ നിറഞ്ഞുനിന്നു" (ഏശ. 6:1). ഈശോയുടെ രൂപാന്തരീകരണവേളയിൽ സന്നിഹിതരായിരുന്നവരെ ഒരു ശോഭയേറിയ മേഘം വന്ന് ആവരണം ചെയ്യുന്നത് നമ്മൾ കാണുന്നുണ്ട് (മത്താ. 17:5).

ഇസ്രായേലിനെ നയിക്കുന്നതിനായി പകൽ മേഘത്തൂണും രാത്രി അഗ്നിസ്തംഭവുമായി (സംഖ്യ 9:16) ദൈവത്തിന്റെ ആത്മാവ് നിരന്തരം അവരോടുകൂടെ വസിച്ചു. ദൈവാത്മാവിന്റെ ഇച്ഛകൾക്കനുസരിച്ചായിരുന്നു ഇസ്രായേൽജനത്തിന്റെ ചലനം. മേഘത്തോടൊത്തു ചലിക്കുന്ന ഇസ്രായേൽജനം ദൈവത്തോടൊത്തു ചലിക്കുന്നത്, ദൈവത്തെ അനുസരിക്കയാണ് എന്ന വ്യാഖ്യാനം വളരെ മനോഹരമാണ്. ദൈവത്തോടൊത്തു നടക്കാൻ ഇസ്രായേൽ ജനം ശീലിക്കുന്നു. "മേഘം കൂടാരത്തിൽ നിന്ന് ഉയരുമ്പോൾ ജനം യാത്രതിരിക്കും" (9:17 a).

"കർത്താവിന്റെ കല്പനയനുസരിച്ച് ഇസ്രായേൽ യാത്ര പുറപ്പെട്ടു" (9:18 a), 'മേഘം നിൽക്കുന്നിടത്ത് അവർ പാളയമടിക്കും' (9:17 b)'അവിടുത്തെ കല്പനപോലെ അവർ പാളയമടിച്ചു' (9:18 b) എളുപ്പമുള്ള കാര്യമല്ല കർത്താവിന്റെ നീക്കമനുസരിച്ച് ജനം പിന്തുടരാൻ! പക്ഷേ, ഇസ്രായേൽ ജനം അതു പരിശീലിച്ചിരിക്കുന്നു.

ദൈവമഹത്ത്വം സമാഗമകൂടാരത്തിൽ മാത്രം ഒതുങ്ങിനില്ക്കുന്നതല്ല. കൂടാരത്തെ എന്തുമാത്രം വിസ്തൃതമാക്കുന്നുവോ അത്രമാത്രം ദൈവമഹത്ത്വവും വ്യാപിക്കുമെന്ന് ഏശയ്യാ പ്രവാചകനിലൂടെ ദൈവം വാഗ്ദാനം ചെയ്യുന്നു (ഏശ. 54:1-10). "നിന്റെ കൂടാരം വിസ്തൃതമാക്കുക; അതിലെ തിരശ്ശീലകൾ വിരിക്കുക; കയറുകൾ ആവുന്നത്ര അയച്ചു നീളം കൂട്ടുക, നീ ഇരുവശത്തേക്കും അതിരുഭേദിച്ചു വ്യാപിക്കും" (54:2). കൂടാരം വിസ്തൃതമാകുമ്പോൾ അതിൽ പ്രവേശിക്കുന്നവരുടെ എണ്ണവും വർദ്ധിക്കുമെന്നത് സ്പഷ്ടമാണല്ലോ. സമാഗമകൂടാരം എന്ന പരിധിവിട്ട് ഇസ്രായേൽ ജനത്തെ മുഴുവൻ ഒരൊറ്റ കൂടാരമായിക്കണ്ട് അവരെ മുഴുവൻ തന്റെ മഹത്ത്വത്തിൽ ഉൾക്കൊള്ളിക്കാൻ ദൈവമാഗ്രഹിക്കുന്നു.



ദൈവത്തോടു ചേർന്നുനില്ക്കുകയും അവിടുത്തോടൊപ്പം നടക്കുകയും അവിടുന്നു നില്ക്കുമ്പോൾ നില്ക്കുകയും അവിടുത്തെ മഹത്ത്വത്തിൽ ആയിരിക്കുകയും ചെയ്യുമ്പോഴാണ് ഇസ്രായേലിനു സമാധാനം ലഭിക്കുന്നത്. അല്ലാത്തപ്പോൾ അവരുടെയിടയിൽത്തന്നെ പ്രശ്നങ്ങളും യുദ്ധങ്ങളിൽ പരാജയവും ഉണ്ടാകുന്നു.

സമാഗമകൂടാരത്തിന്റെ ഉള്ളിൽത്തന്നെയുണ്ടായിരുന്ന രണ്ടു തിരിവുകളെക്കുറിച്ചും ഈശോമിശിഹാ ആ വേർതിരിവുകൾ എല്ലാം മാറ്റി ദൈവാലയത്തെ തന്നിലേക്കു കേന്ദ്രീകരിച്ചത് എങ്ങനെയെന്നും ഹെബ്രായലേഖനം പ്രതിപാദിക്കുന്നു (ഹെബ്രാ. 9:9-15). ആദ്യകൂടാരത്തിൽ പുരോഹിതന്മാർ എല്ലാ സമയത്തും പ്രവേശിച്ചു ശുശ്രൂഷ ചെയ്തിരുന്നു (9:6). രണ്ടാമത്തെ കൂടാരത്തിൽ പ്രധാന പുരോഹിതൻ മാത്രം കയറുന്നു; അതും ആണ്ടിലൊരിക്കൽ മാത്രം (9:7). ഇങ്ങനെ മറ്റു പുരോഹിതർ നിത്യവും, പ്രധാന പുരോഹിതർ ആണ്ടിലൊരിക്കലും അർപ്പിക്കുന്ന ബലികൾ ആടുകളെയോ കാളക്കിടാങ്ങളെയോ ധാന്യമോ ആയിരുന്നു. അതായത്, തങ്ങളുമായി യാതൊരു ആത്മീയബന്ധവുമില്ലാത്ത ബലികളാണ് അവർ അർപ്പിച്ചിരുന്നത്. ബലിവസ്തുക്കളോ ബലിയർപ്പകരോ ആയി അവർ മാറുന്നില്ല. ജനങ്ങൾ ബലിയർപ്പിക്കുന്നതിനുവേണ്ടി കൊണ്ടുവരുന്ന ബലിവസ്തുക്കളെ കൈകാര്യം ചെയ്യുന്ന പരികർമികൾ മാത്രമായി പുരോഹിതർ. എന്നാൽ, ഈശോമിശിഹാ ഒരേസമയം യഥാർത്ഥ ബലിയർപ്പകനും ബലിവസ്തുവുമായി. സ്വന്തം രക്തം ദൈവത്തിനു സമർപ്പിക്കുന്നതുവഴി ഈശോമിശിഹാ യഥാർത്ഥത്തിൽ മനുഷ്യവംശത്തെ വിശുദ്ധീകരിക്കുന്നു.

ദൈവാലയത്തെ ഈശോ പിതാവിന്റെ ആലയമായാണു കാണുന്നത് (യോഹ. 2:13-22). ദൈവമഹത്ത്വം നിറഞ്ഞിരിക്കുന്ന സമാഗമകൂടാരം ജറൂസലേം ദൈവാലയമായി വളരുന്ന നീണ്ട കാലഘട്ടത്തിനിടയിൽ ഇസ്രായേൽജനവും ദൈവശാസ്ത്രപരമായ ഒരു വളർച്ച പ്രാപിക്കുന്നുണ്ട്. ദൈവത്തിന്റെ തിരഞ്ഞെടുത്ത ജനമായി ഇസ്രായേൽജനത്തിനു തങ്ങളെത്തന്നെ സ്ഥാപിക്കാനായത് ഈ കാലഘട്ടത്തിലാണ്. ദൈവം തങ്ങളുടെകൂടെയുണ്ട് എന്ന് ഇസ്രായേൽജനത്തിനു ബോധ്യമായതും ഈ കാലഘട്ടത്തിലാണ്. ദൈവമഹത്ത്വം നിറഞ്ഞുനില്ക്കുന്ന കൂടാരത്തെ വിസ്തൃതമാക്കി തങ്ങളെത്തന്നെ അതിനകത്ത് ഉൾക്കൊള്ളിച്ചില്ലെങ്കിൽ ദൈവത്തോടൊപ്പം പങ്കുപറ്റുവാൻ ജനം യോഗ്യരായിരിക്കുകയില്ലെന്ന് പ്രവാചകന്മാർ ജനത്തെ നിരന്തരം ഓർമിപ്പിക്കുന്നുണ്ട് (ഏശ. 54:2).

സമാഗമകൂടാരം ചെറുതായിരുന്നപ്പോഴും വലിയ ജറുസലേം ദൈവാലയത്തിലേക്കു വാഗ്ദാനപേടകവും ആരാധനയും മാറിയപ്പോഴും ദൈവമഹത്ത്വം തുല്യമായിരുന്നു. പക്ഷേ, സമാഗമകൂടാരത്തിനു കൊടുത്തിരുന്ന ആദരം പോലെ വലിയ ജറൂസലേം ദൈവാലയത്തിലെ ദൈവമഹത്ത്വത്തിന് ആദരവു കിട്ടിയിരുന്നില്ലെന്നുവേണം ഈശോയുടെ പ്രവൃത്തിയിൽനിന്നു മനസ്സിലാക്കാൻ. ദൈവമഹത്ത്വം നിറഞ്ഞിരിക്കുന്ന ദൈവാലയത്തിനു കൊടുക്കേണ്ട ആദരം നല്കുകതന്നെ ചെയ്യണമെന്ന് ഈശോ ഓർമപ്പെടുത്തുന്നുണ്ട്.

കർത്താവിന്റെ മഹത്ത്വം നിറഞ്ഞിരിക്കുന്ന മേഘത്തിന്റെ ചലനത്തെ ഇസ്രായേൽജനം കർത്താവിന്റെ അരുളപ്പാടുകളായി വ്യാഖ്യാനിക്കുന്ന (പുറ. 9:17-18) വിശ്വസ്തതയുടെയും അനുസരണത്തിന്റേതുമായ അവസ്ഥയിൽനിന്ന്, അവിടുത്തെ മഹത്ത്വം തുല്യമായി നിറഞ്ഞിരിക്കുന്ന ദൈവാലയത്തിൽ അനാദരണീയമായ കച്ചവടങ്ങൾവരെ നടത്തുന്നതിലേക്ക് ഇസ്രായേൽ ജനം അധഃപതിച്ചു എന്നതാണ് സമാഗമകൂടാരം ജറൂസലേം ദൈവാലയമായ വലിയ വളർച്ചയിലും ഇസ്രായേൽ ജനത്തിനുണ്ടായ തളർച്ച. അതായത്, ദൈവാലയം വലുതും വിസ്തൃതവും ആയെങ്കിലും യഥാർത്ഥത്തിൽ വിസ്തൃതമാകേണ്ടിയിരുന്ന, ദൈവമഹത്ത്വത്തെ സ്വീകരിക്കേണ്ടിയിരുന്ന ഇസ്രായേലിന്റെ സ്വത്വബോധം അങ്ങനെ ചെയ്തില്ല എന്നു സാരം. അതുകൊണ്ടുതന്നെ തെറ്റായ ആശയത്തിൽ വ്യാപരിക്കുന്ന ഇസ്രായേൽ ജനത്തെ യഥാർത്ഥ ദൈവമഹത്ത്വം പ്രാപിക്കുന്നതിനു യോഗ്യരാക്കുക എന്നതാണ് ഈശോ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി.

തന്റെ ശരീരമാകുന്ന ദൈവാലയത്തെ ജറൂസലേം ദൈവാലയത്തിന്റെ സ്ഥാനത്തു പ്രതിഷ്ഠിച്ചുകൊണ്ടാണ് ദൈവമഹത്ത്വത്തിന്റെ നൂതനമായ ആവിർഭാവത്തെ ഈശോ പ്രഖ്യാപിക്കുന്നത്. സമാഗമകൂടാരം സ്ഥാപിച്ച ദിവസം അതിനെ ആവരണം ചെയ്ത ആത്മാവിന്റെ മഹത്ത്വം ഈശോയുടെ മാമ്മോദീസായിലും രൂപാന്തരീകരണത്തിലും പ്രത്യക്ഷപ്പെട്ടുകൊണ്ട് ഈശോയുടെ ഈ ദൗത്യത്തെ സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ, ദൈവാലയത്തിലെ ദൈവമഹത്ത്വത്തെ മനസ്സിലാക്കുകയോ അതിനർഹമായ ആദരവു കൊടുക്കുകയോ ചെയ്യാത്ത ഇസ്രായേൽജനം ദൈവമഹത്ത്വത്തിന്റെ പുതിയ ആവിർഭാവത്തെയും അംഗീകരിക്കുകയില്ലെന്നത് സ്പഷ്ടമാണല്ലോ.

പഴയനിയമസമാഗമകൂടാരത്തിൽ നിറഞ്ഞുനിന്ന ദൈവമഹത്ത്വം (സംഖ്യ 9:15-18) ജറൂസലേം ദൈവാലയത്തിൽ വിസ്തൃതമാകുകയും (ഏശ 54:2) ഇസ്രായേലിനെ മുഴുവൻ ഉൾക്കൊള്ളാൻ തക്കവിധം തയ്യാറാവുകയും ചെയ്തു. എന്നാൽ അനാദരണീയമായ വിധത്തിൽ ഇസ്രായേൽ ജനം ദൈവമഹത്ത്വത്തോടു പെരുമാറി (യോഹ. 2:14). അതുകൊണ്ടുതന്നെ ദൈവമഹത്ത്വത്തിന്റെ പുതിയനിയമസാക്ഷാത്കാരമായ ഈശോമിശിഹായെയും അവർ സ്വീകരിച്ചില്ല (ഹെബ്രാ. 9:11) (യോഹ. 2:20). എന്നാൽ, ഈശോമിശിഹാ മഹത്ത്വത്തോടെ വസിക്കുന്ന അവിടുത്തെ ശരീരമാകുന്ന സഭയിൽ അവയവങ്ങളായ നമുക്കോരോരുത്തർക്കും ആ മഹത്ത്വത്തെ സ്വീകരിക്കാം. അങ്ങനെ അവൻ തന്റെ ശരീരമാകുന്ന സഭയെ മഹത്ത്വപ്പെടുത്തുമ്പോൾ അവളോടൊപ്പം നമ്മളും ആ മഹത്ത്വത്തിൽ പങ്കുകാരാകും.

■

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന



പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്കു ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലെന്ന് ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാനാഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു യാചിക്കുന്നു. (കാര്യം പറയുക...)

**ലെസ്‌ലി**

# പസഫിക് മേഖലയിൽ പടയൊരുക്കം



തോമസ് കുഴിഞ്ഞാലിൽ

സ്വതന്ത്രരാഷ്ട്രമായ തയ്‌വാനെ ച്ചൊല്ലി ചൈനയും അമേരിക്കയും തുടരുന്ന വാക്പോരും പ്രകോപനപരമായ സൈനികനീക്കങ്ങളും ലോകരാഷ്ട്രങ്ങൾ ആശങ്കയോടെയാണു വീക്ഷിക്കുന്നത്. തയ്‌വാൻ തങ്ങളുടെ രാജ്യത്തിന്റെ അവിഭാജ്യഘടകമാണെന്നും അതിനെ സ്വന്തമാക്കാൻ തങ്ങൾ പ്രതിജ്ഞാബദ്ധമാണെന്നും ചൈനീസ് പ്രസിഡന്റ് ഷീ ചിൻപിങ്. തയ്‌വാനെ ബലമായി പിടിച്ചെടുക്കാൻ ശ്രമിക്കുന്നപക്ഷം അതിന്റെ രക്ഷയ്ക്കുവേണ്ടി യുദ്ധത്തിനിറങ്ങാനും മടിക്കില്ലെന്ന് യു.എസ്. പ്രസിഡന്റ് ജോ ബൈഡൻ.

താരതമ്യേന സമാധാനം നിലനിന്നിരുന്ന പസഫിക് മേഖല യുദ്ധഭൂമിയായി മാറുമോയെന്ന ഭയമാണു മുന്നിൽ. പസഫിക് സമുദ്രത്തിന്റെ പടിഞ്ഞാറേ ഭാഗത്തുള്ള തെക്കൻ ചൈനാക്കടൽ മുഴുവനും തങ്ങളുടേതു മാത്രമാണെന്നും തയ്‌വാനെ തങ്ങളുടെ രാജ്യത്തോടു ചേർക്കുമെന്നും ദൃഢനിശ്ചയം ചെയ്തിരിക്കുകയാണ് ഷീ ചിൻപിങ്. തയ്‌വാനുമായുള്ള പ്രശ്നങ്ങൾ തങ്ങളുടെ ആഭ്യന്തരകാര്യമാണെന്നും മറ്റു രാജ്യങ്ങൾ ഇക്കാര്യത്തിൽ ഇടപെടുന്നത് ഗുരുതരമായ പ്രത്യാഘാതങ്ങൾക്കിടയാക്കുമെന്നും മുന്നറിയിപ്പു നൽകാനും ഷീ ചിൻപിങ് മറന്നില്ല.

"ഈ ലോകത്ത് ഒരു ചൈനയേയുള്ളൂ. തയ്‌വാനും ചൈനീസ് ഭൂപ്രദേശമാണ്. ഏതെങ്കിലും രാജ്യവുമായി കരാറുകളിലേർപ്പെടുന്ന തയ്‌വാന്റെ നടപടികളോടു യോജിക്കാനാവില്ല. ചൈനയുടെ ഏകീകരണമാണ് തങ്ങളുടെ ലക്ഷ്യം. 'നിഷേധി' എന്നു മുദ്രകുത്തപ്പെട്ട തയ്‌വാനെ ഞങ്ങളോടൊപ്പം വിളക്കിച്ചേർക്കുന്ന പ്രക്രിയ പൂർത്തിയാക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്." ക്വിങ് രാജഭരണം അവസാനിപ്പിച്ച 1911 ലെ ജനാധിപത്യ വിപ്ലവത്തിന്റെ 110-ാം വാർഷിക വേളയിൽ ഷീ ചിൻപിങ്ങിന്റെ പ്രഖ്യാപനമാണിത്. തയ്‌വാനുമായുള്ള പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കാനാണ് തങ്ങൾ ആഗ്രഹിക്കുന്നതെന്നും അന്താരാഷ്ട്രനിയമങ്ങളുടെ സംരക്ഷകരും സമാധാനപ്രിയരുമാണ് തങ്ങളെന്നും ഷീ വീമ്പിളക്കി. കാലാവസ്ഥാവ്യതിയാനം, ഭീകരപ്രവർത്തനങ്ങൾ, വിഭാഗീയത തുടങ്ങിയ പ്രശ്നങ്ങൾക്കെതിരേ ഇതരരാജ്യങ്ങളോടു ചേർന്നു പോരാടാൻ തന്റെ രാജ്യം തയ്യാറാണെന്നും അദ്ദേഹം പറഞ്ഞു. ചൈനയുടെ ഏകീകരണവും ഉയിർത്തെഴുന്നേല്പുമാണ് തങ്ങളുടെ ലക്ഷ്യമെന്നും തയ്‌വാനുമായുള്ള പ്രശ്നങ്ങൾ സമാധാനപരമായി തീർക്കാനാവില്ലെങ്കിൽ ബലം പ്രയോഗിക്കാനും മടിക്കില്ലെന്നും ഷീ സൂചിപ്പിച്ചു.

"ചൈന തയ്‌വാനെ ആക്രമിക്കുകയാണെങ്കിൽ ഒരു സഖ്യകക്ഷിയെന്ന നിലയിൽ അവരെ രക്ഷിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ഏഷ്യയിലെയും ആഫ്രിക്കയിലെയും യൂറോപ്പിലെയും സുഹൃദ് രാജ്യങ്ങളുടെ സുരക്ഷയും പ്രധാനമാണ്." തയ്‌വാനു നേരേയുള്ള ചൈനയുടെ ഭീഷണിയെക്കുറിച്ചുള്ള മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്ക് യു.എസ്. പ്രസിഡന്റ് ജോ ബൈഡൻ നൽകിയ മറുപടിയാണിത്. അഫ്ഗാനിസ്ഥാനിൽനിന്നുള്ള സേനാപിന്മാറ്റത്തെത്തുടർന്നുണ്ടായ അപ്രതീക്ഷിതതിരിച്ചടിയിൽനിന്നു രാജ്യാന്തരശ്രദ്ധ തിരിച്ചുവിടാനുള്ള ബൈഡന്റെ പിടിവള്ളികൂടിയാണ് തയ്‌വാൻ പ്രശ്നം.


"തയ്‌വാനെ ചൈനയോടു ചേർക്കാനുള്ള സമ്മർദതന്ത്രങ്ങൾകൊണ്ട് ഞങ്ങളെ മുട്ടുകുത്തിക്കാനാവില്ല. ഇവിടത്തെ 2.30 കോടി ജനങ്ങളെ ബലം പ്രയോഗിച്ചു കീഴടക്കാമെന്ന ചൈനയുടെ വ്യാമോഹം വെറും ദിവാസ്വപ്നമാണ്. ഏകാധിപതിയായ ഷീ ചിൻപിങ്ങിന്റെ ഇംഗിതത്തിനു വഴങ്ങിയാൽ രാജ്യത്തെ ജനാധിപത്യം ഇല്ലാതാകും. സ്വാതന്ത്ര്യവും നീതിയുക്തവും സമാധാനപൂർണവുമായ ഒരു ജീവിതമാണ് ഞങ്ങളാഗ്രഹിക്കുന്നത്. ഹോങ്കോങ്ങിലെ ജനങ്ങളനുഭവിക്കുന്ന കഷ്ടപ്പാടുകൾ ഞങ്ങളുടെ കൺമുമ്പിലുണ്ട്." ഒക്ടോബർ 10-ാം തീയതിയിലെ ദേശീയദിനാചരണത്തോടനുബന്ധിച്ച് തയ്‌വാൻ പ്രസിഡന്റ് സായ് ഇംഗ്‌വെൻ പ്രക്ഷേപണം ചെയ്ത സന്ദേശത്തിന്റെ കാതലാണിത്. ബലപ്രയോഗത്തിലൂടെ തങ്ങളെ കീഴടക്കി ഭരിക്കാനുള്ള ചൈനീസ് നേതൃത്വത്തിന്റെ നീക്കങ്ങളെ ധൈര്യപൂർവം ചെറുത്തുനില്ക്കാനും ജനാധിപത്യമൂല്യങ്ങളെ മുറുകെപ്പിടിക്കാനും അവർ ജനങ്ങളോട് ആഹ്വാനം ചെയ്തു.

ഡെമോക്രാറ്റിക് പ്രോഗ്രസീവ് പാർട്ടി നേതാവായിരുന്ന സായ് ഇംഗ്‌വെൻ 2016 ൽ പ്രസിഡന്റായി അധികാരമേറ്റശേഷം ശത്രുതാമനോഭാവത്തോടെയാണ് ചൈനീസ് നേതൃത്വം അവരോടു പെരുമാറിയിരുന്നത്. അഞ്ചുവർഷത്തെ സദ്ഭരണത്തിനുശേഷം 2020 ൽ വീണ്ടും പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത് ശത്രുത ഇരട്ടിക്കാനും കാരണമായി. ജനസംഖ്യയിൽ ഭൂരിഭാഗം വരുന്ന ചെറുപ്പക്കാർക്കിടയിൽ സായ് പ്രിയങ്കരിയാണ്. തദ്ദേശീയരിൽ ഏറെപ്പേരും സായിയുടെ പാർട്ടിക്കൊപ്പമാണ്.

**തയ്‌വാനു ചുറ്റും യുദ്ധവിമാനങ്ങൾ**

തയ്‌വാന്റെ വ്യോമപ്രതിരോധമേഖലയിലേക്കു കഴിഞ്ഞ മാസം ഒന്നാം തീയതി 38 യുദ്ധവിമാനങ്ങളയച്ചു ഭയപ്പെടുത്താൻ ചൈന ഒരുമ്പെട്ടത് അന്തരീക്ഷം കലുഷിതമാക്കിയ സംഭവങ്ങൾക്കു തുടക്കമിട്ടു. തുടർന്ന് രണ്ടാം തീയതി 39 ഉം നാലാം തീയതി 56 ഉം യുദ്ധവിമാനങ്ങൾ തയ്‌വാന്റെ വ്യോമാതിർത്തി കടന്നുവന്നതോടെ സംഘർഷം ഇരട്ടിച്ചു. ജെ 16, എസ്‌യു 30 തുടങ്ങിയ പോർവിമാനങ്ങളോടൊപ്പം അണ്വായുധവാഹകരായ എച്ച് 6 ബോംബർ വിമാനങ്ങളുമുണ്ടായിരുന്നതായി പ്രതിരോധ മന്ത്രാലയം വെളിപ്പെടുത്തി. കഴിഞ്ഞ 40 വർഷങ്ങൾക്കിടയിലെ ഏറ്റവും വലിയ പ്രതിസന്ധിയാണു തങ്ങൾ നേരിടുന്നതെന്ന് തയ്‌വാൻ പ്രതിരോധ മന്ത്രി ചിയു കുവോ-ചെങ്ങ് പറഞ്ഞു. തയ്‌വാനെയും അവരെ പിന്തുണയ്ക്കുന്ന പാശ്ചാത്യരാജ്യങ്ങളെയും തങ്ങളുടെ സൈനികബലം ബോധ്യപ്പെടുത്തുന്നതിനായിരുന്നു ചൈനയുടെ അഭ്യാസപ്രകടനങ്ങൾ എന്നു കരുതപ്പെടുന്നു. ഏതു നേരവും എവിടെയും ഏതുവിധേനയും ശത്രുരാജ്യങ്ങളെ ആക്രമിക്കാനും കീഴടക്കാനും തങ്ങൾക്കാകുമെന്നറിയിക്കാനും ഉദ്ദേശ്യമുണ്ടായിരിക്കാം. തദ്ദേശീയമായി വികസിപ്പിച്ചെടുത്ത സി എച്ച് 6 ഇനം മിസൈൽവാഹകരായ ഡ്രോണുകൾ ചൈനീസ് വ്യോമതാവളങ്ങളിൽ യുദ്ധസജ്ജമാണെന്ന് അന്വേഷണവിഭാഗം കണ്ടെത്തിയിട്ടുണ്ട്. 20.50 മീറ്റർ നീളമുള്ള ചിറകുകളോടുകൂടിയ ഇത്തരം ഡ്രോണുകളുടെ വിന്യാസവും തയ്‌വാനെയും സഖ്യകക്ഷികളെയും ബുദ്ധിമുട്ടിലാക്കുന്നുണ്ട്. കഴിഞ്ഞവർഷം സെപ്റ്റംബറിനുശേഷം 800 തവണയെങ്കിലും ചൈനയുടെ ബോംബർ വിമാനങ്ങൾ തയ്‌വാന്റെ വ്യോമപ്രതിരോധമേഖലയിലെത്തിയിട്ടുണ്ടെന്നും കണ്ടെത്തി.





**തയ്‌വാൻ കടലിടുക്ക് യുദ്ധക്കളമായി മാറും**

തയ്‌വാനുനേരേ ചൈനയുടെ ആക്രമണമുണ്ടായാൽ ഏറ്റുമുട്ടലുകളുടെ സിരാകേന്ദ്രം തയ്‌വാൻ കടലിടുക്കായിരിക്കും. ആണവമിസൈലുകൾ പേറുന്ന അന്തർവാഹിനികളും യുദ്ധക്കപ്പലുകളും കടലിടുക്കിലും തയ്‌വാൻദ്വീപിനു ചുറ്റും റോന്തുചുറ്റുകയാണ്. ചൈനാവൻകരയ്ക്കും തയ്‌വാനുമിടയിലുള്ള ഇടുങ്ങിയ കടലിടുക്ക് അന്തർദേശീയ ജലപാതയാണ്. യാത്രക്കപ്പലുകളും ചരക്കുകപ്പലുകളുമായി നൂറുകണക്കിനു യാനങ്ങളാണ് ഈ ജലപാത ഉപയോഗിക്കുന്നത്. അമേരിക്കയുടെ യു എസ് എസ് റൊണാൾഡ് റെയ്ഗണും, യു എസ് എസ് കാൾ വിൻസണും ബ്രിട്ടന്റെ എച്ച്എം എസ് റിച്ച്മണ്ട്, എച്ച് എം എസ് എന്റർപ്രൈസ് എന്നീ വിമാനവാഹിനിക്കപ്പലുകളും തയ്‌വാൻ കടലിടുക്കിനടുത്തുണ്ട്. ഓസ്ട്രേലിയ, കാനഡ, ഫ്രാൻസ് എന്നീ രാജ്യങ്ങളുടെ യുദ്ധക്കപ്പലുകളും ഇതുവഴി കടന്നുപോകുന്നു. ചൈനീസ് നേവിയുടെയും വ്യോമസേനയുടെയും ഒരു വ്യൂഹം എച്ച് എം എസ് റിച്ച്മണ്ടിനെ പിന്തുടർന്ന് മുന്നറിയിപ്പു നൽകിയത് അടുത്തിടയാണ്. ചൈനയെ ഭയന്ന്, അമേരിക്കയല്ലാതെ ഒരു വൻശക്തിരാഷ്ട്രവും തയ്‌വാൻ കടലിടുക്കിലൂടെ യാത്ര ചെയ്യാൻ ഇതുവരെ ധൈര്യപ്പെട്ടിരുന്നില്ല. പാശ്ചാത്യ രാജ്യങ്ങളുടെ കൂട്ടത്തോടെയുള്ള സേനാവിന്യാസം തയ്‌വാൻ കടലിടുക്കിലും തെക്കൻ ചൈനാക്കടലുൾപ്പെടെയുള്ള പസിഫിക് മേഖലയിലും സമാധാനവും സുസ്ഥിരതയും തകർക്കുമെന്നാണ് ചൈനയുടെ പരാതി.

**വ്യാപാരമേഖല തകർന്നടിയും**

ആഴവും പരപ്പുമുള്ള സാമ്പത്തികവ്യാപാരബന്ധങ്ങളാണ് തയ്‌വാനും ചൈനയും തമ്മിലുള്ളത്. തയ്‌വാനിൽനിന്നുള്ള നിരവധി വ്യാപാരികളും വ്യവസായികളും ചൈനാവൻകരയിൽ നിക്ഷേപകരായുണ്ട്. വലിയ തോതിലുള്ള ഒരു യുദ്ധമുണ്ടായാൽ ലോകം മുഴുവനും പരന്നുകിടക്കുന്ന വിതരണശൃംഖലകൾ തകരും. ഇന്ത്യയുൾപ്പെടെ ഏഷ്യൻരാജ്യങ്ങളുടെ ഏറ്റവും വലിയ വ്യാപാരപങ്കാളിത്തമാണ് ചൈനയ്ക്കുള്ളത്. ഈ വർഷം ഓഗസ്റ്റ് വരെയുള്ള കണക്കുകൾ പരിശോധിച്ചാൽ 7,850 കോടി യു. എസ്. ഡോളറിന്റെ ഇടപാടുകൾ രണ്ടു രാജ്യങ്ങളുമായി ഇന്ത്യ നടത്തിയിട്ടുണ്ട്. ഫാർമസ്യൂട്ടിക്കൽ ഉത്പന്നങ്ങൾക്കുള്ള അസംസ്കൃതവസ്തുക്കൾപോലും ചൈനയിൽനിന്നാണ് ഇറക്കുമതി ചെയ്യുന്നത്. 2,239 വിദ്യാർഥികൾ തയ്‌വാനിൽ പഠിക്കുന്നുമുണ്ട്.

**അല്പം മുൻകാലചരിത്രം**

1911 ലെ ജനകീയ വിപ്ലവാനന്തരം രൂപപ്പെട്ട റിപ്പബ്ലിക് ഓഫ് ചൈന മാവോ സേതൂങ് നേതൃത്വം കൊടുത്ത പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈനയും ചിയാങ് കൈഷെക്കിന്റെ നേതൃത്വത്തിലുള്ള നാഷണലിസ്റ്റുപാർട്ടിയുമായി രണ്ടായി പിരിഞ്ഞത് 1949 ലെ ആഭ്യന്തരയുദ്ധത്തോടെയാണ്. കലാപത്തിൽ പരാജിതനായ ചിയാങ് കൈഷെക്കും അദ്ദേഹം രൂപംകൊടുത്ത ക്വാമിന്താങ് പാർട്ടിയിലെ അനുയായികളും തയ്‌വാനിലേക്കു പലായനം ചെയ്യുകയും ചൈനയുടെ യഥാർഥ അവകാശികൾ തങ്ങളാണെന്നു സ്വയം പ്രഖ്യാപിക്കുകയുമായിരുന്നു. തയ്‌വാനിലെ ജനസംഖ്യയിൽ ഭൂരിഭാഗംപേരും ചൈനയിൽനിന്നു കുടിയേറിയവരുടെ പിൻതലമുറക്കാരാണ്.

തയ്‌വാനുമായുള്ള തർക്കവിതർക്കങ്ങളിൽ പാശ്ചാത്യരാജ്യങ്ങൾ ഇടപെടുന്നത് തീക്കളിയായി മാറുമെന്ന കാര്യത്തിൽ സംശയമില്ല. 'ഇപ്പോഴത്തെ ലോകപോലീസുകാരൻ നീയല്ല, ഞാനാണ്' എന്ന അഹന്തയിലേക്കു ഷീ ചിൻപിങ് വളർന്നത് അപകടകരമായ അവസ്ഥയാണ്. സൈനികമായി ഇടപെട്ടിടങ്ങളിലെല്ലാം പരാജയം ഏറ്റുവാങ്ങിയ ചരിത്രമുള്ള അമേരിക്കയുടെ തന്ത്രങ്ങൾ ഇവിടെയും പിഴയ്ക്കാനുള്ള സാധ്യതയാണു കാണുന്നത്.

■

Deepanalam Weekly
RNI No : 16998/68
Vol. 54 No. 32 Date of Publication 4 November 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment


# ഉപ്പൂറ്റി-മുട്ട്-നടു-കഴുത്ത്-സന്ധിവേദനകൾ നീര്-ചിക്കുൻഗുനിയ-വാതം



## ഈ ലക്ഷണങ്ങൾ നിങ്ങൾക്കുണ്ടോ ?

നിൽക്കുമ്പോഴും നടക്കുമ്പോഴും ഉപ്പൂറ്റിയിലും മുട്ടിലും അസഹ്യമായ വേദന, തേയ്മാനം, കൈകാൽപ്പത്തികളിലും മുട്ടിലും അസഹ്യമായ വേദനയും തുടർച്ചയായും ഇടവിട്ടും നീർക്കെട്ട്, ചിക്കുൻഗുനിയ ബാധിതരിൽ പ്രത്യേകിച്ച് കൈ – കാൽപ്പത്തികളിൽ നീരും – കൈവിരലുകൾ മടക്കാനും നിവർക്കാനുമുള്ള ബുദ്ധിമുട്ട്– പ്രമേഹാനുബന്ധമായി കൈകൾ ഉയർത്താനാവാതെ ഉറച്ചുപോയ തോൾസന്ധികൾ, നട്ടെല്ലിന്റെ തെറ്റൽ, തള്ളൽ, തലയിൽനിന്ന് കഴുത്തിലൂടെ കൈകളിലേക്കു വ്യാപിക്കുന്ന നീരും വേദനയും (തലനീരിറക്കം) തുടങ്ങിയ രോഗങ്ങൾക്ക് **ഭരണങ്ങാനം മേരിഗിരി (IHM) ഹോസ്പിറ്റൽ ആയുർവ്വേദവിഭാഗത്തിൽ** വിദഗ്ധചികിത്സയും ഔഷധങ്ങളും **വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ, വിപുലമായ I.P., O.P. ഫാർമസി സൗകര്യങ്ങളോടുകൂടി.**

**ബുക്കിംഗിന് : 9526352321**









The First and the Best Printers in Pala, Estd. 1953

അത്യാധുനിക രീതിയിലുള്ള
മൾട്ടികളർ പ്രിന്റിംഗിന്
# സെന്റ് തോമസ് പ്രസ്
## പാലാ



KODAK TRENDSETTER CTP MACHINE
പാലായിൽ സെന്റ് തോമസ് പ്രസിൽമാത്രം

9496613275, 04822 212321
stpresspala@gmail.com
stpresspalai@gmail.com

MULTI-COLOUR OFFSET PRINTING & CTP
POSTER DESIGNING
DIGITAL LAZER PRINTING
BINDING
LAMINATION
SCREEN PRINTING
SEAL | WEDDING CARDS | PHOTOSTAT

- GRAPHIC DESIGN
- COMPOSITION
- FILE RE-WORK
- COMPLETE BINDERY
- PROMO PRODUCTS
- MANUALS
- ENVELOPES
- BUSINESS CARDS
- BROCHURES
- CARBONLESS FORMS
- DIGITAL COLOUR
- BLACK DIGITAL COPIES
- LARGE FORMAT PRINTING
- BANNERS
- FLYERS
- OFFICE FORMS
- CALENDAR
- DIARY
- POST CARDS
- LETTER HEADS


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org